www.malankaralibrary.com

# ബഥനി ശബ്ദം

Special Edition October 2025



## ഫാ. ജോർജ്ജ് തോമസ് കല്ലുങ്കൽ ഒ.ഐ.സി

31/01/1951 - 24/08/2025

ബഥാന്യൻ ലാളിത്യത്തിന്റെ മുഖമുദ്രയായ
വന്ദ്യ പുരോഹിത സമാധാനത്താലെ പോകുക
സ്വർഗീയമണവറയിൽ ഞങ്ങൾ അങ്ങയെ
കാണുമാറാകട്ടെ

www.malankaralibrary.com














www.malankaralibrary.com

# BETHANY SABDAM

139

OCTOBER 2025

**Editorial Board**

Fr. Jobin Kuriakose OIC (Chief Editor)

Fr. Thomas Prasobh Kolliyelil OIC

Fr. Thomas Pramod Palavilayil OIC

Fr. Ebin Thomas Panicker OIC

Fr. Mathew Praful Palanilkunnathil OIC

**Printed at**

Bethany Press, Kottayam - 686010
Ph: 0481 - 2571355
e-mail: bethanyktm@gmail.com

**Published from**

Bethany Ashram Generalate
P.B.No. 06, Vadavathoor P.O.,
Kottayam - 686 010, KERALA
Ph : 0481 - 2578494
(Monday - Saturday from 9.30 AM to 5.00 PM)
web : www.bethanyashram.net
e-mail : oic.infonews@gmail.com

*for Private Circulation Only*

www.malankaralibrary.com

# ഉൾത്താളുകളിൽ


| | | |
|---|---|---|
| സൗമ്യമായ ബഥാന്യൻ മുഖം | - ഫാ. ഗീവർഗീസ് കുറ്റിയിൽ ഒ.ഐ.സി. | 4 |
| ബഥാന്യൻ സന്ന്യാസ മാതൃക | - ഫാ. ജോർജ്ജ് അയ്യനേത്ത് ഒ.ഐ.സി. | 7 |
| ഒരു യഥാർത്ഥ ബഥാന്യൻ | - ഫാ. സിറിൽ ആനന്ദ് മോറോത്ത് ഒ.ഐ.സി. | 9 |
| ശ്രേഷ്ഠനായ സന്ന്യാസവര്യൻ | - മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ് | 11 |
| നിയോഗങ്ങൾ നിറവേറ്റിയ സന്ന്യാസി | - മോസ്റ്റ് റവ. ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റോം | 15 |
| ദൈവപ്രീതിയുടെ ധന്യജീവിതം | - ഫാ. ജോസി താമരശേരി സി.എം.ഐ. | 17 |
| ലളിതമനസ്ക്കനായ ജോർജ്ജ് അച്ചൻ | - മദർ ആർദ്ര എസ്.ഐ.സി. | 19 |
| ലാളിത്യത്തിന്റെ പര്യായം | - ഫാ. ഫിലിപ്പ് മഞ്ചാടിയിൽ | 21 |
| എന്റെ ഗുരുനാഥൻ | - ഫാ. ജോസ് കുരുവിള ഒ.ഐ.സി. | 23 |
| കരുതലിന്റെ കാവലാൾ | - ബഥനി സിസ്റ്റേഴ്സ്, തിരുവല്ല | 27 |
| ഒരു നിലാവ് പോലെ... | - ഫാ. ജോസ് മരിയദാസ് ഒ.ഐ.സി. | 29 |
| A Shepherd of Simplicity and Love | - Sr. Alphonsa OSS | 32 |
| മന്ദമാരുതൻ പോലെ കടന്നുപോയ ഒരാൾ... | - ഫാ. മാർട്ടിൻ പ്രേമാനന്ദ് ഒ.ഐ.സി. | 33 |
| സൗമ്യം... ദീപ്തം... വിശുദ്ധം | - സി. മരിയ ആഞ്ചല ബി. എസ്. | 35 |
| മാർഗ്ഗദർശിയായ ജോർജ്ജ് തോമസ് അച്ചൻ | - ബാബു കല്ലുങ്കൽ | 36 |
| സുവിശേഷോപദേശങ്ങളാൽ പ്രശോഭിതനായ.. | - സി. ലില്ലി ജോസ് എസ്.ഐ.സി. | 39 |
| പിതൃതുല്യനും ഗുരുവും .... | - ഫാ. ജോഷ്വാ കുറ്റിയിൽ ഒ.ഐ.സി. | 41 |
| ധന്യമി ജീവിതം | - സിസ്റ്റർ മെറിൻ ഒ.എസ്.എസ്. | 44 |
| ധന്യമായ സന്ന്യാസജീവിതം | - ഫാ. തോമസ് പ്രശോഭ് കൊല്ലിയേലിൽ ഒ.ഐ.സി. | 46 |
| പിതൃവാത്സല്യത്തിന്റെ അണയാത്ത ദീപം | - സി. സാഫല്യ എസ്.ഐ.സി., തിരുവല്ല | 49 |
| ദുക്റോനൊ തോബോ (നല്ല ഓർമ്മ) | - ഫാ. സ്ലീബാദാസ് ഒ.ഐ.സി. | 51 |
| സമർപ്പണത്തെ സ്നേഹിച്ച സന്ന്യാസി | - ഫാ. ഡാനിയേൽ കല്ലിൽ ഒ.ഐ.സി. | 53 |
| ഓർമ | - ഫാ. മാത്യൂസ് സി. അഗസ്റ്റിൻ ഒ.ഐ.സി. | 55 |
| ഒരു കെടാവിളക്ക് | - സിസ്റ്റർ മേരി ഷൈനി | 57 |
| മായാത്ത മന്ദസ്മിതം | - ഫാ. ലിബിൻ വർഗീസ് ഒ.ഐ.സി. | 60 |
| മാഞ്ഞുപോകാത്ത മധുരമുള്ള രുചി | - ബ്രദർ ജിജിൻ കുര്യാക്കോസ് കണ്ണാംപിള്ളി ഒ.ഐ.സി. | 61 |
| ദേവാലയം നൽകി കടന്നുപോയ ആചാര്യൻ | - ഷെറി തോമസ് | 63 |

www.malankaralibrary.com

# എഡിറ്റോറിയൽ

ബഥനി ആശ്രമത്തെ സംബന്ധിച്ചിടത്തോളം ജോർജ് തോമസ് കല്ലുങ്കൽ അച്ചന്റെ വിയോഗം വലിയൊരു ശൂന്യത നൽകുന്ന അനുഭവമാണ്. ബഥനി ആശ്രമത്തിലെ എല്ലാ കാര്യങ്ങളുടെയും അവസാനവാക്കായിരുന്നു ജോർജ് തോമസ് അച്ചൻ. അതിന്റെ കാരണം അച്ചൻ മുൻവിധികളോ പക്ഷപാതമോ ഇല്ലാതെ അഭിപ്രായങ്ങൾ പറഞ്ഞിരുന്നു എന്നതാണ്. പല ചർച്ചകളിലും പല അഭിപ്രായങ്ങൾ ഉണ്ടാകുമ്പോൾ ജോർജ് തോമസ് അച്ചൻ മൗനം അവലംബിക്കുന്നത് കാണാൻ ഇടയായിട്ടുണ്ട്. ഒരു തീരുമാനത്തിലെത്താൻ സാധിക്കാതെ പോകുമ്പോൾ എല്ലാവരും ജോർജ് അച്ചനെ നോക്കും. ചിലർ അച്ചന്റെ പേരു പറയും. അങ്ങനെയുള്ള അവസരങ്ങളിൽ എല്ലാവർക്കും സ്വീകാര്യമായതും പ്രായോഗികവുമായ ഒരു നിർദേശം നൽകുവാൻ അച്ചന് സാധിച്ചിരുന്നു. ഒരു ബുദ്ധിമുട്ടുംകൂടാതെ ഈ നിർദേശങ്ങൾ ഉടനടി എല്ലാവരും അംഗീകരിക്കുകയും ചെയ്തിരുന്നു. കാര്യങ്ങളെ സമഗ്രമായി വീക്ഷിക്കുവാനും ഗ്രഹിക്കുവാനും എല്ലാവരുടെയും താല്പര്യങ്ങൾ അറിയുവാനും മനസിലാക്കുവാനും എല്ലാറ്റിലുമുപരി പൊതുനന്മയ്ക്ക് പ്രാധാന്യം കൊടുത്ത് നിർദേശം നൽകുവാൻ അച്ചന് പ്രത്യേക കഴിവ് ഉണ്ടായിരുന്നു.

ജോർജ് തോമസ് അച്ചൻ ആരെന്ത് ആവശ്യപ്പെട്ടാലും അത് അവർക്ക് നൽകിയിരുന്നു. പല പ്രാവശ്യം ജോർജ് തോമസ് അച്ചനോട് പ്രസംഗങ്ങൾ നൽകണമെന്നും ലേഖനങ്ങൾ നൽകണമെന്നും ആവശ്യപ്പെട്ടിരുന്ന അവസരങ്ങളിലെല്ലാം തിരക്കുണ്ടായിരുന്നുവെങ്കിലും സമയം കണ്ടെത്തി അച്ചൻ അതെല്ലാം നൽകിയിരുന്നു. അച്ചന് ലഭിച്ച സമ്മാനങ്ങൾ പലതും പൊട്ടിച്ചുപോലും നോക്കാതെ മറ്റുള്ളവർക്ക് നൽകുന്ന സ്വഭാവമായിരുന്നു അച്ചന്റേത്. തന്റെ സമയം മറ്റുള്ളവർക്ക് നൽകുവാനും അദ്ദേഹത്തിന് ഒരു മടിയും ഇല്ലായിരുന്നു. അച്ചനായിരുന്ന സ്ഥലങ്ങളിലൊക്കെ ധാരാളം ആളുകൾ അച്ചനെ സന്ദർശിച്ചിരുന്നു. അവരുമായി ദീർഘനേരം സംസാരിക്കുവാൻ അച്ചൻ സമയം കണ്ടെത്തിയിരുന്നു.

നമ്മുടെ കർത്താവേശുമിശിഹായുടെ ഇഹലോകജീവിതം നോക്കിയാലും ഇതുതന്നെ കാണുവാൻ നമുക്ക് സാധിക്കും. ഈശോ തന്റെ സമയം എല്ലാവർക്കുമായി നൽകുവാനായി കടന്നുവന്നു. വളരെ കുറച്ചു സമയം മാത്രമേ ഈശോ തന്റെ കാര്യത്തിൽ വ്യാപൃതനായെന്നാണ് സുവിശേഷം പറയുന്നത്. ഈശോയെ കാണുവാൻ വന്ന വ്യക്തികളോടെല്ലാം ഈശോയ്ക്ക് ആഴമായ, വ്യക്തിപരമായ ബന്ധമുണ്ടായിരുന്നു. അതുപോലെ തന്നെ കാണുവാൻ വന്ന വ്യക്തികളോട് ആഴമായ ബന്ധം നിലനിർത്തുവാൻ ജോർജ് തോമസച്ചൻ എന്നും ശ്രദ്ധിച്ചിരുന്നു. സഭയ്ക്കും ബഥനിക്കും എന്നും അച്ചനൊരു ആശ്രയമായിരുന്നു.

നിർദേശങ്ങൾക്കും തീരുമാനങ്ങൾക്കുമായി തേടിചെല്ലുവാൻ അച്ചനില്ലാത്ത അവസ്ഥ ഒരു ശൂന്യതയായി നിലനിൽക്കുന്നു. ശാന്ത സൗമ്യ സന്ന്യാസവര്യനായ ജോർജ് തോമസ് അച്ചന്റെ ജീവിതത്തിൽ നിന്നും ധാരാളം കാര്യങ്ങൾ നമുക്ക് മാതൃകയാക്കാം. അച്ചന്റെ നന്മകൾ എന്നും കെടാതെ സൂക്ഷിക്കുവാൻ ബഥനിക്ക് കഴിയട്ടെ എന്നും പ്രാർത്ഥിക്കുന്നു.

സ്നേഹത്തോടെ

**ഫാ. ജോബിൻ കുര്യാക്കോസ് ഒ.ഐ.സി.**

www.malankaralibrary.com

# സൗമ്യമായ ബഥാന്യൻ മുഖം

**ഫാ. ഗീവർഗീസ് കുറ്റിയിൽ ഒ.ഐ.സി.**
സുപ്പീര്യർ ജനറൽ

മലങ്കര സഭയുടെ ചങ്കാണ് ബഥനി എന്ന് മാർ ഈവാനിയോസ് തിരുമേനി പറഞ്ഞെങ്കിൽ ഇന്നത്തെ ബഥനിയുടെ ചങ്കായിരുന്നു ജോർജ് തോമസ് അച്ചൻ. ജോർജ് തോമസ് അച്ചന്റെ നിര്യാണത്തിൽ ബഥനിയുടെ ഹൃദയം സ്തംബ്ധമായ അനുഭവമാണ് ഓരോ ബഥാന്യനും അനുഭവിച്ചത്. "ഞാൻ ശാന്തശീലനും വിനീതഹൃദയനുമായിരിക്കുന്ന തിനാൽ എന്റെ നുകം വഹക്കുവാൻ എളുപ്പമുള്ളതും ഭാരം കുറഞ്ഞതുമാണ്" - യേശുവിന്റെ ജീവിതത്തെ വരച്ചുകാട്ടുന്ന ഈ വചനം പ്രിയപ്പെട്ട ജോർജ് തോമസ് അച്ചന്റെ ജീവിതത്തിൽ അന്വർത്ഥമായി എന്നു ഞാൻ വിശ്വസിക്കുന്നു.

ഈ കാലഘട്ടത്തിൽ എങ്ങനെ ഇത്രയും ശാന്തശീലനായി, സൗമ്യനായി ജീവിക്കു വാൻ സാധിക്കും എന്ന് എന്നെ അത്ഭുതപ്പെടുത്തുന്നു. അദ്ദേഹം കടന്നുപോയ വഴികളെല്ലാം അദ്ദേഹം വിശുദ്ധമാക്കിയാണ് കടന്നുപോയത്. ആകെ നാലോ, അഞ്ചോ ആശ്രമങ്ങളിൽ മാത്രം നിയോഗിക്കപ്പെട്ടിരുന്ന അച്ചൻ തന്റെ സന്ന്യാസസാക്ഷ്യ ജീവിതത്തിലൂടെ അവിടങ്ങളെല്ലാം വിശുദ്ധീകരിച്ചാണ് കടന്നുപോയത്.

ഒരു ശതാബ്ദക്കാലത്തെ ബഥനിയുടെ ചരിത്രത്തിൽ 62 വർഷങ്ങൾ ബഥനിയിൽ ജീവിച്ച് സാർവ്വത്രിക കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെട്ട ബഥനിയുടെ ചരിത്രത്തിലെ നിർണ്ണായകമായ നിമിഷങ്ങൾക്കെല്ലാം സാക്ഷിയാകുവാനും, പങ്കുവഹിക്കു വാനുമുള്ള നിയോഗവും ഭാഗ്യവും പ്രിയ ബഹുമാനപ്പെട്ട ജോർജ് തോമസ് അച്ചന് ദൈവം നൽകി. 1963-ൽ ഒരു അർത്ഥിയായി (Apostolic Student) ആശ്രമത്തിൽ പ്രവേശനം നേടിയ ജോർജ് തോമസ് അച്ചൻ 1966 ഏപ്രിൽ 14-ന് ബഥനി സമൂഹം പൊന്തിഫിക്കൽ സമൂഹമായി ഉയർത്തപ്പെട്ടതിനുശേഷം 1967 ഓഗസ്റ്റ് 8-ന് തന്റെ പ്രഥമ വ്രതവാഗ്ദാനം നടത്തി. 1974-ൽ കോട്ടയത്ത് സ്ഥാപിതമായ ബഥനി ജനറലേറ്റിൽവച്ച് 1975-ൽ മറ്റ് അഞ്ച് പേരോടൊപ്പം പൗരോഹിത്യപട്ടം സ്വീകരിച്ചു.

ബഹു. ജോർജ്ജ് തോമസ് അച്ചന്റെ വീട്ടുപേരും അച്ചന്റെ ദേശത്തിന്റെ പേരും 'കല്ലുങ്കൽ' എന്നാണ്. പേരിൽ അല്പമൊക്കെ അസാധാരണത്വം തോന്നാമെങ്കിലും ജീവിതത്തിൽ എന്നും ഒരു സാധാരണക്കാരനായി മാത്രമാണ് ജോർജ് തോമസ് അച്ചൻ ജീവിച്ചത്. 2017-ൽ സന്ന്യാസവ്രതത്തിന്റെയും, 2025-ൽ പൗരോഹിത്യ സ്വീകരണത്തിന്റെയും സുവർണ്ണജൂബിലി അച്ചൻ ആഘോഷിച്ചു. തന്റെ 24-ാം വയസ്സിൽ പൗരോഹിത്യ പദവിയിലേക്ക് ഉയർത്തപ്പെട്ട അച്ചൻ തന്റെ സന്ന്യാസ പൗരോഹിത്യത്തിന്റെ ഏറ്റം ശ്രേഷ്ഠമായ സാക്ഷ്യം സഭയ്ക്കും സമൂഹത്തിനും നൽകിക്കൊണ്ടാണ് നമ്മോട് വിട പറയുന്നത്.

ബഥനിയിലെ എല്ലാ തലമുറകളിൽപ്പെട്ടവർക്കും ജോർജ് തോമസ് അച്ചൻ സംലഭ്യനായിരുന്നു. ആശ്രമത്തിൽ ആദ്യവർഷ അർത്ഥികളുടെയും, പ്രീ-നോവിസസ്സി ന്റെയും, സ്കൊളാസ്റ്റിക്സിന്റെയും റെക്ടറായും പരിശീലനത്തിന്റെ ജനറൽ കോ-ഓർഡിനേറ്ററായും

www.malankaralibrary.com

1986 മുതൽ 2009 വരെയുള്ള 23 വർഷങ്ങൾ ബഥനി ആശ്രമ ജനറലേറ്റിൽ ജനറൽ കൗൺസിലറായും, അസിസ്റ്റന്റ് ജനറലായും 1998 മുതൽ 2009 വരെയുള്ള 11 വർഷങ്ങൾ സമൂഹാദ്ധ്യക്ഷനായും ബഥനിയുടെ അമരക്കാരനായി അച്ചൻ ശുശ്രൂഷ ചെയ്തു. 2000–മാണ്ടിൽ ബഥനിസമൂഹം രണ്ടു പ്രോവിൻസുകളായി തിരിക്കു ന്നതിനുള്ള നിയോഗവും ആ സമയം സമൂഹാദ്ധ്യക്ഷനായിരുന്ന ജോർജ് തോമസ് അച്ചനിൽ തന്നെയാണ് വന്നെത്തിയത്.

ഉപരിപഠനത്തിനായി റോമിലേക്ക് അയയ്ക്കപ്പെട്ട ജോർജ് തോമസ് അച്ചൻ 'പൗരസ്ത്യ ആദ്ധ്യാത്മികതയെ'പറ്റി ആഴത്തിൽ പഠിച്ച് വളരെ ചുരുങ്ങിയ കാലഘട്ടംകൊണ്ട് ബിരുദാനന്തര ബിരുദവും ഡോക്ടറേറ്റും കരസ്ഥമാക്കുകയും (1978–1983) പഠനം പൂർത്തിയാക്കി നാട്ടിൽ തിരിച്ചെത്തുകയും ബഥനിയുടെ വിവിധ കർമ്മവീഥികളിൽ തന്റെ ശുശ്രൂഷകൾ നൽകുകയും ചെയ്തു. ബഥനി സമൂഹം എന്നും ഏറെ പ്രതീക്ഷയോടെയാണ് ജോർജ്ജ് തോമസ് അച്ചനെ കണ്ടിരുന്നത്. ബ്രദേഴ്സിന്റെ പരിശീലന പദ്ധതിയിൽ നിയോഗിച്ചപ്പോഴും, ഭരണസമിതിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടപ്പോഴും, ഇടവക വികാരിയായി കോട്ടയം മേഖലയിലെ വിവിധ ഇടവകകളിൽ അജപാലന ശുശ്രൂഷ നടത്തിയപ്പോഴും, വിവിധ സെമിനാരികളിൽ പ്രൊഫസറായി സേവനം ചെയ്ത പ്പോഴും, വിവിധ മഠങ്ങളുടെ ചാപ്ലയിനായി ഉത്തരവാദിത്വം നിർവ്വഹിച്ചപ്പോഴും ജോർജ് തോമസ് അച്ചനിൽ പ്രത്യേകമായ മാറ്റങ്ങളൊന്നും കാണുവാൻ ആർക്കും സാധിച്ചിട്ടില്ല. എപ്പോഴും ആത്മീയതയുടെയും സന്ന്യാസത്തിന്റെയും പക്വമായ ആൾ രൂപമായി ജോർജ് തോമസ് അച്ചൻ നിലകൊണ്ടു. അച്ചനോട് സംസാരിച്ചവരും ഇടപഴകിയവരുമൊക്കെ ആവർത്തിച്ചു പറയുന്നത് അച്ചന്റെ Nobility and Simplicity-യെ പ്പറ്റിയാണ്. യാതൊരു മടുപ്പുംകൂടാതെ ധാരാളം സ്ഥലങ്ങളിൽ ക്ലാസുകൾ എടുക്കുവാൻ അച്ചൻ പോകുമായിരുന്നു. ബഥനി വേദവിജ്ഞാനപീഠത്തിന്റെ (BVP) ആരംഭം മുതൽ ഈ നാൾവരെയും ജോർജ് തോമസ് അച്ചന്റെ ക്ലാസുകൾക്ക് മുടക്കം വന്നിട്ടില്ല. അച്ചന്റെ അധരങ്ങളിൽ നിന്ന് വരുന്ന വാക്കുകളേക്കാൾ ശക്തമായിരുന്നു അച്ചന്റെ ജീവിതത്തിലൂടെ പങ്കുവയ്ക്കപ്പെട്ട സന്ന്യാസസാക്ഷ്യം.

ബഥനിയുടെ ഒരു ആധികാരിക ശബ്ദംകൂടി നിശബ്ദമായിരി ക്കുന്നു. ഏകദേശം കഴിഞ്ഞ 50 വർഷമായി എല്ലാ ജനറൽ- പ്രൊവിൻഷ്യൽ സിനാക്സിസുകളിലും ജോർജ് തോമസ് അച്ചൻ അംഗമായിരുന്നു. സിനാക്സിസുകളിലെ ചർച്ചകൾക്കും ചോദ്യങ്ങ ൾക്കും ഇടയിൽ ജോർജ് തോമസ് അച്ചന്റെ ഇടപെടലും മറുപടികളും സിനാക്സിസുകളുടെ സുഗമമായ നടത്തിപ്പിന് ഏറെ സഹായിച്ചു. ഏറ്റവും അവസാനമായി മൂന്ന് ഘട്ടങ്ങളായി നടത്ത പ്പെട്ട അസാധാരണ ജനറൽ സിനാക്സിസിന്റെ (Extraordinary General Synaxis) എല്ലാ സെഷനുകളിലും അച്ചൻ സജീവമായി പങ്കെടുക്കുകയും കൃത്യമായ ഇടപെടലുകളിലൂടെ സിനാക്സിസിന്റെ ലക്ഷ്യത്തിലെത്തുന്നതിന് അതൊക്കെ വളരെ സഹായകമാകുകയും ചെയ്തു.

സിനാക്സിസിന്റെ മൂന്നാം ഘട്ടം തിരുവനന്തപുരം നാലാഞ്ചിറ ബഥനി ആശ്രമത്തിൽവച്ച് ക്രമീകരിക്കപ്പെട്ടപ്പോൾ തിരുവല്ലായിൽനിന്ന് ബഹു. ജോർജ് തോമസ് അച്ചനെയും കൂട്ടിയാണ് ഞങ്ങൾ തിരുവനന്തപുരത്തേക്ക് യാത്രയായത്. അച്ചന്റെ നർമ്മരസങ്ങളായ അവതരണങ്ങളും അവധാനതയോടെയുള്ള സംസാര രീതികളും നമ്മുടെയൊക്കെ യാത്രകളെയും കൂടിവരവുകളെയും എത്രമാത്രം സജീവമാക്കിയിട്ടുണ്ടെന്നു ള്ളത് ഇത്തരുണ ത്തിൽ ഓർക്കുന്നു. സിനാക്സിസിന്റെ മൂന്നാംഘട്ടം പൂർത്തിയാക്കി ഓഗസ്റ്റ് 14–ന് ധന്യൻ മാർ ഈവാനിയോസ് പിതാവിന്റെ കബറിടത്തിൽ വി. കുർബാന അർപ്പിച്ചപ്പോൾ ജോർജ് തോമസ് അച്ചൻ

www.malankaralibrary.com

പുണ്യപിതാവിന്റെ കബറിടത്തിൽ അർപ്പിച്ച അവ സാനത്തെ ബലിയർപ്പണമാണതെന്ന് നമ്മളാരും കരുതിയില്ല.

സിനാക്സിസ് പിതാക്കന്മാരെ ധന്യൻ മാർ ഈവാനിയോസ് പിതാവിന്റെ കബർചാപ്പലിൽവച്ച് അത്യഭിവന്ദ്യ ബാവാതിരുമേനി അഭിസംബോധന ചെയ്ത് സംസാരിച്ച് കഴിഞ്ഞപ്പോൾ ബാവാ പിതാവിന് ഓഗസ്റ്റ് 15-ന് ആരംഭിച്ച മെത്രാഭിഷേകത്തിന്റെ രജതജൂബിലിയുടെ ആശംസകൾ അറിയിച്ച് സംസാരിച്ചത് ജോർജ് തോമസ് അച്ചൻ തന്നെയാണ്. ബാവാ തിരുമേനിക്ക് ആശംസകൾ അറിയിച്ച് സംസാരിക്കണമെന്ന് അച്ചനോട് അൽപ സമയം മുമ്പ് മാത്രം ഞാൻ പറഞ്ഞപ്പോഴും യാതൊരു മടിയും തടസവും പറയാതെ വളരെ ഭംഗിയായി അച്ചനെ ഏൽപ്പിച്ച ദൗത്യം നിർവ്വഹിച്ചത് അതിൽ പങ്കെടുത്തവരുടെ സ്മരണകളിൽ സജീവമായി നിൽക്കുന്നു.

‘എല്ലാം പൂർത്തിയായി’ എന്ന് യേശുതമ്പുരാൻ കുരിശിൽ കിടന്ന് പറഞ്ഞ്, തന്റെ സ്വർഗീയ പിതാവിന്റെ കരങ്ങളിലേക്ക് തന്റെ ആത്മാവിനെ സമർപ്പിച്ചതുപോലെ ജോർജ് തോമസ് അച്ചനും എല്ലാം പൂർത്തിയാക്കിയിട്ട് കടന്നുപോകുന്നതുപോലെ തോന്നുന്നു. സന്ന്യാസത്തിന്റെയും പൗരോഹിത്യത്തിന്റെയും ജൂബിലി പൂർത്തിയാക്കി, അമ്പാട്ടുഭാഗം ഇടവകദേവാലയത്തിന്റെ പണി ഏറ്റം മനോഹരമായി നിർവ്വഹിച്ച് കൂദാശ ചെയ്ത്, അസാധാരണ ജനറൽ സിനാക്സിസിന്റെ അവസാനഘട്ടവും പൂർത്തിയാക്കി.... തന്റെ ജീവിത ബലിയും പൂർത്തിയാക്കിയാണ് ജോർജ് തോമസ് അച്ചൻ വിട വാങ്ങുന്നത്. ‘ബഥനിയുടെ സൗമ്യമായ മുഖം’ എന്നാണ് ജോർജ് തോമസ് അച്ചനെപ്പറ്റി ഇപ്പോൾ വാട്സ്ആപ്പ് സന്ദേശ ങ്ങളിലെല്ലാം കാണുന്നത്. ബഥനി വേദനയോടെയാണ് അച്ചന്റെ വിടപറയലിനെ കാണുന്നതെങ്കിലും എല്ലാം പൂർത്തിയാക്കി കടന്നുപോകുന്ന ജോർജ് തോമസ് അച്ചൻ ബഥനിക്ക് എന്നും അഭിമാനമാണ്. അച്ചന്റെ സൗമ്യമായ ഇടപെടലും ആഢ്യത്വത്തോടെയുള്ള പെരുമാറ്റവും സംഭാഷണവും സന്ന്യാസത്തിന്റെ ലാളിത്യവും, ജാഡകളില്ലാത്ത ആത്മീയതയും എല്ലാ തലമുറകൾക്കും അനുകരണീയമാണ്. ജോർജ് തോമസ് അച്ചാ, സമാധാനത്തോടെ വസിക്കുക!

‘

www.malankaralibrary.com

# ബഥാന്യൻ സന്ന്യാസ മാതൃക

**ഫാ. ജോർജ്ജ് അയ്യനേത്ത് ഒ.ഐ.സി.**
ബഥനി നവജ്യോതി പ്രൊവിൻഷ്യൽ സുപ്പീര്യർ
(മൃതസംസ്കാര വേളയിൽ നല്കിയ സന്ദേശം)

കർത്താവിൽ പ്രിയപ്പെട്ടവരെ,

സുപ്പീര്യർ ജനറാളായും ആദ്ധ്യാത്മികഗുരുവായിട്ടുമൊക്കെ ധാരാളം പരിഭവങ്ങളും പരാതികളും കേട്ട ആളാണ് നമ്മുടെ പ്രിയപ്പെട്ട ജോർജ് തോമസ് അച്ചൻ. നമ്മുടെ മുമ്പിൽനിന്ന് ശാരീരികമായി എടുക്കപ്പെടുന്നതിനുമുമ്പ് ഒരു പരാതിയുംകൂടി കേട്ടിട്ട് പോയാൽ മതി. എന്തായാലും ഇത്രയും കേട്ടതല്ലേ. ഞങ്ങൾക്ക് ഒരു പരാതിയുംകൂടിയുണ്ട്, അച്ചനോടു പറയാൻ. തീർച്ചയായിട്ടും അച്ചനിതു കേൾക്കുന്നുണ്ടായിരിക്കും. ഞങ്ങളെപ്രതി എങ്കിലും സ്വന്തം ആരോഗ്യമൊന്നു സംരക്ഷിക്കേണ്ടതായിരുന്നു. തന്നെപ്രതി വേണ്ടായിരുന്നു. അങ്ങേ സ്നേഹിക്കുന്ന ബഥനി മക്കളെപ്രതി, ധാരാളം മക്കളെ പ്രതി, ആത്മീയ മക്കളെ പ്രതി അച്ചന്റെ സ്വന്തം ആരോഗ്യം കുറച്ചുകൂടി ശ്രദ്ധിക്കേണ്ടതായിരുന്നു. ഞങ്ങൾ കുഞ്ഞനുജന്മാരുടെ സ്നേഹപൂർവമുള്ള നിർബന്ധബുദ്ധിക്ക് മുമ്പിൽ ഒന്നനുസരിക്കേണ്ടതായിരുന്നു. ഇത് ഞങ്ങളുടെ അത്യാഗ്രഹംകൊണ്ട് പറയുന്നതാണ്. ജോർജ് തോമസ് അച്ചനെപ്പോലെയുള്ള നല്ല ഒരു ജ്യേഷ്ഠസഹോദരൻ കുറച്ചുനാൾകൂടി ഞങ്ങളുടെയൊപ്പം ഉണ്ടായിരിക്കണമെന്നുള്ള അത്യാഗ്രഹംകൊണ്ടു പറയുന്നതാണ്.

നമുക്കറിയാം ദൈവത്തിന്റെ ഇഷ്ടം അതായിരുന്നു. ദൈവത്തിന്റെ ഇഷ്ടത്തിന്റെ മുമ്പിൽ ശിരസു നമിച്ച് ഈ വേർപാട് അംഗീകരിക്കാം. പക്ഷേ, നമ്മൾ മനുഷ്യരാണല്ലോ. ഞാൻ അച്ചന്റെ മരണവാർത്ത അറിഞ്ഞയുടനെ തന്നെ ആലുവയിൽനിന്ന് ഇവിടേക്ക് തിരിച്ചു. ഇവിടെ വന്നപ്പോൾ ആശ്രമത്തിലേക്ക് കയറിപ്പോൾ എന്തോ ഒരു ശൂന്യത എനിക്കനുഭവപ്പെട്ടു. ആശ്രമത്തിന്റെ ഇടനാഴികളിൽ ഒരു ശൂന്യത. ആശ്രമത്തിന്റെ ഉല്ലാസമുറിയിൽ ഒരു ശൂന്യത. ആശ്രമത്തിന്റെ ഭക്ഷണശാലയിൽ ഒരു ശൂന്യത. ഈ ശൂന്യത ഹൃദയത്തിലെ ശൂന്യതയായിരുന്നു. കാരണം, അച്ചൻ എല്ലാവരുടെയും ഹൃദയത്തിൽ ഒരു ഇടംനേടിയിരുന്നു. എല്ലാവരുടെയും ഹൃദയത്തിൽ അച്ചന് സ്വന്തമായ ഒരു സ്പേസ് ഉണ്ടായിരുന്നു. ആ സ്പേസ് ഇല്ലാതാകുമ്പോൾ, അച്ചൻ നേടിയെടുത്ത ആ സ്പേസ് നമ്മുടെ ഹൃദയത്തിൽ ഇല്ലാതാകുമ്പോൾ നമുക്കെന്തോ ഒരു ശൂന്യത അനുഭവപ്പെടും. ഞങ്ങൾ ബഥനി ആശ്രമസ്ഥർ ഇവിടെ വരുമ്പോഴെല്ലാം അച്ചൻ ഇവിടെ എവിടെയെങ്കിലുമൊക്കെ കാണും. അച്ചന്റെ ആ സൗഹൃദസംഭാഷണത്തിനുവേണ്ടി ഞങ്ങളൊക്കെ കാത്തിരിക്കും. അത് ഇല്ലാതാകുമ്പോഴുള്ള ഒരു ശൂന്യത, ഇവിടെയിരിക്കുന്നവർക്കെല്ലാവർക്കും അനുഭവപ്പെടുന്നുണ്ടാകും. അഭിവന്ദ്യപിതാക്കന്മാർക്കും എല്ലാം പറയാനുള്ളത് ഈ ശൂന്യതയെക്കുറിച്ചാണ്.

അച്ചന് തീർച്ചയായിട്ടും തന്റെ ജീവിതത്തിൽ പൂർത്തീകരിക്കാനുള്ളതൊക്കെ പൂർത്തീകരിച്ചിട്ടാണ് അച്ചൻ പോയത്. ഈ അമ്പാട്ടുഭാഗം പള്ളി പണിയാൻവേണ്ടി മാത്രം അച്ചന് ആയുസ് നീട്ടി കൊടുത്തതാണോ എന്നു സംശയിച്ചുപോകും. ബഥനിയുടെ Extra Ordinary Synaxis നടത്തുവാൻ വേണ്ടി അതിൽ ഏറ്റവും സീനിയറായി പങ്കുകാരനാകുവാൻവേണ്ടി

www.malankaralibrary.com

അച്ചന് ആയുസ് നീട്ടികൊടുത്തതാണോ എന്ന് തോന്നിപ്പോകും. Extra Ordinary Synaxis-ന് മൂന്ന് സെഷൻസ് ഉണ്ടായിരുന്നു. വി.നിയമം പരിഷ്കരിക്കുന്നതിനുവേണ്ടിയുള്ള വളരെ വിപുലമായ ഒന്നായിരുന്നു സിനാക്സിസ്. അതിന്റെ ഏറ്റവും ഒടുവിലത്തെ സിനാക്സിസ് നവജീവൻ പ്രൊവിൻഷ്യലേറ്റിൽവച്ചായിരുന്നു നടത്തിയിരുന്നത്. അതിന്റെ അവസാനദിവസം ധന്യൻ മാർ ഈവാനിയോസ് പിതാവിന്റെ കബറിങ്കൽ വി.കുർബാന ഉണ്ടായിരുന്നു. അതിന് ഞങ്ങളെല്ലാവരും ബസിൽ പോയപ്പോൾ ജോർജ് തോമസ് അച്ചൻ എന്റെ അടുത്താണ് ഇരുന്നത്. എല്ലാവരും തമാശ പറഞ്ഞപ്പോൾ ഞാൻ ജോർജ്ജ് തോമസ് അച്ചനോടായി പറഞ്ഞു, "ഏറ്റവും കൂടുതൽ സിനാക്സിസുകളിൽ പങ്കെടുത്ത വ്യക്തി എന്ന നിലയിൽ നമുക്കിതൊന്നു ആഘോഷിക്കണം, അതിനൊരു അവാർഡ് തരണം" ബഥനി ആശ്രമത്തിലെ ഏറ്റവും കൂടുതൽ സിനാക്സിസുകളിൽ പങ്കെടുത്ത വ്യക്തി എന്ന നിലയിൽ. അപ്പോൾ അച്ചനത് വളരെ enjoy ചെയ്തു. തീർച്ചയായിട്ടും അത് ആഘോഷിക്കണം എന്ന് അച്ചൻ ചിരിച്ചുകൊണ്ട് പറയുകയും ചെയ്തു. അതാണ് ഞാൻ പറഞ്ഞത്, ഇതൊക്കെ തീർക്കാൻവേണ്ടി അച്ചന് ദൈവം ആയുസ് നീട്ടിക്കൊടുത്തതാണോ എന്ന് തോന്നിപ്പോകും.

മരണത്തിന് രണ്ടുദിവസം മുമ്പ് ഞാൻ അച്ചനെ ഫോണിൽ വിളിച്ചു. അപ്പോഴും അച്ചൻ തന്റെ ആരോഗ്യത്തെപ്പറ്റി ഒന്നും പറയുന്നില്ല. അച്ചൻ പറയുന്നത് മുഴുവൻ അവിടെ പ്രായമുള്ള മറ്റ് അച്ചന്മാരുടെ ആരോഗ്യത്തെപ്പറ്റിയാണ്, 'ഒരാൾ ആശുപത്രിയിലാണ്, ഒരാളെ ആശുപത്രിയിൽനിന്ന് കൊണ്ടുവന്നതേയുള്ളു ആ കാര്യങ്ങളൊക്കെയാണ് അച്ചൻ പറയുന്നത്. അച്ചന്റെ ആരോഗ്യത്തെപ്പറ്റി അച്ചൻ ഒന്നും പറയുന്നില്ല.

അച്ചനൊരിക്കലും തന്റെ കാര്യത്തിനുവേണ്ടി സമയം മാറ്റിവച്ചില്ല. അച്ചൻ തന്റെ സമയം മുഴുവനും മറ്റുള്ളവരുടെ ആവശ്യത്തിനായി മാറ്റിവെച്ചു. ബഹു.ജോർജ് തോമസ് അച്ചനെ കാണുവാനും സംസാരിക്കുവാനും ധാരാളം ആളുകൾ അദ്ദേഹമായിരുന്ന ആശ്രമങ്ങളിൽ എത്തിയിരുന്നു. അവരുടെ ഹൃദയവേദനകളും ദുഃഖങ്ങളും അവർ അദ്ദേഹത്തോട് പങ്കുവെച്ചിരുന്നു. എത്ര സമയം വേണമെങ്കിലും അവരെ കേട്ടിരിക്കുവാൻ അച്ചൻ തയ്യാറായിരുന്നു. എല്ലാവരെയും ശ്രവിക്കുന്ന കാതുകളും എല്ലാവരെയും സ്വീകരിക്കുന്ന ഹൃദയവും ജോർജ് തോമസ് അച്ചന്റെ വിയോഗത്തോടെ നമുക്ക് നഷ്ടപ്പെടുകയാണ്.

ഈ അവസരത്തിൽ ജോർജ് തോമസ് അച്ചന്റെ നല്ല ജീവിതത്തെ ഓർത്ത് ദൈവത്തിന് നന്ദി അർപ്പിക്കാം. സഭയ്ക്കുവേണ്ടിയും ബഥനിസമൂഹത്തിനുവേണ്ടിയും അച്ചൻ സ്വർഗത്തിൽ തന്റെ പ്രാർത്ഥന തുടരട്ടെ. അച്ചന്റെ ജീവിതം നമുക്ക് മാതൃകയാക്കാം.

www.malankaralibrary.com

# ഒരു യഥാർത്ഥ ബഥാന്യൻ

**ഫാ. സിറിൽ ആനന്ദ് മോറോത്ത് ഒ.ഐ.സി.**
ബഥനി നവജീവൻ പ്രൊവിൻഷ്യൽ സുപ്പീര്യർ

നമ്മുടെ ജീവിതത്തിൽ മറ്റുള്ളവർ നമ്മെ സ്വാധീനിക്കുന്നത് പല രീതിയിലാണ്. ചിലർ നമ്മെ അവരുടെ വ്യക്തിത്വംകൊണ്ട് സ്വാധീനിക്കുന്നു. ചിലർ നമ്മേ അവരുടെ വാക്കുകൾ കൊണ്ട് സ്വാധീനിക്കുന്നു. ചിലർ നമ്മേ അവരുടെ പ്രവർത്തനങ്ങൾകൊണ്ട് സ്വാധീനിക്കുന്നു. ഈ മൂന്ന് രീതികളിലും നമ്മളെ സ്വാധീനിച്ച വ്യക്തിയാണ് വന്ദ്യനായ ജോർജ് തോമസ് അച്ചൻ. ബഥനി ആശ്രമത്തിൽ ഒരു യഥാർത്ഥ ബഥാനിയൻ, വിശ്വസ്തനായ സന്ന്യാസ വൈദികൻ, പിതാവ്, സഹോദരൻ, ഗുരു, സുഹൃത്ത് എന്ന നിലയിലും പൊതുസമൂഹത്തിൽ ഒരു അജപാലകനും ആധ്യാത്മിക നേതാവ് എന്നനിലയിലുമുള്ള തന്റെ ഈ ലോകത്തുള്ള ശുശ്രൂഷ നമുക്ക് ആകസ്മികമായി തോന്നാമെങ്കിലും ദൈവസന്നിധിയിൽ യഥാവിധി പൂർത്തിയാക്കി അച്ചൻ മടങ്ങുകയാണ്.

ഇപ്പോൾ അനവധി ഓർമ്മകൾ മനസ്സിൽ നമ്മുടെ തെളിയുന്നു. അദ്ദേഹത്തിന്റെ ശാന്തമായ സാന്നിധ്യം, സ്നേഹത്തിന്റെ നിറഞ്ഞ പുഞ്ചിരി. എല്ലാവരെയും കേൾക്കാൻ തയ്യാറായിരുന്ന മനസ്സ്. ഒരിക്കലും അടുപ്പം നഷ്ടപ്പെടുത്താത്ത സഹോദരസ്നേഹം. ഭാരപ്പെടുത്താത്ത ഉപദേശങ്ങൾ ലാളിത്യം, സത്യസന്ധത, വിനയം എന്നിവ നിറഞ്ഞ സാന്നിധ്യം അദ്ദേഹം എല്ലായ്പ്പോഴും നമ്മെ ഓർമ്മിപ്പിച്ചിരുന്നത്, “ജീവിതം നമ്മുടേതല്ല; ദൈവം നൽകുന്ന ഒരു സമ്മാനം മാത്രമാണ്” എന്നതാണ്.

**1. ഒരു യഥാർത്ഥ ബഥാനിയൻ**

ക്രിസ്തുവിനും ബഥനിക്കും സമർപ്പിച്ച തന്റെ ജീവിതത്തെ ദൈവത്തിനുള്ള സമർപ്പിത യാഗമാക്കി മാറ്റിയ ഒരാളായിരുന്നു ജോർജ് തോമസ് അച്ചൻ. റോമ 12:1-ൽ പൗലോസ് ശ്ലീഹാ നമ്മോട് പറയുന്നു: “നിങ്ങളുടെ ശരീരങ്ങളെ ജീവയാഗമായി, വിശുദ്ധവും ദൈവത്തിന് പ്രിയങ്കരവുമായ യാഗമായി സമർപ്പിക്കുക.”

ആ വചനം അച്ചന്റെ ജീവിതത്തിൽ അക്ഷരാർത്ഥത്തിൽ നിറവേറ്റപ്പെട്ടു. ചെറുപ്പത്തിൽ തന്നെ ബഥനി ആശ്രമത്തിൽ പ്രവേശിച്ച്, ദൈവത്തിന്റെ വിളിക്ക് “അതെ” എന്ന് പ്രത്യുത്തരം നൽകി. പ്രാർത്ഥന, ക്രിസ്തുവിലുള്ള വിശ്വാസം, ലളിതമായ ജീവിതം ഇതൊക്കെ അദ്ദേഹത്തിന്റെ ജീവിതത്തിൽ ഇപ്പോഴും കളിയാടിയിരുന്നു. അദ്ദേഹത്തിന്റെ പ്രാർത്ഥന ജീവിതത്തിൽ നിന്നാണ് അദ്ദേഹത്തിന്റെ സമാധാനവും ധൈര്യവും വന്നിരുന്നത്.

അച്ചൻ രണ്ട് പ്രാവശ്യം സുപ്പീരിയർ ജനറൽ ആയിരുന്നപ്പോഴും ദശകങ്ങളോളം ജനറൽ കൗൺസിലിലും, പൂനെ സ്കൊളാസ്റ്റിക്കേറ്റിന്റെ റെക്ടറായും, BVPയുടെ ഡയറക്ടറായും പ്രവർത്തിച്ചപ്പോഴും ഒരു ഇടയനും പിതാവും എന്ന നിലയിൽ അദ്ദേഹത്തിന്റെ സാന്നിധ്യം ഏവർക്കും ഒരു പ്രചോദനമായിരുന്നു.

എന്നാൽ, അദ്ദേഹം സ്ഥാനങ്ങൾകൊണ്ടല്ല സേവനം കൊണ്ടാണ് തന്റെ മഹത്വം നേടിയത്. “അച്ചനോട് സംസാരിക്കുമ്പോൾ, എനിക്ക് ഒരിക്കലും ‘ജനറൽ’നെ കണ്ടുവെന്ന തോന്നൽ ഉണ്ടായിട്ടില്ല; ‘പിതാവിനോടാണ്’ സംസാരിച്ചതെന്നു മാത്രമായിരുന്നു അനുഭവം.”

www.malankaralibrary.com

**3. വിനയവും ലളിതത്വവും അദ്ദേഹത്തിന്റെ ഒപ്പ്**

അച്ചൻ നമ്മെ പഠിപ്പിച്ചത് ഫിലിപ്പിയർ 2:3–5–ലെ വാക്കുകളാണ്: “മാത്സര്യമോ വ്യർഥാഭിമാനമോ മൂലം നിങ്ങൾ ഒന്നുംചെയ്യരുത്. മറിച്ച്, ഓരോരുത്തരും താഴ്മയോടെ മറ്റുള്ളവരെ തങ്ങളെക്കാൾ ശ്രേഷ്ഠരായി കരുതണം. ഓരോരുത്തരും സ്വന്തം താത്പര്യം മാത്രം നോക്കിയാൽപോരാ; മറിച്ച് മറ്റുള്ളവരുടെ താത്പര്യവും പരിഗണിക്കണം. യേശുക്രിസ്തുവിനുണ്ടായിരുന്ന ഈ മനോഭാവം നിങ്ങളിലും ഉണ്ടാകട്ടെ” (ഫിലിപ്പി 2 : 3–5).

* അദ്ദേഹം ഒരിക്കലും “എനിക്ക് അറിയാം” എന്ന് പറഞ്ഞിരുന്നില്ല.

* ചെറുതും വലുതുമായ കാര്യങ്ങളിൽ ദൈവത്തിന്റെ ആലോചന തേടുന്ന ഒരാളായിരുന്നു.

**4. അദ്ദേഹത്തിന്റെ പൈതൃകം വിശ്വാസം, സ്നേഹം, സേവനം**

അദ്ദേഹത്തിന്റെ ജീവിതം നമ്മെ ഓർമ്മിപ്പിക്കുന്നു: “കൃതജ്ഞതാഭരിതരായി ഉണർന്നിരുന്ന് നിരന്തരം പ്രാർഥിക്കുവിൻ” (കൊളോസോസ് 4 : 2).

* “നിങ്ങളുടെ സകല കാര്യങ്ങളും സ്നേഹത്തോടെ നിർവഹിക്കുവിൻ” (1 കോറിന്തോസ് 16 : 14).

* “സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, എന്റെ ഏറ്റവും എളിയ ഈ സഹോദരൻമാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്കു തന്നെയാണു ചെയ്തുതന്നത്” (മത്തായി 25 : 40). പ്രാർത്ഥന, ലളിതത്വം, വിനയം, സേവനം. സാക്ഷ്യമായിരുന്നു അച്ചന്റെ ജീവിതം.

**5. ക്രിസ്തീയ പ്രത്യാശ  പുനരുത്ഥാനത്തിലെ വിശ്വാസം**

അതെ, നമ്മൾ ദുഃഖിക്കുന്നു. പക്ഷേ, യോഹന്നാൻ 11:25 നമ്മെ ഓർമ്മിപ്പിക്കുന്നു: “ഞാനാണ് പുനരുത്ഥാനവും ജീവനും. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും” (യോഹന്നാൻ 11 : 25)

അച്ചൻ ഇപ്പോൾ വിശ്രമിക്കുന്നില്ല; കർത്താവിന്റെ സന്നിധിയിൽ പ്രാർത്ഥിക്കുന്ന ഒരാളായി തുടരുകയാണ്. “ഞാൻ നന്നായി പൊരുതി; എന്റെ ഓട്ടം പൂർത്തിയാക്കി; വിശ്വാസം കാത്തു. എനിക്കായി നീതിയുടെ കീരിടം ഒരുക്കിയിരിക്കുന്നു. നീതിപൂർവ്വം വിധിക്കുന്ന കർത്താവ്, ആ ദിവസം അത് എനിക്കു സമ്മാനിക്കും; എനിക്കുമാത്രമല്ല, അവന്റെ ആഗമനത്തെ സ്നേഹപൂർവ്വം ഉറ്റുനോക്കിക്കൊണ്ടിരിക്കുന്ന എല്ലാവർക്കും” (2 തിമോത്തേയോസ് 4 : 7–8).

പ്രിയ ജോർജ് തോമസ് അച്ചാ,

പ്രാർത്ഥനയിൽ നിന്ന് ശക്തി കിട്ടും, ലാളിത്വത്തിൽ നിന്ന് സമാധാനം കിട്ടും, സേവനത്തിൽ നിന്ന് സന്തോഷം കിട്ടും എന്ന് അങ്ങ് ഞങ്ങളെ പഠിപ്പിച്ചു. ഇന്ന് അങ്ങയുടെ ആത്മാവിനെ കർത്താവിന്റെ കരങ്ങളിലേയ്ക്ക് സമർപ്പിക്കുമ്പോൾ, അങ്ങ് കാണിച്ചു തന്ന മാതൃക ദീപ്തമായ ഓർമ മാത്രമല്ല ഞങ്ങളുടെ ജീവിതത്തിൽ പ്രചോദനമായും നിലകൊള്ളും.

www.malankaralibrary.com

# ശ്രേഷ്ഠനായ സന്ന്യാസവര്യൻ

**മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ്**
(മൃത സംസ്കാര ശുശ്രൂഷയിലെ പ്രസംഗത്തിൽ നിന്ന്)

കർത്താവിന്റെ പരിശുദ്ധ തിരുനാമത്തിന് മഹത്വമുണ്ടാകട്ടെ!

സമയം വൈകിയിരിക്കുന്ന ഈ ഒരു വേളയിൽ ഏറ്റം ബഹുമാന്യനായ, ആദരണീയനായ നമ്മുടെ എല്ലാ ആദരവും സ്നേഹവും തന്റെ ജീവിതംകൊണ്ട് ആർജിച്ചെടുത്ത സ്നേഹധനനായ ജോർജ് തോമസ് അച്ചനെ അനുസ്മരിക്കുന്നതിന് അനൽപമായ സന്തോഷമാണ് എനിക്കുള്ളത്. അതിന്റെ കാരണം മറ്റൊന്നുമല്ല. ഇത്രയും സുവിദിതമായ ഒരു ജീവിതം നയിച്ച് ദൈവത്തിന്റെയും ദൈവമക്കളുടെയും മുമ്പിൽ സ്വീകാര്യനായി അദ്ദേഹം തന്റെ 75-ാമത്തെ വയസിൽ കർതൃസന്നിധിയിലേക്ക് പോകുന്നു എന്നുള്ളതുകൊണ്ടാണ്. ഭരമേല്പിച്ചതെല്ലാം ഏറെ ശുഷ്കാന്തിയോടും ആത്മാർത്ഥതയോടും ദൈവഭക്തിയോടും കൂടി നിർവഹിച്ച അനുഗ്രഹീതനായ ഒരു കർതൃദാസൻ. തീർച്ചയായിട്ടും, വളരെ ആകസ്മികമായ ഈ വേർപാട് നമ്മെ എല്ലാവരെയും വളരെയേറെ ഭാരപ്പെടുത്തുന്നുണ്ട്. വളരെ പെട്ടെന്നുണ്ടായ ഈ യാത്ര ഉൾക്കൊള്ളുവാൻ തക്കവിധം നമ്മൾ ഒരുങ്ങിയിട്ടില്ല. എന്നാൽ പ്രിയപ്പെട്ട അച്ചന്റെ ജീവിതത്തെ നോക്കുമ്പോൾ പൂർണത കൈവരിച്ച ഒരു ജീവിതം a fulfilled life കാണുവാനാണ് നമുക്ക് സാധിക്കുന്നത്. ദൈവത്തിനു മാത്രമേ പറയാൻ സാധിക്കത്തുള്ളു, 'എല്ലാം നല്ലതായിരുന്നു' എന്ന്. തിരിഞ്ഞുനോക്കുമ്പോൾ ചെയ്തതെല്ലാം നല്ലതായിരുന്നു, വളരെ നല്ലതായിരുന്നു എന്ന് പറയുവാൻ തക്കവിധം ദൈവം തമ്പുരാൻ ഈ വത്സല വൈദിക സഹോദരനെ, ഈ ശ്രേഷ്ഠനായ ആചാര്യനെ, ഈ സന്ന്യാസിയെ അനുഗ്രഹിച്ചത് നന്ദിയോടെ നമുക്ക് അനുസ്മരിക്കാം. ദൈവത്തെ സ്നേഹിച്ച, സഭയെ സ്നേഹിച്ച സന്ന്യാസത്തെ ഇഷ്ടപ്പെട്ട തന്റെ ജീവിതം മുഴുവൻ ഒരു പൂർണ സമർപ്പണമായി ദൈവത്തിന്റെ തിരുമുമ്പിൽ നൽകിയ ഒരു നല്ല ശ്രേഷ്ഠനായ മനുഷ്യസ്നേഹി, ഒരു വൈദികശ്രേഷ്ഠൻ, തികഞ്ഞ ഒരു സന്ന്യാസി ആയിരുന്നു ജോർജ് തോമസ് കല്ലുങ്കൽ അച്ചൻ.

പ്രിയപ്പെട്ട അച്ചനുമായി ബന്ധപ്പെട്ട് ദീർഘകാലമുള്ള അനുഭവങ്ങളും സന്തോഷങ്ങളുമൊക്കെ പങ്കുവയ്ക്കുവാനുണ്ട്. ബഹുമാനപ്പെട്ട അച്ചന്റെ വ്യക്തിത്വം നമ്മളെ ഹഠാദാകർഷിക്കുന്നതാണ്. ഫ്രാൻസിസ് മാർപാപ്പാ ലോകത്തോട് ഒരു കാര്യം പറയുകയുണ്ടായി: "ദൈവരാജ്യം നമ്മൾ പ്രഘോഷിക്കുന്നത് നമ്മുടെ ജീവിതമാകുന്ന ഒരു ആകർഷണംകൊണ്ടാണ്. ആകർഷണംകൊണ്ടാണ് ദൈവത്തിലേക്ക് നമ്മൾ ആളുകളെ വിളിച്ചടുപ്പിക്കുന്നത്." ജോർജ് തോമസ് അച്ചൻ ഒരു മുല്ലപ്പൂ പോലെ തന്റെ ആത്മീയ സുഗന്ധത്തിലേക്ക് അനേകരെ മാടിവിളിച്ചിട്ടുണ്ട്. അച്ചൻ അനേകരെ കാണുകയും ബന്ധപ്പെടുകയുമൊക്കെ ചെയ്തിട്ടുണ്ട്. എന്നാൽ അതിനേക്കാളൊക്കെ ഉപരി അച്ചനെ കാണുവാനായി ധാരാളം ആളുകൾ കടന്നുവന്നിട്ടുണ്ട്. കുറേ ദേവാലയങ്ങളിലും ആശ്രമങ്ങളിലും മാത്രമേ അച്ചൻ നിയമിക്കപ്പെട്ടിരുന്നുള്ളു എങ്കിലും ആ സ്ഥലങ്ങളിലേക്കെല്ലാം ധാരാളം ആളുകൾ കടന്നുവന്നിട്ടുണ്ട്. അവരെല്ലാം അച്ചനിൽനിന്ന് ഉപദേശങ്ങളും ആശ്വാസവും സ്വീകരിച്ചിട്ടുണ്ട്. ഇന്ന് അച്ചന്റെ ഭൗതികശരീരത്തോടു ചേർന്ന് അച്ചനെ മാലാഖമാരുടെ

www.malankaralibrary.com

കരങ്ങളിലേക്ക് സമർപ്പിക്കുന്നത് ആ മക്കളാണ്. പ്രിയപ്പെട്ടവരെ, ഈ ഒരാകർഷണം നമ്മൾ വിചാരിച്ചാലും വിചാരിച്ചില്ലെങ്കിലും താല്പര്യപ്പെട്ടാലും ഇല്ലെങ്കിലും ഉണ്ടാകും. നാം നിരന്തരമായി മനുഷ്യരെ ആകർഷിച്ചുകൊണ്ടിരിക്കും. ഒന്നുകിൽ നന്മയിലേക്ക് അല്ലെങ്കിൽ തിന്മയിലേക്ക്, ഒന്നുകിൽ ദൈവത്തിലേക്ക് അല്ലെങ്കിൽ സാത്താനിലേക്ക്. നന്മയിലേക്കും ദൈവത്തിലേക്കും മനുഷ്യത്വത്തിലേക്കും നമ്മളെ മാടിവിളിച്ച അനുഗ്രഹീതനായ ഗുരുശ്രേഷ്ഠനാണ് ജോർജ് തോമസ് അച്ചൻ.

നമുക്ക് വിദ്യാഭ്യാസത്തിന്റെയും അക്ഷരവെളിച്ചത്തിന്റെയും ദൈവസ്നേഹത്തിന്റെയും ദൈവസമർപ്പണത്തിന്റെയും ആഴമായ പാഠങ്ങൾ പഠിപ്പിച്ച് നമ്മളിൽ നിന്നും കടന്നുപോകുന്ന നമ്മുടെ പ്രിയപ്പെട്ട ഈ വൈദികസഹോദരനിൽ ഞാൻ കണ്ട വലിയ പുണ്യം ദൈവഭക്തിയാണ്. സങ്കീർത്തകൻ പറഞ്ഞിരിക്കുന്നു, "ദൈവഭക്തി ഇല്ലാത്തവരുടെ ഇടയിൽ നിന്ന് എന്റെ ദൈവമേ, എന്നെ നീ കാത്തുകൊള്ളണമേ" എന്ന്. ദൈവഭക്തി കുറഞ്ഞ് മനുഷ്യന്റെ ബുദ്ധിയും യുക്തിയും നിലനിൽക്കുന്നതായ ഒരു കാലഘട്ടത്തിൽ ദൈവത്തിന്റെ വാക്കുകൾക്ക്, ദൈവത്തിന്റെ കല്പനയ്ക്ക് വലിയ തൂക്കം നൽകിയ ഒരു വൈദികസഹോദരനാണ് ജോർജ് തോമസ് അച്ചൻ. നമ്മുടെ കർത്താവ് തന്നെ നമ്മോട് പറയുന്നതും ഇതുതന്നെയാകുന്നു. ഞാൻ എന്റെ പിതാവിന്റെ കല്പനകൾ അനുസരിച്ച്, അവിടുത്തെ ഹിതം നിറവേറ്റി, ഞാൻ അവിടുത്തെ മഹത്വപ്പെടുത്തുന്നു എന്ന്. നമ്മുടെ ആദിമാതാപിതാക്കൾ തുടങ്ങി ഇന്നുവരെയുള്ള എല്ലാ കുറവുകളുടെയും അടിസ്ഥാനം ഈ വിധേയത്വമില്ലാത്തതിന്റെയും അനുസരണമില്ലാത്തതിന്റേതുമാകുന്നു എന്ന് തിരിച്ചറിയണം. നമ്മുടെ പ്രിയപ്പെട്ട അച്ചൻ തന്റെ ജീവിതം അങ്ങനെ വിധേയത്വത്തിലും വിശ്വാസത്തിലും അനുസരണത്തിലും വലിയൊരു മാതൃക നൽകി ദൈവത്തെ മഹത്വപ്പെടുത്തിക്കൊണ്ട് ജീവിച്ചു തീർത്ത ജീവിതം ഒരു മാതൃകാ ജീവിതമാണ്.

രണ്ടുകാര്യങ്ങൾകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കുകയാണ്. ആരുടെയും കാര്യത്തിൽ അദ്ദേഹം ആവശ്യമില്ലാതെ ഇടപെടുന്ന, ഒരു പ്രകൃതി ആയിരുന്നില്ല അദ്ദേഹത്തിന്. സൗമ്യനായി, ശാന്തനായി ചോദിക്കുകയാണെങ്കിൽ മാത്രം ചില കാര്യങ്ങൾ പറയുമെന്നല്ലാതെ, ആരെയും തന്റെ നോട്ടംകൊണ്ടോ വാക്കുകൊണ്ടോ അദ്ദേഹം നോവിച്ചിട്ടില്ല. സൗമനസ്യമുള്ളവനായിട്ട് കഠിനാദ്ധ്വാനത്തോടുകൂടി തന്റെ ജീവിതം സമർപ്പിക്കുന്ന ഒരു വൈദികസഹോദരനെയാണ് നമുക്ക് ജോർജ് തോമസ് അച്ചനിൽ കാണുവാൻ സാധിക്കുന്നത്. ഇത്രമാത്രം പണ്ഡിതനായ ഒരുവൻ. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ വാക്കുകൾ അളന്നുതൂക്കി ആവശ്യമുള്ളതു മാത്രമേ അദ്ദേഹം സംസാരിച്ചിരുന്നുള്ളു. ആര് ഇഷ്ടപ്പെട്ടാലും ഇഷ്ടപ്പെട്ടില്ലെങ്കിലും നാവിൽനിന്നും വരുന്ന വാക്കുകൾ തന്റെ പൂർവികർ തന്നെ പഠിപ്പിച്ച, പുണ്യപിതാവ് മാർ ഈവാനിയോസ് പിതാവ് പരിശീലിപ്പിച്ച, തന്റെ ജോണച്ചനെപ്പോലെയുള്ള അനുഗ്രഹീതരായ ഗുരുഭൂതർ പഠിപ്പിച്ച ആ വശ്യമായ നന്മ മാത്രമാണ് ആ നാവിൽനിന്ന് പുറത്തേക്ക് വന്നത്. അവിടെ ലാഭനഷ്ടങ്ങളല്ല, അച്ചനെ സ്വാധീനിച്ചത്, ദൈവത്തിന്റെ ഹിതം മാത്രമാണ്.

അദ്ദേഹത്തിന്റെ സഭാസ്നേഹത്തെക്കുറിച്ച് പറയേണ്ടതായിട്ടുണ്ട്. സഭാസ്നേഹമെന്നു പറയുന്നത് ഒരു സന്ന്യാസിയുടെ മുഖമുദ്രതന്നെയാണ്. കാരണം, സന്ന്യാസി ആയിരിക്കുന്നത് ഈ സഭയെ എല്ലാ തരത്തിലും അനുഗ്രഹിക്കുവാനും പ്രചോദിപ്പിക്കുവാനുമാകുന്നു. തന്റെ ജീവിതമാകുന്ന ആ വലിയ നന്മ ഈ സഭയ്ക്കുവേണ്ടിയിട്ട് ഒരു ചാലകശക്തിയായി നൽകി അദ്ദേഹം സമർപ്പിച്ചു. കർത്താവായ യേശുക്രിസ്തുവിനെ നാം ഇന്ന് കാണുകയും അനുഭവിക്കുകയും ചെയ്യുന്നത് അവന്റെ ഈ ലോകത്തിലെ തന്നെ യാഥാർത്ഥ്യമായിരിക്കുന്ന

www.malankaralibrary.com

മനുഷ്യാവതാരത്തിന്റെ Extension എന്ന് നമ്മൾ വിളിക്കുന്ന അവന്റെ ഈ പരിശുദ്ധ ശരീരമായ സഭയാണ്, ഈ സഭയോടുള്ള സ്നേഹം അദ്ദേഹത്തിന് വലുതാണെന്ന് നമുക്കറിയാം. ഏറ്റം അവസാനമായി സംബന്ധിച്ചതായ പ്രധാനപ്പെട്ട സമ്മേളമായിരുന്നു നമ്മുടെ തിരുവനന്തപുരത്ത് വച്ചുനടന്ന അസാധാരണ ജനറൽ സിനാക്സിസ്. അതിൽ ബാവാ തിരുമേനിയെ വളരെ പ്രത്യേകമായി എണ്ണമിട്ട്, അക്കമിട്ട് പിതാവിനെ ഒരു സഭാശ്രേഷ്ഠൻ, ഒരു സഭയുടെ തലവൻ എന്ന തലത്തിൽ, ഒരു സഹോദരൻ എന്ന തലത്തിൽ പ്രിയപ്പെട്ട അച്ചൻ അനുമോദിച്ചത് എനിക്ക് കേൾക്കാനും അറിയാനും ഇടയായത് ഇവിടെ പങ്കുവയ്ക്കട്ടെ. നമുക്ക് ഈ പ്രിയപ്പെട്ട വൈദിക സഹോദരനിൽ കാണുവാൻ സാധിക്കുന്ന ദൈവസ്നേഹത്തിന്റെ വളരെ പ്രസ്പഷ്ടമായ ഭാവമായ വി. സഭയോടുള്ള സ്നേഹം. ബഥന്യർ മാത്രമല്ല ധാരാളം സഭാമക്കൾ ഇവിടെ സന്നിഹിതരാണ്. ഈ അച്ചൻ വിശാലമായ സഭയുടെ അവിഭാജ്യഘടകമായി ബഥനിയെ സംയോജിപ്പിച്ച ഒരു വലിയ വ്യക്തിത്വമായിരുന്നു.

എന്നെ സംബന്ധിച്ച് ഈ അതിരൂപതയുടെ അദ്ധ്യക്ഷനെന്ന നിലയിൽ ഞാൻ അച്ചനെ ഭരമേല്പിച്ച എല്ലാ ശുശ്രൂഷകളും തികഞ്ഞ ആത്മാർത്ഥതയോടും വലിയ സ്നേഹത്തോടും കൂടിയാണ് അച്ചൻ നിർവഹിച്ചത്. അച്ചൻ നിയമിക്കപ്പെട്ട ഇടങ്ങളൊന്നും അത്ര എളുപ്പമായ സ്ഥലങ്ങളായിരുന്നില്ല. പക്ഷേ, കഠിനാധ്വാനത്തിലും ദൈവാശ്രയബോധത്തിലും അദ്ദേഹം അവിടെയുള്ള സർവജനങ്ങളെയും സ്വന്തമാക്കി എന്നുള്ളതാണ് സത്യം. അവിടെയുള്ള അനേകം മക്കൾ എന്നോട് സംസാരിക്കുമ്പോൾ എനിക്ക് ഇത് അറിയുവാൻ സാധിച്ചു. അമ്പാട്ടുഭാഗത്തെ ദേവാലയം നിർമിക്കുക എന്ന ക്ലേശകരമായ ദൗത്യമായിരുന്നു അച്ചനെ ഞാൻ അവസാനമായി ഭരേല്പിച്ചത്. എന്നാൽ അച്ചന് ആ വലിയ ശുശ്രൂഷ വളരെ മനോഹരമാക്കി. ഈ പ്രദേശത്ത് കാണാവുന്ന ശ്രേഷ്ഠമായ മലങ്കര പൈതൃകത്തിന്റെ പൂർണതയിൽ കഠിനാധ്വാനം ചെയ്ത് അവിടെ നവദേവാലയം പണിതുയർത്തി. ആ പ്രിയപ്പെട്ട മക്കളുടെ അടുത്തേക്ക്, അനാഥരായവരുടെ അടുക്കലേക്ക് ദൈവം ഇടയനെ അയച്ചതുപോലെ ദേവാലയം നിർമിക്കുവാൻ അച്ചനെ അയച്ചു. അച്ചൻ മരിച്ച ദിവസം തന്നെ അവരുടെ സങ്കടം കാണുവാനിടയായി. ഒരുപക്ഷേ ഏറ്റവും ആദ്യം ഓടിവന്നതിൽ കുറേയാളുകൾ അമ്പാട്ടുഭാഗത്തുനിന്നായിരുന്നു. അതിന്റെ കാരണം അവർക്ക് സാധിക്കാത്ത ഒരു കാര്യം പ്രിയപ്പെട്ട അച്ചൻ നേതൃത്വമെടുത്ത് എന്നെന്നേയ്ക്കുമായി കർത്താവായ യേശുക്രിസ്തുവിന്റെ രണ്ടാം വരവുവരെ അവിടുത്തേക്ക് അനുഗ്രഹകരമായ ആരാധന സമർപ്പിക്കുവാൻ സാധിക്കുന്ന ഒരു നവദേവാലയം നിർമിക്കുവാൻ മുൻകൈയെടുത്ത് നേതൃത്വം നല്കി അവരെ ശക്തിപ്പെടുത്തിയത് അച്ചനായതുകൊണ്ടാണ്.

ആയതുപോലെതന്നെ, അധികമൊന്നും ആർക്കുമറിയാത്ത ഒരു ശുശ്രൂഷകൂടി ഞാൻ അച്ചനെ ഏല്പിച്ചിരുന്നു. നമ്മുടെ അതിഭദ്രാസനത്തിലെ മുഴുവൻ സന്ന്യസ്തരെയും പ്രത്യേകമായ ആത്മീയ ഉപദേഷ്ടാവ് എന്ന ഒരു ദൗത്യം ഞാൻ അച്ചനെ ഭരമേല്പിച്ചിരുന്നു. ഈ അതിരൂപതയുടെ സന്ന്യാസശുശ്രൂഷകളിൽ എന്നെ സഹായിക്കുവാനായിട്ട് ഞാൻ നിയോഗിച്ചത് പ്രിയപ്പെട്ട അച്ചനെയായിരുന്നു. ഓരോരോ സന്ദർഭങ്ങളിൽ വേദനയുടെയും, സന്തോഷത്തിന്റെയും സന്ദർഭങ്ങളിൽ അവിടെയെല്ലാം എനിക്ക് വലിയ കരുത്ത് പകർന്ന പ്രിയപ്പെട്ട വൈദികസഹോദരൻ, എന്റെ ജോർജ് തോമസച്ചൻ.

പ്രിയപ്പെട്ടവരെ, നിസാരമായ ഒരു ജീവിതമല്ല ഈ 74-ാമത്തെ വർഷത്തിൽ പൊലിഞ്ഞിരിക്കുന്നത്. ജീവിതംകൊണ്ട് സമ്പന്നമായി, ഇനിയൊന്നും ചെയ്യാനില്ല എന്ന

www.malankaralibrary.com

രീതിയിൽ എല്ലാം പൂർത്തിയാക്കി അത് കണ്ട് അച്ചനിതാ സന്തോഷത്തോടെ ദൈവസന്നിധിയിലേക്ക് യാത്രയാകുന്നു. അച്ചനെ നല്കിയ വത്സലമാതാപിതാക്കളെ ഞാൻ ഓർക്കുകയാണ്. ആ ഇടവകസമൂഹത്തെ ഓർക്കുകയാണ്. കല്ലുങ്കൽ കുടുംബത്തെ സംബന്ധിച്ചിടത്തോളം പ്രിയപ്പെട്ട അച്ചൻ അവരിൽനിന്ന് കടന്നുപോകുമ്പോൾ വലിയൊരു വിടവാണ് അവിടെ ഉണ്ടാകുന്നത്. അത് ബഥാനിയരായിരിക്കുന്ന ഈ സമൂഹത്തിനും വൈദികരായിരിക്കുന്ന നമുക്കും സന്ന്യസ്തർക്കും ദൈവജനത്തിനും ഒരേപോലെയുള്ള ഒരു അനുഭവം തന്നെയാണ്. എന്നാൽ നമ്മുടെ അച്ചൻ പോകുന്നത് കർത്താവ് പറഞ്ഞതുപോലെ, കണ്ണ് കണ്ടിട്ടില്ലാത്തതും ചെവി കേട്ടിട്ടില്ലാത്തതും മനുഷ്യസങ്കല്പത്തിൽ എത്തിച്ചേർന്നിട്ടില്ലാത്തതുമായ തന്റെ സ്നേഹിതർക്കുള്ള സമ്മാനത്തിലേക്കാണ്.

കർത്താവ് ഈ മകനെ നോക്കിക്കൊണ്ട്, 'എന്റെ സ്നേഹിതാ' എന്നാണ് വിളിക്കുന്നത്. കാരണം ആ പാതകൾ പിന്തുടർന്ന ജോർജ് തോമസ് അച്ചൻ അനുഗ്രഹീതനാണ്. കണ്ണുനീരുകളല്ല സത്യത്തിൽ, അച്ചന്റെ മുമ്പിൽ തോന്നുന്നത് അഭിമാനബോധമാണ്. ഈ ക്രിസ്തീയ ജീവിതം ഇത്രയും സമ്പന്നമായ തലത്തിൽ ദൈവത്തിനും മനുഷ്യർക്കും ലോകത്തിനുംവേണ്ടി ജീവിച്ച പ്രിയപ്പെട്ട അച്ചാ, അങ്ങ് സമാധാനത്തോടുകൂടിയാണ് പോകുന്നത്. പോകുന്ന വഴിയിൽ ഞങ്ങളെ അനുഗ്രഹിക്കുന്നതിന് ഞങ്ങൾ അങ്ങേ പ്രത്യേകമായിട്ട് ചുമതലപ്പെടത്തുകയാണ്. പിതാവിന്റെ സന്നിധിയിൽ ആയിരുന്നുകൊണ്ട് ഞങ്ങളെ ഓർക്കേണമേ. നമ്മുടെ അച്ചൻ സത്യത്തിൽ നമുക്ക് വലിയ അഭിമാനമാണ്. നമ്മുടെ അച്ചനെ കർത്താവ് കൂടുതൽ കൂടുതൽ അനുഗ്രഹത്തിലേക്ക് കൂട്ടിക്കൊണ്ട് പോകുമ്പോൾ അവന്റെ ആ വലിയ വിളിയുടെ മുമ്പിൽ കരങ്ങൾ കൂപ്പുന്നു. പരിശുദ്ധ അമ്മയുടെ തിരുവസ്ത്രത്തിന്റെ സംരക്ഷണത്തിൽ നിങ്ങളെയും പ്രത്യേകിച്ച് നമ്മുടെ പ്രിയപ്പെട്ട ജോർജ് തോമസ് അച്ചനെയും ഭരമേല്പിച്ചുകൊണ്ട് പിതാവിന്റെയും പുത്രന്റെയും ജീവനുള്ള പരിശുദ്ധ റൂഹായുടെയും തിരുനാമത്തിൽ ആമേൻ.

www.malankaralibrary.com

# നിയോഗങ്ങൾ നിറവേറ്റിയ സന്ന്യാസി

**മോസ്റ്റ് റവ. ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റോം**
(മൃത സംസ്കാര ശുശ്രൂഷയിലെ പ്രസംഗത്തിൽ നിന്ന്)

നമ്മുടെ പൗരോഹിത്യ കൂട്ടായ്മയിൽനിന്നും സഭാകൂട്ടായ്മയിൽനിന്നും ദൈവസന്നിധിയിലേക്ക് പോയിരിക്കുന്ന കല്ലുങ്കൽ ദേശത്തുള്ള ഈ ബഥനി സന്ന്യാസി സമൂഹത്തിലെ ശ്രേഷ്ഠനായ വന്ദ്യനായ ജോർജ് തോമസ് അച്ചനെ നാം ഔദ്യോഗികമായി ദൈവസന്നിധിയിലേക്ക് യാത്രയാക്കുന്ന സമയമാണിത്. നമ്മോടൊത്ത് 74 വർഷങ്ങൾ അദ്ദേഹം ജീവിച്ചു. ശ്രേഷ്ഠമായ ഒരു ജീവിതത്തിന്റെ ഉടമയായ അച്ചൻ ചെയ്യേണ്ടതായിരുന്ന എല്ലാ ചുമതലകളും പൂർത്തിയാക്കിക്കൊണ്ടാണ് ഈ വന്ദ്യപുരോഹിതൻ, ഈ സന്ന്യാസസഹോദരൻ കടന്നുപോയിരിക്കുന്നത്. തന്റെ യാത്രയയപ്പിനുവേണ്ട എല്ലാ ക്രമീകരണങ്ങളും ചെയ്തുകൊണ്ട് ഇപ്പോൾ പോയിരിക്കുന്ന ഈ സന്ന്യാസശ്രേഷ്ഠനെ നാം അനുഗ്രഹത്തോടെ യാത്രയാക്കി ദൈവത്തിന് നന്ദി പറയാം. കല്ലുങ്കൽ ദേശത്ത് ജനിച്ചുവളർന്ന് ബഥനിയുടെ പൈതൃകത്തിൽ ജീവിച്ചുവളർന്ന ഒരു ശ്രേഷ്ഠനായ സന്ന്യാസി പുരോഹിതൻ. അദ്ദേഹത്തിന്റെ ജീവിതം നമുക്കെല്ലാവർക്കും ഒരു മാതൃക തന്നെയായിരുന്നു എന്നുള്ളതിന് സംശയമില്ല. ചില മാസങ്ങൾക്കുമുമ്പേ കല്ലുങ്കൽ ദേവാലയത്തിൽ ഒരു ഞായറാഴ്ച പ്രഭാതത്തിൽ അച്ചന്റെ സുവർണജൂബിലിയുടെ ആഘോഷത്തിൽ ഞാൻ പങ്കെടുത്തു. ഞാനും കുടുംബത്തിലെ ഒരു ബന്ധു എന്നുള്ള രീതിയിൽ അദ്ദേഹത്തോട് ചേർന്നുകൊണ്ട് വി.കുർബാനയിൽ അദ്ദേഹത്തിന്റെ നന്മകൾക്കായി, അനുഗ്രഹത്തിനായി പ്രാർത്ഥിച്ചു. ആശംസകളും പ്രാർത്ഥനകളുമൊക്കെ അറിയിച്ചു.

പൗരോഹിത്യത്തിന്റെ ആരംഭകാലം മുതൽ ഞങ്ങൾ തമ്മിൽ പരിചയപ്പെടുന്നതിനും ആ പരിചയം കൂടുതൽ അനുഗ്രഹപൂർണമായി തീരുന്നതിനും പിന്നീടുള്ള കാലയളവിൽ സാധിച്ചിട്ടുണ്ട്. അച്ചൻ പണികഴിപ്പിച്ചുകൊണ്ടിരുന്ന അമ്പാട്ടുഭാഗം ദേവാലയത്തിന്റെ കൂദാശയ്ക്കു എന്നെ ക്ഷണിക്കുവാൻ അരമനയിൽ വന്നിരുന്നു. ലളിതമായ ശൈലിയിൽ അദ്ദേഹമെന്നെ ക്ഷണിച്ചുകൊണ്ട് ദേവാലയത്തിന്റെ കൂദാശകർമ്മത്തിൽ പങ്കെടുക്കണമെന്ന് ആവശ്യപ്പെട്ടപ്പോൾ പോകാൻ സാധിച്ചില്ല എങ്കിലും, അച്ചൻ ഒരു അനുഗ്രഹത്തിന്റെ സംഭാവന കൊടുത്തുകൊണ്ട് ആ ദേവാലയത്തിന്റെ കൂദാശയിൽ ആത്മീയമായി ഞാനും പങ്കെടുത്തു. തീർച്ചയായിട്ടും അച്ചന്റെ ആ വലിയ സ്നേഹം കണ്ട് അനുഭവിച്ചിട്ടുള്ള ഒരു മെത്രാൻ എന്ന നിലയിൽ അദ്ദേഹത്തിന്റെ സഭാജീവിതത്തെക്കുറിച്ച് എനിക്ക് ആത്മാർത്ഥമായിട്ട് പറയാൻ കഴിയും. ബഥനിയുടെ സന്ന്യാസസമൂഹത്തിന്റെ സുപ്പീര്യർ ജനറലായി ഏകദേശം 12 വർഷത്തോളം തന്റെ സേവനമനുഷ്ഠിച്ചല്ലോ. എന്തായിരുന്നു സേവനം? അധികാരിയായിരിക്കുക എന്നത് സേവനമാണോ? അത് സേവനമായി പരിപൂർണമായി കണ്ടുകൊണ്ട് ആ സേവനം അധികാരത്തെ പിടിച്ചുവലിക്കുന്നതിനുവേണ്ടിയല്ലെന്നും അതൊരു ശുശ്രൂഷയാണെന്നും അച്ചന്റെ എല്ലാ പ്രവർത്തനങ്ങളിൽ നിന്നും എനിക്ക് ബോധ്യപ്പെട്ടിട്ടുണ്ട്.

ഈ കഴിഞ്ഞ രണ്ടുമൂന്നാഴ്ചകൾക്കുമുമ്പ് ബഥനി സന്ന്യാസിസമൂഹത്തിലെ ശെമ്മാശന്റെ ശവസംസ്കാരവേളയിൽ തിരുവനന്തപുരത്തുവച്ച് ജോർജച്ചനെ ഞാൻ കണ്ടപ്പോൾ ക്ഷീണിതനായി തോന്നി. അപ്പോൾ ഞാൻ ചോദിച്ചു, "അച്ചാ, അച്ചന് ക്ഷീണമുണ്ടോ?" "ഓ,

www.malankaralibrary.com

പ്രായത്തിന്റെയാ പിതാവേ, ചെറിയ ക്ഷീണമൊക്കെയുണ്ട്" എന്ന് പറഞ്ഞു. അതുകഴിഞ്ഞ് രണ്ടാഴ്ച കഴിഞ്ഞപ്പോൾ ഞാനീ ആശ്രമത്തിന്റെ മുറ്റത്ത് വന്ന് വന്ദ്യനായ ഇഗ്നേഷ്യസ് അച്ചനെയും കൂട്ടി ഒരു യാത്രയ്ക്ക് പോകുവാൻ വന്നപ്പോൾ ഈ വന്ദ്യനായ വൈദികൻ ഇറങ്ങിവന്ന് കൈമുത്തി അനുഗ്രഹം പ്രാപിച്ച് ഞങ്ങളെ യാത്രയാക്കി. അത് ഈ ഭൂമിയിലെ അവസാനത്തെ കാഴ്ചയായിരുന്നു. ഇതൊക്കെ ഞാൻ പറഞ്ഞത്, അച്ചൻ ഈ യാത്രയ്ക്ക് പണ്ടുതന്നെ ഒരുങ്ങിയിരുന്നു എന്നതിനാലാണ്. തന്റെ സൃഷ്ടാവായ ദൈവം തന്നെ ഏൽപ്പിച്ച ജോലി പരിപൂർണമാക്കി, അധികാരം തന്നെ ഏല്പിച്ചത് ശുശ്രൂഷയ്ക്കുവേണ്ടി മാറ്റിവെച്ച്, ഈ സന്ന്യാസസമൂഹത്തിന്റെ ശുശ്രൂഷ വളരെ വിജയകരമായി നടത്തിയെന്ന് ഞങ്ങളൊക്കെ കണ്ടുകേട്ടിട്ടുണ്ട്. അതിനുശേഷവും തന്റെ ജീവിതം അധികാരികൾ നിർദേശിച്ചതുപോല പിന്തുടർന്നു.

അഭിമാനത്തോടുകൂടി നമുക്ക് പറയുവാൻ കഴിയും, ബഥനിയുടെ ശക്തിയായിരുന്നു വന്ദ്യനായ ഈ വൈദികശ്രേഷ്ഠൻ, ഈ സന്ന്യാസി. അണുപോലും വ്യത്യാസം വരുത്താതെ സന്ന്യാസത്തിന്റെ നിഷ്ഠകൾ പാലിച്ചുകൊണ്ട് പ്രാർത്ഥനകളും ഉപവാസങ്ങളും അനുഷ്ഠിച്ചുകൊണ്ട് തന്റെ സന്ന്യാസത്തിന്റെ പൂർണതയിൽ താൻ എത്തുന്നതിന് ശ്രമിച്ചുകൊണ്ടേയിരുന്നു. അതു പൂർത്തീകരിച്ചിരിക്കുകയാണല്ലോ. ഇടവക ഭരിക്കുന്നതിനും ഇടവകയുടെ ശുശ്രൂഷകൾ നടത്തുന്നതിനും സന്ന്യാസമന്ദിരത്തിന്റെ ചുമതലകൾ ഏറ്റെടുത്തുകൊണ്ട് അതിനെ നടത്തുന്നതിനും ഈ പ്രദേശത്തിനടുത്തുള്ള സന്ന്യാസ മന്ദിരങ്ങളിലെ ആത്മീയപിതാവായിട്ട് ശുശ്രൂഷിക്കുന്നതിനും (Spiritual Father) ആ ശുശ്രൂഷകളൊക്കെ നടത്തി തന്റെ ജീവിതത്തെ സമർപ്പിച്ച ഒരു ശ്രേഷ്ഠാചാര്യൻ. ഈ സന്ന്യാസ സഹോദരനെ നമുക്ക് ദൈവത്തിന്റെ കരങ്ങളിൽ ഏല്പിച്ചുകൊണ്ട് സംതൃപ്തി അടയാം.

റോമിൽ പോയി വലിയ ഡോക്ടറേറ്റ് ഡിഗ്രിയൊക്കെ വാങ്ങിച്ചുകൊണ്ടുവന്ന് അതൊക്കെയും സഭയുടെ വളർച്ചയ്ക്കും സന്ന്യാസസമൂഹത്തിന്റെ വളർച്ചയ്ക്കും പുരോഗതിക്കുമായി ഉപയോഗിച്ചു. കല്ലുങ്കൽ കുടുംബത്തിന് മാത്രമല്ല, ആ പ്രദേശത്തിനു മാത്രമല്ല നമ്മുടെ സഭയ്ക്ക് അദ്ദേഹം ലാഭമായി തീർന്നിരിക്കുന്നു. തന്റെ ശുശ്രൂഷകളൊക്കെയും അവസാനിപ്പിച്ചു. ഞാൻ ഓർക്കുകയാണ്, എത്രയോ സന്ന്യാസസഹോദരങ്ങളെ ഈ ദേവാലയത്തിന്റെ മദ്ധ്യത്തിൽവച്ച് നിത്യതയിലേക്ക് വിടുന്നതിനുവേണ്ടി അദ്ദേഹം ശുശ്രൂഷ നടത്തി. അവരൊക്കെയും ഇതിന്റെ പരിസരത്ത് അന്തിമ വിശ്രമം കൊള്ളുകയാണല്ലോ. ഇന്ന് ജോർജ് തോമസ് അച്ചനും ആ സഹോദരങ്ങളോടു ചേർന്നുകൊണ്ട് നിത്യവിശ്രമത്തിലേക്ക് പ്രവേശിക്കുന്നു. ഭാഗ്യപ്പെട്ട ഒരു മരണം. എല്ലാം പൂർത്തിയാക്കിയ ഒരു മരണം. തനിക്ക് ചില രോഗങ്ങളുണ്ടായിരുന്നു എന്ന് ചിലരൊക്കെ പറയുന്നതു കേട്ടു. അതൊന്നും ഗൗരവമാക്കാതെ പൂർണമായ ദൈവാശ്രയത്തോടുകൂടി കടന്നുപോയ ഈ ആചാര്യന് നിത്യഭാഗ്യം കൊടുക്കട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

www.malankaralibrary.com

# ദൈവപ്രീതിയുടെ ധന്യജീവിതം

**ഫാ. ജോസി താമരശേരി സി.എം.ഐ**

(മൃത സംസ്കാര ശുശ്രൂഷയിലെ പ്രസംഗത്തിൽ നിന്ന്)

എത്രയും ബഹു. ജോർജ് തോമസ് അച്ചന് ആദരാഞ്ജലികൾ അർപ്പിക്കുവാനായിട്ട് ഇവിടെ നിൽക്കുമ്പോൾ ഏശയ്യായുടെ പുസ്തകം 41-ാം അദ്ധ്യായം 9 മുതൽ 11 വരെയുള്ള വചനങ്ങളാണ് എനിക്കോർമ്മ വരുന്നത്. ‘‘നീ എൻെറ ദാസനാണ്. ഞാൻ നിന്നെ തിരഞ്ഞെടുത്തു; ഇനി ഒരിക്കലും ഉപേക്ഷിക്കുകയില്ല എന്നു പറഞ്ഞുകൊണ്ട് ഭൂമിയുടെ അതിർത്തികളിൽനിന്നു ഞാൻ നിന്നെതിരഞ്ഞെടുത്തു; വിദൂര ദിക്കുകളിൽനിന്നു ഞാൻ നിന്നെ വിളിച്ചു. ഭയപ്പെടേണ്ടാ, ഞാൻ നിന്നോടുകൂടെയുണ്ട്. സംഭ്രമിക്കേണ്ടാ, ഞാനാണ് നിന്റെ ദൈവം. ഞാൻ നിന്നെ ശക്തിപ്പെടുത്തുകയും സഹായിക്കുകയും ചെയ്യും. എന്റെ വിജയകരമായ വലത്തുകൈകൊണ്ടു ഞാൻ നിന്നെ താങ്ങിനിർത്തും.” ദൈവം തെരഞ്ഞെടുത്ത് സ്വന്തമാക്കിയ അവിടുത്തെ നീതിയുടെ വലംകൈകൊണ്ട് മുറുകെ പിടിച്ച് ശക്തിപ്പെടുത്തിയ ഒരു വിശുദ്ധ ജീവിതത്തെ തികച്ചും അപ്രതീക്ഷിതവും ആകസ്മികവുമായിട്ട് ദൈവം ഇന്ന് തിരികെ എടുത്തിരിക്കുകയാണ്. ബഹു. ജോർജ് തോമസ് അച്ചന്റെ ഈ ആകസ്മികമായ നിര്യാണത്തിൽ ഒ.ഐ.സി. സമൂഹത്തോടും പ്രത്യേകമായിട്ട് നവജ്യോതി പ്രോവിൻസിലെ അംഗങ്ങളോടും, ഈ ദയറായിലെ സമൂഹാംഗങ്ങളോടും അതിലുപരിയായി കല്ലുങ്കൽ കുടുംബത്തോടും എന്റെ അനുശോചനവും പ്രാർത്ഥനയും ഈ അവസരത്തിൽ നേരുകയാണ്.

ഈ നിര്യാണവിവരം സീറോമലബാർ സഭയുടെ കൂരിയ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ പിതാവുമായിട്ട് പങ്കുവച്ചപ്പോൾ അദ്ദേഹം തന്റെ സെമിനാരികാലഘട്ടത്തിൽ വടവാതൂരിൽ പഠിച്ചപ്പോൾ അച്ചനുമായുള്ള പരിചയം എന്നോടു പറയുകയുണ്ടായി. എല്ലാവരുടെയും സ്നേഹാദരവുകളും ബഹുമാനവും പിടിച്ചുപറ്റുന്ന അത്രയും ഹൃദ്യമായ ഒരു പെരുമാറ്റത്തിന്റെ ഉടമയാണ് അച്ചനെന്ന് അദ്ദേഹം ഓർക്കുകയും ഈ അവസരത്തിൽ പിതാവിന്റെ അനുശോചനം ഒ.ഐ.സി സഭാംഗങ്ങളെയും അതുപോലെതന്നെ കല്ലുങ്കൽ കുടുംബാംഗങ്ങളെയും അറിയിച്ചിട്ടുണ്ട്. ബഹു. ജോർജ് തോമസ് അച്ചനെ പരിചയപ്പെട്ടിട്ട് അധികം നാളായില്ലെങ്കിലും - വളരെ ചുരുങ്ങിയ ഇടപെടലുകൾ മാത്രമേ അദ്ദേഹവുമായിട്ട് ഉണ്ടായിട്ടുള്ളുവെങ്കിലും - എന്നെ ഒത്തിരിയേറെ സ്പർശിച്ച ഒരു വ്യക്തിത്വമാണ് ബഹു. ജോർജ്ജ് തോമസ് അച്ചൻ.

അദ്ദേഹത്തിന്റെ ആഴമായിട്ടുള്ള ആദ്ധ്യാത്മിക കാഴ്ചപ്പാടുകൾ, ബഥനി സമൂഹത്തിന്റെ ആദ്ധ്യാത്മികതയെക്കുറിച്ചുള്ള ഉൾബോധവും, ബഥനിസമൂഹത്തിന്റെ സ്ഥാപകപിതാവായ ധന്യൻ മാർ ഈവാനിയോസ് പിതാവിന്റെ ദർശനവും ആധികാരികമായിട്ട് മനസിലാക്കിക്കൊണ്ട് തന്റെ സന്ന്യാസവിളിയോട് ഏറ്റവും വിശ്വസ്തതയോടുകൂടി ജീവിച്ച ഒരു പുണ്യാത്മാവിട്ടാണ് ഞാൻ ബഹു. ജോർജ് തോമസ് അച്ചനെ മനസിലാക്കുന്നത്. അദ്ദേഹത്തിന്റെ ജീവിതസാക്ഷ്യത്തിൽ ഊന്നിയ ആധികാരികത മൂലം ഈ അടുത്തിടെ സമാപിച്ച ഒ.ഐ.സി സമൂഹത്തിന്റെ Extra Ordinary General Synaxis-ൽ വളരെ ക്രിയാത്മകമായ വിധത്തിൽ തന്റെ കാഴ്ചപ്പാടുകളും ഇടപെടലുകളുമൊക്കെ നടത്തി ഈ സമൂഹത്തിന് ദിശാബോധം നൽകത്തക്ക വിധത്തിൽ തന്റെ കാഴ്ചപ്പാടുകൾ അദ്ദേഹം പങ്കുവെച്ചത് ഞാനിന്നും സജീവമായിട്ട് ഓർക്കുകയാണ്.

www.malankaralibrary.com

ഈ സഭയുടെ സുപ്പീര്യർ ജനറലും അതുപോലെതന്നെ നേതൃസ്ഥാനത്തുമൊക്കെ വളരെ സജീവസാന്നിധ്യമായി വർഷങ്ങളായിട്ട് അച്ചനുണ്ടായിരുന്നു. അതുകൊണ്ടുതന്നെ ഈ ബഥനി സമൂഹത്തിന് മലങ്കരസഭയ്ക്കും ആഗോളസഭയ്ക്കുമുള്ള സാംഗത്യത്തെക്കുറിച്ച് ഒത്തിരിയേറെ ഉൾക്കാഴ്ചകളും കാഴ്ചപ്പാടുകളുമൊക്കെ ഉണ്ടായിരുന്ന ഒരു വന്ദ്യ സമർപ്പിതവൈദികനാണ് ജോർജ്ജ് തോമസ് അച്ചൻ. നിശബ്ദതയിലൂന്നിയ തികച്ചും ശാന്തവും ഹൃദ്യവുമായ ഒരു പെരുമാറ്റശൈലിയുടെ ഉടമയായ ഈ സന്ന്യാസവൈദികൻ എപ്പോഴും ഒരു ചെറുപുഞ്ചിരിയോടെ എല്ലാവരെയും സമീപിക്കുകയും തന്നെ സമീപിക്കുന്നവരെ സ്വീകരിക്കുകയും ചെയ്തതും അതുപോലെ താനുമായി ഇടപഴകിയവർക്കെല്ലാവർക്കും സുവിശേഷത്തിന്റെ ആനന്ദം പകർന്നു നൽകിക്കൊണ്ട് താൻ സ്നേഹിച്ച് അറിഞ്ഞ് സ്വന്തമാക്കിയ ക്രിസ്തുവിനെ ബഥനിയുടെ ചൈതന്യത്തിൽ പകർന്നു നൽകിയ നല്ല ഒരു അജപാലകൻ കൂടിയാണ് എന്ന് ഞാൻ ഓർക്കുകയാണ്.

ഈ അവസരത്തിൽ ഏശയ്യാ പ്രവാചകന്റെ പുസ്തകം 42-ാം അദ്ധ്യായത്തിലെ ഒരു വാക്യമാണ് അദ്ദേഹത്തിന്റെ ജീവിതത്തെ നിർവചിക്കുവാനായിട്ട് ഞാൻ ഇവിടെ ഉദ്ധരിക്കുവാനായിട്ട് ആഗ്രഹിക്കുന്നത്, "എന്റെ ആത്മാവ് സംപ്രീതനായിരിക്കുന്ന എന്റെ തെരഞ്ഞെടുക്കപ്പെട്ടവൻ, എന്റെ ചൈതന്യം ഞാൻ അവനുമേൽ വർഷിച്ചു. അവന്റെ ജനതകൾക്കായി ഞാൻ എന്റെ നീതി വെളിപ്പെടുത്തും" അതേ ഈ വാക്കുകൾ എന്നും അച്ചന്റെ ജീവിതത്തിൽ അച്ചൻ അന്വർത്ഥമാക്കിയിരുന്നു. അദ്ദേഹത്തിന്റെ ആകസ്മികവും അപ്രതീക്ഷിതവുമായ വേർപാട് നമുക്ക് എല്ലാവർക്കും പ്രത്യേകമായി ഒ.ഐ.സി. സമൂഹാംഗങ്ങൾക്കും കല്ലുങ്കൽ കുടുംബാംഗങ്ങൾക്കും വേദന ഉളവാക്കുന്ന ഒന്നാണെന്ന് നമുക്കറിയാം. എന്നാലും അദ്ദേഹത്തിന്റെ ഈ കടന്നുപോകൽ താൻ ജീവിച്ചതുപോലെ തന്നെ ശാന്തസുന്ദരമായ ഒരു കടന്നുപോകലാണ് അച്ചന്റെ മരണവും. ഈ അവസരത്തിൽ അച്ചന്റെ സ്നേഹസാന്നിധ്യത്തെ നമുക്ക് സന്തോഷത്തോടുകൂടി യാത്രയാക്കുകയും അച്ചനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യാം. അതുപോലെ തന്നെ നമ്മുടെ എല്ലാവരുടെയും പ്രാർത്ഥനകൾ അച്ചൻവഴി ദൈവത്തിന് സമർപ്പിക്കാം. നല്ലവനായ ദൈവം അച്ചന് നിത്യസമ്മാനം നൽകട്ടെ എന്ന് ഈ അവസരത്തിൽ പ്രാർത്ഥിക്കുയും ആശംസിക്കുകയും ചെയ്യുന്നു.

www.malankaralibrary.com

# ജോർജ്ജ് തോമസ് അച്ചൻ എന്ന അപൂർവ്വ വ്യക്തിത്വത്തിന്റെ അതിശയഭംഗികൾ

റവ. സിസ്റ്റർ ഡോ. ആർദ്ര എസ്. ഐ. സി

അമൂല്യമായ സ്മരണകളുടെ ദീപ്തമുദ്ര ജനഹൃദയങ്ങളിൽ പതിപ്പിച്ച ഒരു വന്ദ്യപുരോഹിതന്റെ അപൂർവ്വ വ്യക്തിത്വത്തിന്റെ അതിശയഭംഗികൾ എത്ര ഹൃദ്യം! ആരവങ്ങൾ നിറഞ്ഞ ആൾക്കൂട്ടത്തിൽ നിശബ്ദതയുടേയും സൗമ്യതയുടേയും ആഴമായ പ്രാർത്ഥനയുടേയും നിസ്വാർത്ഥമായ സമർപ്പണത്തിന്റേയും മാതൃകയായി പരിലസിച്ച ബഥാന്യൻ, ശാന്തമായൊഴുകിയ തെളിനീരുപോലെ മറ്റുള്ളവരുടെ ഹൃദയങ്ങളിൽ ആത്മീയതയുടെ കുളിർമയേകിയ പുരോഹിതൻ, അവസാന ശ്വാസം വരെയും കർമ്മനിരതനായ അജപാലകൻ. ആകസ്മികമായ ജീവിതത്തിന്റെ തിരശ്ശീലയ്ക്ക് പിന്നിലേക്ക് കടന്നുപോയ ജോർജ് തോമസ് അച്ചന്റെ ദീപ്തസ്മരണകൾക്ക് മുന്നിൽ സ്നേഹപ്രണാമം. "വിശുദ്ധമായവ വിശുദ്ധിയോടെ ചെയ്യുന്നവർ വിശുദ്ധരാകും. അവ അഭ്യസിക്കുന്നവർ രക്ഷ കണ്ടെത്തും" (ജ്ഞാനം 6:10).

തന്റെ സന്ന്യാസപൗരോഹിത്യ ജീവിതം ഇത്രയും വിശുദ്ധവും സേവന ധന്യവുമാക്കിയ ഒരു പുരോഹിതനെ കണ്ടെത്തുക വളരെ ശ്രമകരമാണ്. അനുദിന ജീവിതകൃത്യങ്ങൾ വിശുദ്ധിയോടെ നിറവേറ്റി വിശുദ്ധ ജീവിതം നയിക്കാനാണ് ഓരോ സമർപ്പിതനും വിളിക്കപ്പെട്ടിരിക്കുന്നത് എന്ന ധന്യൻ മാർ ഈവാനിയോസ് പിതാവിന്റെ സന്ദേശം ഹൃദയത്തിൽ സ്വീകരിച്ച ഒരു ഉത്തമ ശിഷ്യനെയാണ് ജോർജ്ജ് തോമസ് അച്ചനിൽ നമുക്ക് കാണാൻ സാധിക്കുന്നത്. നിരവധി നന്മകളും മൂല്യങ്ങളും സമ്മിശ്രമായി സമ്മേളിക്കുന്ന അനന്യസാധാരണമായ ഒരു വ്യക്തിത്വത്തിന് ഉടമയായിരുന്നു അദ്ദേഹം. തന്റെ സന്ന്യാസ വ്യക്തിത്വവും പൗരോഹിത്യത്തിന്റെ കൃപകളും താനുമായി ബന്ധപ്പെട്ടവർക്കെല്ലാം അതിന്റെ പൂർണ്ണതയിൽ നൽകുവാൻ അദ്ദേഹം പരിശ്രമിച്ചിരുന്നു. അച്ചന്റെ വ്യക്തിത്വത്തിൽ നിഴലിച്ചിരുന്ന ഒരു സവിശേഷഭാവമായിരുന്നു ലാളിത്യം. ശിശുസഹജമായ ദൈവാശ്രയവും ദൈവഹിതത്തിന് സമ്പൂർണ്ണമായ സമർപ്പിക്കലും ലാളിത്യത്തിന്റെ ആത്മീയതലമാണ്. മനുഷ്യരോടും ദൈവത്തോടും തുറന്ന മനസ്സുള്ള, വിധേയത്വമുള്ള, നേർമ്മയുള്ള ഒരു ഉത്തമ സന്ന്യാസി. എല്ലാവർക്കും എപ്പോഴും അനായാസം സമീപിക്കാവുന്ന, ജാഡകളില്ലാതെ, അപരിചിതത്വമില്ലാതെ എല്ലാവരേയും ബഹുമാനത്തോടും സ്നേഹത്തോടും ആദരവോടും കൂടി സ്വീകരിക്കുകയും സംസാരിക്കുകയും ചെയ്യുന്ന വ്യക്തിത്വത്തിനുടമയായിരുന്നു അദ്ദേഹം എന്നത് അച്ചനോട് സംസാരിച്ചിട്ടുള്ള എല്ലാവർക്കും തന്നെ അറിയാവുന്ന വസ്തുതയാണ്. അധികാരത്തിന്റെ ഗർവ്വും പാണ്ഡിത്യത്തിന്റെ അഹന്തയുമില്ലാതെ തന്റെ രൂപത്തിലും ഭാവത്തിലും സന്ന്യാസപരമായ ലാളിത്യം പുലർത്തിക്കൊണ്ടാണ് ഈ കാലഘട്ടത്തെ അദ്ദേഹം വിശുദ്ധീകരിച്ചത്.

തന്റെ ദീർഘനാളത്തെ പഠനത്തിലൂടെയും ഗവേഷണത്തിലൂടെയും പൗരസ്ത്യസന്ന്യാസത്തിന്റെ അന്തസത്ത ഉൾക്കൊണ്ട് ആ വിഷയത്തിൽ ഡോക്ടറേറ്റ് കരസ്ഥമാക്കിയ ജോർജ് തോമസച്ചൻ ഈ കാലഘട്ടത്തിലെ പൗരസ്ത്യ സന്ന്യാസത്തിന്റെ വക്താവായിരുന്നു എന്നത് ബഥനിക്ക് അഭിമാനജനകമായിരുന്നു. പൗരസ്ത്യ ആദ്ധ്യാത്മീകതയും ആർഷഭാരതസംസ്കാരവും സമന്വയിപ്പിച്ചുകൊണ്ടുള്ള ഒരു ജീവിതശൈലി അദ്ദേഹത്തിനുണ്ടായിരുന്നു എന്നു മാത്രമല്ല അത് ബഥനി ആശ്രമങ്ങളിലും മഠങ്ങളിലും ഉണ്ടാകണമെന്ന് അദ്ദേഹം ആഗ്രഹിക്കുകയും അതിനുവേണ്ടി പരിശ്രമിക്കുകയും ചെയ്തിരുന്നു. ബഥാനിയൻ ആദ്ധ്യാത്മീകതയിൽ അഭിമാനം കൊള്ളുകയും ആ ചൈതന്യത്തിൽ ജീവിക്കുകയും ചെയ്ത നലം തികഞ്ഞ സന്ന്യാസി

www.malankaralibrary.com

യായി അദ്ദേഹം ബഥനിയെ ധന്യമാക്കി. ബഥനിയുടെ കാരിസം ആഴത്തിൽ ഉൾക്കൊണ്ട് അത് തലമുറകളിലേക്ക് കൈമാറുന്നതിനുള്ള ആർജ്ജവം പുലർത്തിയ ജോർജ് തോമസച്ചൻ എല്ലാ ബഥ്യാന്യരുടേയും ഹൃദയത്തിൽ എന്നും നിറഞ്ഞുനിൽക്കും എന്നതിൽ സംശയമില്ല.

ബഹു. അച്ചന്റെ മുഖത്ത് സദാ സൗമ്യതയും സംതൃപ്തിയും ശാന്തതയും ആനന്ദവും നിറഞ്ഞ് നിന്നിരുന്നു. അസ്വസ്ഥതയും അസംതൃപ്തിയും ആകുലതയുമായി ഒരിക്കലും അച്ചനെ കാണാൻ കഴിഞ്ഞിട്ടില്ല. എല്ലാം ദൈവത്തിൽ സമർപ്പിച്ച് ജീവിതത്തിന്റെ എല്ലാ പദവികളും ദൈവശുശ്രൂഷയായി കണ്ട് ജീവിച്ച അച്ചൻ തന്റെ സന്ന്യാസ പൗരോഹിത്യ ജീവിതത്തിന് അനിതരസാധാരണമായ ആത്മീയ സൗന്ദര്യം നേടുകയായിരുന്നു. അപൂർവ്വ സുന്ദരമായ കർമ്മ വൈഭവവും വ്യക്തിശോഭയും പുലർത്തിയിരുന്ന അദ്ദേഹം ബഥനിയുടെ വിവിധ കർമ്മമണ്ഡ ലങ്ങളെ അലങ്കരിച്ചിരുന്നു എന്നത് നന്ദിയോടെ ഓർക്കുന്നു. സന്ന്യാസ സമൂഹത്തിന്റെ അദ്ധ്യ ക്ഷൻ എന്ന നിലയിൽ അദ്ദേഹത്തിന്റെ ശുശ്രൂഷ ചരിത്രത്തിൽ ഇടം നേടിയിട്ടുണ്ട് എന്നത് ചരിത്രയാഥാർത്ഥ്യമാണ്. സമയകൃത്യതയുടെ ഒരു ഉദാത്തമാതൃകയായിരുന്നു അദ്ദേഹം. അനു ഗ്രഹീതനായ ഒരു ഗുരുനാഥനുമായിരുന്നു അദ്ദേഹം. തുളുമ്പാത്ത നിറകുടം പോലെ നിർമമത യുടെ കർമ്മയോഗി, കഠിനാദ്ധ്വാനത്തിന്റെ ആൾരൂപം. ഹൃദയനൈർമ്മല്യം ശോഭയാക്കിയ മന്ദ സ്മിതം. സ്നേഹവും കരുണയും ആർദ്രതയും ധാർമ്മീകതയും അനുകമ്പയും സത്യവും ധർമ്മ വുമെല്ലാം പൊയ്ക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ആത്മീയ മഹത്വം നിറഞ്ഞുനിന്ന ഒരാ ദർശ പുരുഷനായി തന്റെ ജീവിതം മുന്നോട്ടു നയിക്കാൻ അദ്ദേഹത്തിന് സാധിച്ചു എന്നതാണ് ആ വ്യക്തിത്വത്തിന്റെ ശ്രേഷ്ഠത. അദ്ദേഹത്തിൽ നിഴലിച്ചിരുന്ന ദിവ്യകാരുണ്യ ഭക്തി, ദൈവ മാതൃഭക്തി എന്നിവ അനുകരണീയമായിരുന്നു.

ബഥനി സന്ന്യാസിനീ സമൂഹത്തോട് അദ്ദേഹത്തിന് ഉണ്ടായിരുന്ന സഹോദരതുല്യമായ സ്നേഹത്തെ നന്ദിയോടെ സ്മരിക്കുന്നു. വ്യക്തിപരമായി സ്നേഹിക്കുന്ന സഹോദരനും സുഹൃത്തുമായിരുന്നു അദ്ദേഹം. ബഥാനിയൻ സന്ന്യാസത്തിന്റെ വക്താവായിരുന്ന ജോർജ് തോമസച്ചൻ ബഥാനിയൻ ദർശനത്തിൽ ജീവിക്കുവാൻ സന്ന്യാസാർത്ഥിനികൾക്കും സന്ന്യാ സിനികൾക്കും പ്രചോദനം പകരുന്ന സാത്വീകനായ ഒരു ഗുരുനാഥനായിരുന്നു. വിദേശങ്ങളിൽ താമസിച്ച് പഠിക്കുന്ന സിസ്റ്റേഴ്സിനെ സന്ദർശിച്ച് അവരുടെ വിശേഷങ്ങൾ തിരക്കുന്നതിൽ ദത്തശ്രദ്ധൻ. പ്രായമായവരും രോഗികളുമായ സിസ്റ്റേഴ്സിനെ സന്ദർശിച്ച് ആശ്വസിപ്പിക്കുന്ന ഇടയൻ. പ്രത്യേകിച്ച് ജൂലൈ മാസം 14-ാം തീയതി നാലാഞ്ചിറ മഠത്തിൽ വന്ന് സിസ്റ്റേഴ്സിനെ കാണുന്ന അച്ചന്റെ ചിത്രം എന്റെ മനസ്സിലുണ്ട്. ഇങ്ങനെ നാനാതലത്തിൽ ബഥനി സിസ്റ്റേഴ്സിനെ കരുതുകയും സ്നേഹിക്കുകയും ചെയ്ത നന്മ സ്രോതസ്സായിരുന്നു അദ്ദേഹം.

വളരെ ആകസ്മികമായിരുന്നു അദ്ദേഹത്തിന്റെ വേർപാട്. പാകം വന്നൊരു പഴം ഞെട്ടറ്റു വീഴുന്നതുപോലെ... അത്രയും സ്വാഭാവികമായിരുന്നു ആ മരണം. തന്നെ ഏല്പിച്ച ഉത്തരവാ ദിത്വങ്ങൾ കൃത്യതയോടും വിശ്വസ്തതയോടും കൂടി നിർവഹിച്ച് സ്വർഗ്ഗീയ ഭവനത്തിലേക്ക് അദ്ദേഹം യാത്രയായി. ജീവിതം പോലെ തന്നെ മരണവും എന്ന് നമ്മെ ഓർമ്മിപ്പിച്ചുകൊണ്ട്. വന്ദ്യ ജോർജ് തോമസച്ചന്റെ മാധ്യസ്ഥം നമുക്ക് യാചിക്കാം. "ദൈവം തന്നെ സ്നേഹിക്കുന്ന വർക്കായി സജ്ജീകരിച്ചിരിക്കുന്ന, കണ്ണുകൾ കാണുകയോ ചെവികൾ കേൾക്കുകയോ മനുഷ്യ മനസ്സ് ഗ്രഹിക്കുകയോ ചെയ്തിട്ടില്ലാത്ത, ശോഭയേറിയ സ്വർഗീയ മണവറയിൽ തമ്പുരാന്റെ വലത്തുഭാഗത്തിരുന്ന്, പരിശുദ്ധ അമ്മയോടും സകല വിശുദ്ധരോടും മാലാഖമാരോടുമൊപ്പം അനവരതം അവിടുത്തെ പ്രകീർത്തിക്കാൻ ഇടയാകട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട്, ഞങ്ങളുടെ പ്രിയ ബഹു. ജോർജ് തോമസ് അച്ചന്റെ പാവനാത്മാവിനു മുമ്പിൽ ബഥനി സഹോദരിമാരുടെ പ്രണാമം!

www.malankaralibrary.com

# ലാളിത്യത്തിന്റെ പര്യായം

**ഫാ. ഫിലിപ്പ് മഞ്ചാടിയിൽ**
വികാരി, സെന്റ് ജോർജ് ചർച്ച് കല്ലുങ്കൽ

വൈദികജീവിതത്തിന്റെ 50 വർഷങ്ങൾ അനുഗ്രഹകരമായി പൂർത്തിയാക്കി തന്നെ എൽപ്പിച്ച എല്ലാ ഉത്തരവാദിത്വങ്ങളും ഭംഗിയായി നിർവഹിച്ച, എല്ലാവർക്കും വലിയ മാതൃകയായി ജീവിച്ച ബഹു. ജോർജ് തോമസ് കല്ലുങ്കൽ ഒ.ഐ.സി. അച്ചൻ ദൈവസന്നിധിയിലേക്ക് കടന്നുപോയിട്ട് 40 ദിനങ്ങൾ പിന്നിടുകയാണ്. ഈ അവസരത്തിൽ അച്ചനെക്കുറിച്ചുള്ള ദീപ്തമായ ഓർമകൾ മനസിലൂടെ കടന്നുപോകുകയാണ്.

അച്ചനെക്കുറിച്ച് ഓർക്കുമ്പോൾ ആദ്യം മനസിലൂടെ കടന്നുപോകുന്നത് അച്ചന്റെ ലളിതമായ ജീവതമാണ്. തന്റെ യഥാർത്ഥ സന്തോഷത്തിനു പ്രാധാന്യം നൽകി ഭൗതികമായ വസ്തുക്കളും സാമൂഹ്യസമ്മർദങ്ങൾ ഒഴിവാക്കി കൂടുതൽ പ്രധാനപ്പെട്ട കാര്യങ്ങൾക്ക് ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഒരു ജീവിതശൈലി ആയിരുന്നു അച്ചന് ഉണ്ടായിരുന്നത്. തന്റെ ജീവിതത്തിൽ അനേകം ഉയർച്ചകൾ ഉണ്ടായപ്പോഴും സ്ഥാനമാനങ്ങൾ ലഭിച്ചപ്പോഴും ലാളിത്യം കൈവിടാതെ ജീവിതത്തെ മുന്നോട്ട് നയിക്കുവാൻ ജോർജ് തോമസ് അച്ചന് സാധിച്ചു. തന്റെ ജീവിതം അനേകർക്ക് മാതൃകയാകുവാൻ തരത്തിലുള്ള ഒരു ജീവിതശൈലി ആയിരുന്നു അച്ചന്റേത്.

ജീവിതത്തിൽ ബന്ധങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്നു, ബന്ധങ്ങൾ എന്നും കാത്തുസൂക്ഷിക്കുന്ന വ്യക്തി ആയിരുന്നു അച്ചൻ. അച്ചനുമായി ഒരു പ്രാവശ്യം എങ്കിലും സംസാരിച്ചവരുടെ ഹൃദയങ്ങളെ കീഴടക്കുവാൻ അച്ചന് സാധിച്ചിട്ടുണ്ട്. തന്നെ സമീപിച്ച എല്ലാവരേയും ചേർത്തുപിടിക്കുവാനും കരുതുവാനും ആത്മീയമായി വളർത്തുവാനും അച്ചൻ പരിശ്രമിച്ചിട്ടുണ്ട്. ഒരു പുഞ്ചിരിയിലൂടെയും നോട്ടത്തിലൂടെയും എല്ലാവരോടും ഒരു വ്യക്തിബന്ധം പുലർത്തുവാൻ അച്ചന് സാധിച്ചിരുന്നു. വൈദികരോട് വലിയ സ്നേഹവും താത്പര്യവും അച്ചൻ കാണിച്ചിരുന്നു. വേർതിരിവില്ലാതെ എല്ലാവരേയും ഉൾക്കൊള്ളുന്ന വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു ബഹു. ജോർജ് തോമസ് അച്ചൻ.

തന്നെ ഏൽപ്പിക്കുന്ന ഉത്തരവാദിത്വങ്ങൾ വളരെ ശ്രദ്ധയോടും ആത്മാർത്ഥതയോടും അച്ചൻ ചെയ്തിട്ടുണ്ട്. അച്ചൻ വികാരിയായിരുന്ന ഇടവകകൾക്കും അവിടെയുള്ള വിശ്വാസികൾക്കുംവേണ്ടി ത്യാഗപൂർവ്വമായ ശുശ്രൂഷ അച്ചൻ ചെയ്തിട്ടുണ്ട്. തന്റെ വൈദിക ജീവിതത്തിൽ അവസാനനിമിഷം വരെ വൈദികശുശ്രൂഷയിൽ സജീവ സാന്നിദ്ധ്യമായി മാറുവാൻ അച്ചന് കഴിഞ്ഞു.

അകലെനിന്ന് ഞാൻ കണ്ടതും മനസിലാക്കിയതുമായ ജോർജ് തോമസ് അച്ചനെ അടുത്തറിയുവാൻ എനിക്കും അവസരം ലഭിച്ചിട്ടുണ്ട്. ഞാൻ കല്ലുങ്കൽ സെന്റ് ജോർജ് ഇടവകയുടെ വികാരി ആയതിനുശേഷം പല പ്രാവശ്യം അച്ചൻ ഇടവകയിൽ വരുകയും ദീർഘനേരം വ്യക്തിപരമായി സംസാരിക്കാനും അച്ചന്റെ 50 വർഷത്തെ വൈദിക ശുശ്രൂഷയെക്കുറിച്ച് മനസിലാക്കാനും എനിക്ക് സാധിച്ചിട്ടുണ്ട്. അച്ചൻ കല്ലുങ്കൽ ഇടവകയ്ക്കും കല്ലുങ്കൽ ദേശത്തിനും വലിയ ഒരു അനുഗ്രഹമായിരുന്നു.

www.malankaralibrary.com

അച്ചന്റെ ജീവിതം മരണംകൊണ്ട് അവസാനിക്കുന്നില്ല. അച്ചന്റെ ആത്മീയ ജീവിതവും നമുക്ക് നല്കിയ പ്രചോദനത്തിലൂടെയും നമുക്ക് കാട്ടിത്തന്ന മാതൃകയിലൂടെയും അച്ചൻ എന്നും ജീവിക്കും.

അമിതശാഠ്യങ്ങളോ സമ്മർദങ്ങളോ ഇല്ലാതെ പരിഭവങ്ങളോ പരാതികളോ ഇല്ലാതെ ഖേദമോ ആകുലതയോ ഇല്ലാതെ മെല്ലെ ശാന്തമായി ഒഴുകുന്ന ഒരു നദിപോലെ സ്വതന്ത്രമായി സ്വർഗത്തിലേക്ക് അച്ചൻ യാത്രയായി.

പ്രിയപ്പെട്ട അച്ചാ, അങ്ങ് ഞങ്ങൾക്കുവേണ്ടി അർപ്പിച്ച വിശുദ്ധ ബലികൾക്കും പരികർമ്മം ചെയ്ത കൂദാശകൾക്കും നന്ദി.

"വന്ദ്യ പുരോഹിതാ, സമാധാനത്താലെ പോകുക. ഇനിയും സ്വർഗീയമണവറയിൽ ഞങ്ങൾ അങ്ങയെ കാണുമാറാകട്ടെ"

www.malankaralibrary.com

# എന്റെ ഗുരുനാഥൻ

**ഫാ. ജോസ് കുരുവിള ഒ.ഐ.സി.**

'ഞാൻ ശാന്തശീലനും, വിനീതഹൃദയനുമാകുന്നു. നിങ്ങൾ എന്നിൽ നിന്നു പഠിക്കുവിൻ' ബഹു. ജോർജ് തോമസച്ചനെ ഓർക്കുമ്പോൾ മനസിൽ ഓടിവരുന്ന വേദവാക്യമാണിത്. 1977 മേയ് മാസം 3-ാം തീയതി കണ്ട ആദ്യദിനംതൊട്ട് 2025 ജൂൺ 10-ാം തീയതി അവസാനമായി കണ്ട നിമിഷംവരെ ജോർജ് തോമസ് അച്ചനെക്കുറിച്ച് മാറാതെ നിന്ന, ഇപ്പോഴും ഓർമ്മയിൽ നിലനിൽക്കുന്ന ഒരു വേദവാക്യമാണിത്.

**എന്റെ ഗുരുനാഥനുമായിട്ടുള്ള കണ്ടുമുട്ടലുകൾ**

1977 മേയ്മാസം 3-ാം തീയതി കോട്ടയം ജനറലേറ്റിൽ ആശ്രമത്തിൽ ചേരാനുള്ള അർത്ഥിയായി വീട്ടിൽനിന്നും തനിയേ വന്ന് ആശ്രമത്തിന്റെ മണി അടിച്ചപ്പോൾ ആദ്യമായി വന്ന് വാതിൽ തുറന്നുതന്നത് ബഹു. ജോർജ് തോമസ് അച്ചൻ ആയിരുന്നു. എന്നേക്കാൾ അഞ്ചുവയസ് തോന്നിക്കുന്ന, ഒരച്ചന്റെ യാതൊരു ഭാവവുമില്ലാതെ പാന്റ്സും ഷർട്ടുമിട്ട് മീശയില്ലാത്ത ഒരു ചെറുപ്പക്കാരൻ, സ്നേഹത്തോടെ സ്വീകരിച്ചതിനുശേഷം പ്രഭാതഭക്ഷണം വിളമ്പിതന്നു. 10 മണിയോടുകൂടി ഇന്റർവ്യൂ മൂന്നു മുറികളിലായി നടന്നു. ബഹു. സിറിൽ മലഞ്ചരുവിൽ സുപ്പീര്യർ ജനറൽ, ജോൺ വിയാനി അച്ചൻ, ജോർജ് തോമസ് അച്ചൻ എന്നിവരുടെ മുറികളിലായിരുന്നു ഇന്റർവ്യൂ. ഇന്റർവ്യൂവിനെ കടന്നുചെന്നപ്പോഴാണ് കാവിവസ്ത്രധാരിയായ ഈ ചെറുപ്പക്കാരൻ അച്ചനാണെന്ന് അറിയുന്നത്. ആശ്രത്തിലേക്ക് കടന്നുവന്നപ്പോഴുള്ള ആദ്യത്തെ ഗുരുഭൂതനും അദ്ദേഹമായിരുന്നു. കോട്ടയം ജനറലേറ്റിലെ മൂന്നുമാസത്തെ താമസത്തിനുശേഷം ആലുവ നൊവിഷ്യേറ്റിലേക്ക് അദ്ദേഹത്തിന്റെ നേതൃത്തിൽ യാത്രയായി.

ഗൃഹാതുരത്വം മനസിലാക്കിയ ഗുരുശ്രേഷ്ഠനായിരുന്നു അദ്ദേഹം. മാതാപിതാക്കന്മാർ തരുന്ന സ്നേഹത്തോടും കരുതലോടും ഒരു മൂത്തസഹോദരൻ തരുന്ന മാർഗദർശനത്തോടുംകൂടി അദ്ദേഹം ഞങ്ങളെ സമീപിച്ചു. ചെറുപ്പ വലിപ്പ വ്യത്യാസമോ, ഗുരുശിഷ്യബന്ധത്തിലെ അകൽച്ചയോ ഒന്നും അദ്ദേഹത്തിനുണ്ടായിരുന്നില്ല. 'ആടിന്റെ മണമുള്ള ഇടയനെപ്പോലെ' ശിഷ്യന്മാരുടെ മനസറിഞ്ഞ്, അവരുടെകൂടെ നടന്ന് അവരെപ്പോലെ ജീവിച്ച ഒരു ഗുരുനാഥൻ. ആലുവ ആശ്രമത്തിന്റെ പണി നടക്കുന്നതിനാൽ ഞായർ ഒഴികെ എല്ലാ ദിവസവും അഞ്ച് മണിക്കൂർ ജോലിയായിരുന്നു. ഇതിനെല്ലാം നേതൃത്വം കൊടുത്തതും, ബ്രദേഴ്സിനോട് ഒപ്പം നിന്ന് ജോലി ചെയ്തതും ബഹു. അച്ചനായിരുന്നു. വളരെ പരിമിതമായ ജീവിതസാഹചര്യമുണ്ടായിരുന്നവയെല്ലാം മനസിലാക്കി ഏറ്റവും എളിയ തലത്തിൽ ജീവിക്കാനും ശിഷ്യരെ അതിൽ ജീവിപ്പിക്കാനും അദ്ദേഹം പരിശ്രമിച്ചു.

ആശ്രമജീവിതം തുടങ്ങിയത് ബഹു. ജോർജ് തോമസ് അച്ചന്റെ ശിക്ഷണത്തിലായതു പോലെ തിയോളജി പഠനത്തിന്റെയും പൗരോഹിത്യസ്വീകരണത്തിന്റെയും നാളുകളിൽ ബഹു. അച്ചനായിരുന്നു എന്റെ റെക്ടർ. ഞങ്ങൾ പട്ടം സ്വീകരിക്കാനുള്ള (1986) ഏഴ് ശെമ്മാശന്മാരേയും വളരെ കരുതലോടും സ്നേഹത്തോടും പ്രതീക്ഷയോടുംകൂടിയാണ് അദ്ദേഹം പരിശീലിപ്പിച്ചത്. വളരെ നാളുകൾക്കുശേഷമാണ് ഏഴ് വൈദികർ ബഥനിയ്ക്കുണ്ടാകുന്നത്. ബഥനിയുടെ

www.malankaralibrary.com

വളർച്ചയിലും കെട്ടുറപ്പിലും നിങ്ങളുടെ സാന്നിദ്ധ്യം പ്രധാനപ്പെട്ടതാണ് എന്ന് അദ്ദേഹം നിരന്തരം ഓർമിപ്പിക്കുമായിരുന്നു. ബ്രദേഴ്സിനോടൊത്ത് പന്തുകളിച്ചും കൃഷിപ്പണി ചെയ്തും അവരിലൊരാളായി ജീവിച്ച മഹത് വ്യക്തിത്വമായിരുന്നു ബഹു. ജോർജ് തോമസ് അച്ചൻ. പൂന സ്കൊളാസ്റ്റിക്കേറ്റിലെ സമൂഹജീവിതത്തിന് ചൂടും ചൂരും നല്കിയ വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്.

**അനുഭവംകൊണ്ട് സമ്പുഷ്ടനായ ഗുരുനാഥൻ**

അറിവും ആഢ്യത്വവും അദ്ധ്വാനശീലവുംകൊണ്ട് ജീവിതമാതൃകയൊരുക്കി തന്റെ ശിഷ്യന്മാരെ ബലപ്പെടുത്തുന്നതായിരുന്നു അദ്ദേഹത്തിന്റെ ജീവിതശൈലി. എന്റെ Postulancy, Prenovice master, Prefect of Theology Studies, Director of BVP എന്നീ നിലകളിലെല്ലാം അദ്ദേഹം നേതൃത്വവും സംരക്ഷണവും നൽകിയിട്ടുണ്ട്. ഒരു അപ്പസ്തോലിക് സ്റ്റുഡന്റായി എട്ടാം ക്ലാസ് മുതൽ തിരുവല്ല ആശ്രമത്തിൽ ബഥനിയുടെ ആദ്യകാല സന്ന്യാസികളൊടൊത്തു ജീവിച്ച അദ്ദേഹം ജീവിതത്തിൽ കാത്തുസൂക്ഷിച്ചിരുന്ന ഒരു വലിയ മൂല്യമായിരുന്നു കഠിനാദ്ധ്വാനം. വലിയ പ്രശസ്തിയും ആരവങ്ങളുമല്ലാതെ, ഉത്സാഹകമ്മിറ്റികളുടെ കൈയ്യടി പ്രതീക്ഷിക്കാതെ, ഒരു പ്രശസ്തിയും ആഗ്രഹിക്കാതെ തന്റെ അറിവും, നിപുണതയും അദ്ദേഹം അനേകർക്ക് വിഭജിച്ചുകൊടുത്തു. ഇതിൽ വിവിധ സഭകളിൽപ്പെട്ട ആർച്ചുബിഷപ്പുമാരും, ബിഷപ്പുമാരും വൈദികരും ശെമ്മാശന്മാരും സന്ന്യാസി സന്ന്യാസിനികളും ആത്മായരുമുണ്ട്.

Eastern Monasticism അഗാധമായി പഠിച്ച അദ്ദേഹം, അതിന്റെ അരൂപിയോടുകൂടി ജീവിക്കുകയും തന്റെ ജീവിതവും അനുഭവവും എളിയ ഭാഷയിലൂടെയും, ജീവിതരീതിയിലൂടെയും പങ്കുവെച്ചു. പഠനത്തിലും അറിവിലും സന്ന്യാസജീവിതത്തിലും കഠിനാദ്ധ്വാനമാണ് കാത്തുസൂക്ഷിക്കേണ്ട മൂല്യമെന്ന് അദ്ദേഹം ജീവിച്ചുകാണിച്ചുതന്നു. പരിശ്രമിച്ചാൽ ഏതു കാര്യവും ഏതു പ്രായത്തിലും നേടിയെടുക്കുവാൻ സാധിക്കും എന്നുള്ളതിന്റെ ഉത്തമ ഉദാഹരണമാണ് അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ആനുകാലികമായി പണിത അമ്പാട്ടുഭാഗം മലങ്കര കത്തോലിക്കാ പള്ളി. പല ഭാഗത്തുനിന്നും പലവിധമായ വെല്ലുവിളികളും പ്രശ്നങ്ങളും ഈ ദേവാലയനിർമാണവുമായി ബന്ധപ്പെട്ട് അച്ചൻ അനുഭവച്ചുവെങ്കിലും തന്റെ ജീവിതത്തിലെ ഏറ്റവും വലിയ അഭിലാഷമായ 'ദൈവത്തിന് ഒരു ആലയം' പണിയുവാൻ സാധിച്ചു.

സന്ന്യാസപ്രസ്ഥാനം ആരംഭിച്ച 'മരുഭൂമിയിലെ അന്തോണിയോസിനോട് ചോദിച്ചു, എന്താണ് സന്ന്യാസം? ഒറ്റവാക്കിൽ അദ്ദേഹം ഉത്തരം നല്കി, 'കഷ്ടപ്പാട്'. ഇതിന്റെ പൂർണരൂപമായിരുന്നു ബഹു. അച്ചൻ. Prefect of Studies, BVP Director, Rector എന്നീ നിലകളിൽ 1984 മുതലാണ് ബഹു. അച്ചൻ പൂനായിൽ സേവനം അനുഷ്ഠിച്ചു. 1980-ൽ ബഹു.ബർക്കുമാൻസ് അച്ചന്റെ നേതൃത്വത്തിൽ തുടങ്ങിയ BVPയുടെ Curriculum നിശ്ചയിക്കുന്നത്, ക്ലാസുകൾ ക്രമീകരിക്കുന്നത്, വ്യത്യസ്തമേഖലകളിലുള്ള അദ്ധ്യാപകരെ കണ്ടുപിടിക്കുന്നത്, ഇന്ത്യയുടെ പല ഭാഗത്തും ക്ലാസുകൾ ക്രമീകരിക്കുന്നത് എല്ലാം ശ്രമകരമായ കാര്യങ്ങളായിരുന്നു. ഈ കർമങ്ങൾക്കെല്ലാം കൂടുതൽ അദ്ധ്വാനിച്ചത് ബഹു. ജോർജ് തോമസച്ചനായിരുന്നു. ബി.വി.പി.യുടെ സ്ഥാപകൻ സുപ്പീര്യർ ജനറലായിരുന്ന ബർക്കുമാൻസ് അച്ചനായിരുന്നെങ്കിലും അതിന്റെ ബാല്യകാല അരിഷ്ഠതകളിൽനിന്ന് അതിനെ സംരക്ഷിക്കുകയും നിയതമായ ഒരു

www.malankaralibrary.com

രൂപം നൽകുകയും ചെയ്തത് ബഹു. ജോർജ്ജ് തോമസച്ചനായിരുന്നു. അദ്ദേഹത്തിന്റെ സന്ന്യാസജീവിതത്തോടുള്ള അഭിനിവേശവും അനുഭവവും അറിവും ബി.വി.പി.യുടെ വളർച്ചയിലും പുരോഗതിയിലും നിർണായകമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. സമൂഹത്തിന്റെ അദ്ധ്യക്ഷൻ, ജനറൽ കൗൺസിലർ, പ്രൊവിൻഷ്യൽ കൗൺസിലർ എന്നീ സേവനമേഖലകളിലെല്ലാം പൂന ആശ്രമത്തേയും ബി.വി.പി.യേയും പരിപോഷിപ്പിക്കാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധ ചെലുത്തിയിട്ടുണ്ട്.

**സമവായത്തിലൂടെയുള്ള സന്ന്യാസിനേതൃത്വം**

എല്ലാവരേയും ഉൾക്കൊള്ളുന്നതായിരുന്നു അദ്ദേഹം നല്കിയ സന്ന്യാസനേതൃത്വം. വിവിധ തസ്തികകളിൽ ഏറ്റവും അധികം കാലം സന്ന്യാസ നേതൃത്വത്തിൽ പ്രവർത്തിച്ച വ്യക്തിയാണ് ബഹു. അച്ചൻ. സമൂഹാദ്ധ്യക്ഷൻ, ജനറൽ കൗൺസിലർ, പ്രൊവിൻഷ്യൽ കൗൺസിലർ, ബി.വി.പി. ഡയറക്ടർ, സ്കൊളാസ്റ്റിക്കേറ്റ് റെക്ടർ എന്നീ നിലകളിലെല്ലാം മഹത്തായ സേവനവും സംഭാവനയും അച്ചൻ നൽകിയിട്ടുണ്ട്. ആരെയും മാറ്റി നിർത്താനോ, ആരെയെങ്കിലും ഒറ്റപ്പെടുത്താനോ, ആരെയെങ്കിലും മുറിവേൽപ്പിക്കുവാനോ, ആരെയെങ്കിലും വിധിച്ച് മാറ്റിനിർത്തുവാനോ അദ്ദേഹം ആഗ്രഹിച്ചിട്ടില്ല, പ്രവർത്തിച്ചിട്ടുമില്ല. സമൂഹം രണ്ട് പ്രോവിൻസുകളായി പ്രവർത്തിക്കാൻ തുടങ്ങിയപ്പോഴുള്ള ചെറിയ സൗന്ദര്യപ്പിണക്കങ്ങളൊക്കെ വളരെ തന്മയത്വത്തോടും ആത്മികദർശനത്തോടുംകൂടെ അദ്ദേഹം നിർവഹിച്ചു. അദ്ദേഹത്തിന്റെ വലിയ ജീവിതാഭിലാഷമായിരുന്നു മാർ ഈവാനിയോസ് തിരുമനിയുടെ നാമധേയത്തിലുള്ള ഒരു ആത്മീയസ്ഥാപനം. വ്യത്യസ്ഥസ്ഥലങ്ങൾ സന്ദർശിച്ച്, അവസാനം മാവേലിക്കരയിൽ തന്നെ അത് സ്ഥാപിക്കുവാൻ അദ്ദേഹം മുൻകൈയെടുത്തു. രണ്ടു പ്രോവിൻസുകളെയും സഹകരിപ്പിച്ച്, സാമ്പത്തികം കണ്ടെത്തി അന്നുവരെ മലങ്കരയിലുണ്ടായിരുന്നതിൽ, ഏറ്റവും വലിയ ആനിമേഷൻ സെന്റർ സ്ഥാപിക്കാൻ അദ്ദേഹത്തിന് സാധിച്ചു. വ്യക്തിവിഷയങ്ങൾ ഉണ്ടാകുമ്പോഴും, ആശ്രമാംഗങ്ങൾ തമ്മിൽ സൗന്ദര്യപ്പിണക്കങ്ങൾ ഉണ്ടാകുമ്പോഴും അവരെ ഉൾക്കൊണ്ട്, കാര്യങ്ങളുടെ നിജസ്ഥിതി മനസ്സിലാക്കി, വേണ്ട ശാസനയും ശിക്ഷണവും മാർഗ്ഗദർശനവും അദ്ദേഹം നൽകി. ഒരു ആശ്രമശ്രേഷ്ഠൻ, സംഘാധിപൻ എന്ന നിലയിൽ ആശ്രമത്തെ സ്നേഹിക്കുകയും എന്തു വില കൊടുത്തും ആശ്രമത്തിനുവേണ്ടി നിലകൊള്ളുകയും ചെയ്ത വ്യക്തിത്വമായിരുന്നു ബഹു. ജോർജ് തോമസ് അച്ചൻ.

അധികാരത്തിന്റെ ഔദ്യോഗികതയോ, സന്ന്യാസത്തിന്റെ കാർക്കശ്യമോ ഒന്നും അദ്ദേഹത്തിന്റെ ജീവിതന്മകളെയും തീരുമാനങ്ങളെയും ബാധിച്ചിരുന്നില്ല. മുറിവേറ്റവരെ മനസിലാക്കുവാനും മാനുഷിക ബലഹീനതകളെ ഉൾക്കൊള്ളുവാനും അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. സംവിധാനങ്ങളുടെ നിലനില്പിനോടൊപ്പം വ്യക്തികളുടെ ശ്രേഷ്ഠതയും മൂല്യവും എന്നും അദ്ദേഹം ഉയർത്തിപ്പിടിച്ചു. സുപ്പീര്യർ ജനറലായിരുന്നപ്പോൾ എനിക്കു വ്യക്തിപരമായി അദ്ദേഹം തന്ന നിർദേശം ഇപ്പോഴും എന്റെ ഓർമകളിൽ പ്രതിധ്വനിക്കുന്നു. ഒരു പ്രത്യേകവിഷയം കൈകാര്യം ചെയ്യാൻ പ്രൊവിൻഷ്യൽ കൗൺസിൽ എന്നെ ഭരമേല്പിപ്പിച്ചപ്പോൾ ഞാൻ അച്ചനുമായി ആലോചിച്ചു. അദ്ദേഹം എനിക്കു തന്ന നിർദേശം 'സംവിധാനങ്ങൾ സംരക്ഷിക്കപ്പെടണം, അതോടൊപ്പം വ്യക്തിജീവിതങ്ങളും ബന്ധങ്ങളും മുറിവേല്ക്കാതെ നോക്കണം.' നീതിമാനായ ജോബിന്റെ ആത്മാവിനെ ഒഴികെ അവന്റെ സകല സംവിധാനങ്ങളെയും പരീക്ഷണ വിധേയനാക്കുവാൻ വിട്ടുകൊടുക്കുകയും അവന്റെ

www.malankaralibrary.com

ആത്മാവിനെ ഉള്ളംകൈയിൽ വഹിക്കുകയും ചെയ്ത ദൈവഭാവത്തിന്റെ ഉത്തമ ഉദാഹരണമായിരുന്നു ജോർജ് തോമസ് അച്ചൻ. ബഥനി ആശ്രമത്തിലെ ഗ്രീവൻ സെല്ലിന്റെ ആദ്യ അംഗമായി ജോർജ് തോമസ് അച്ചനെ തെരഞ്ഞെടുക്കുവാനുള്ള കാരണവും അദ്ദേഹത്തിന്റെ ഈ മനോഭാവം തന്നെയായിരുന്നു.

**ബഥനിയ പ്രണയിച്ച പുരോഹിതൻ**

ബഹു. അച്ചൻ ഒരിക്കൽ മാത്രമേ കരഞ്ഞു കണ്ടിട്ടുള്ളു. 20-ാം ജനറൽ സിനാക്സിസിന്റെ ഉദ്ഘാടനവേളയിൽ ബഥനിയുടെ 100 വർഷത്തെ ചരിത്രപുസ്തകം ജനറൽ സിനാക്സിസിൽ അവതരിപ്പിക്കാൻ അച്ചനെയാണ് നിർദ്ദേശിക്കപ്പെട്ടത്. 'എന്റെ ജീവിതത്തിലെ വലിയ സ്വപ്നസാക്ഷാത്കാരമായിരുന്നു ബഥനിയുടെ ചരിത്രം എഴുതുക എന്നുള്ളത്' എന്ന് അദ്ദേഹം കണ്ണീരുപൊഴിച്ചുകൊണ്ട് പങ്കുവെച്ചു. 1965 മുതൽ 5 കമ്മിറ്റികൾ രൂപപ്പെടുത്തിയിട്ടും സാധിക്കാതെ പോയത് ഇപ്പോൾ പൂർത്തീകരിച്ചതിന്റെ സന്തോഷാശ്രുക്കളായിരുന്നു അത്. ബാല്യകാലം മുതൽ ഈ ആശ്രമത്തിൽ ജീവിതം ആരംഭിച്ച്, അതിന്റെ അദ്ധ്യക്ഷൻ വരെ ആയിത്തീർന്ന അദ്ദേഹം ആശ്രമ മൂല്യങ്ങൾ സ്വജീവിതത്തിൽ പ്രാവർത്തികമാക്കുന്നതിനോടൊപ്പം സന്നിഗ്ദ്ഘട്ടങ്ങളിൽ അതിനുവേണ്ടി നിലകൊണ്ട വ്യക്തികൂടിയാണ്.

എന്നെ സംബന്ധിച്ചിടത്തോളം ഒരുത്തമ ഗുരുഭൂതൻ, ആത്മാർത്ഥതയുള്ള സ്നേഹിതൻ, എന്തും തുറന്നു സംസാരിക്കാവുന്ന വ്യക്തി വളർച്ചയിലും തളർച്ചയിലും കാര്യമായി നിന്ന ജ്യേഷ്ഠസഹോദരൻ. ഞാൻ ആശ്രമാദ്ധ്യക്ഷനായിരുന്നപ്പോൾ നല്ല മാർഗ്ഗദർശനംതന്ന് കൈപിടിച്ച വ്യക്തി. എന്തെങ്കിലും അനീതി കണ്ടാൽ നിശബ്ദമായി പ്രതികരിക്കുന്ന ആൾ. തന്റെ ശിഷ്യസമ്പത്തിന്റെ വളർച്ചയിൽ അഭിമാനിക്കുന്നു. ആത്മീയ സ്രോതസ്സ് ഇതെല്ലാമായിരുന്നു ബഹു. അച്ചൻ. 2025 ജൂൺ 9-ാം തീയതി അദ്ദേഹത്തിന്റെ ഒന്നാം വർഷ വിദ്യാർത്ഥികളായ ഞങ്ങൾ അദ്ദേഹത്തിന്റെ പൗരോഹിത്യസുവർണ്ണജൂബിലിയുടെ ഭാഗമായി ജീവാരാമിൽ ഒരുമിച്ചുകൂട്ടി. 10 പത്ത് പേരോളമുണ്ടായിരുന്ന ഞങ്ങൾക്ക് അദ്ദേഹത്തിന്റെ സ്നേഹവും കരുണയും ഒരിക്കൽകൂടി അനുഭവിക്കാൻ സാധിച്ചു. അദ്ദേഹത്തിന് തന്റെ ശിഷ്യന്മാരായ ഞങ്ങളെ മാത്രമല്ല, ഞങ്ങളുടെ കുടുംബാംഗങ്ങളെയും വ്യക്തിപരമായി അറിയാമായിരുന്നു. അദ്ദേഹത്തിന്റെ ശിഷ്യന്മാരുടെ വളർച്ചയിലും ബഥനി സമൂഹത്തിലും സഭയിലും ചെയ്യുന്ന സേവനത്തിലും വലിയ ആത്മീയാഭിമാനം അദ്ദേഹം പ്രകടിപ്പിച്ചു.

രംഗബോധമില്ലാത്ത കോമാളിയെന്ന് മരണത്തെ നമ്മൾ വിശേഷിപ്പിക്കാറുണ്ട്. അപ്രതീക്ഷിതമായ ഒരു സമയത്ത് നമ്മെ വിട്ടുപോയ ഒരു ഗുരുശ്രേഷ്ഠനാണ് ജോർജ് തോമസ് അച്ചൻ. ദൈവനടത്തിപ്പിൽ കാലാകാലങ്ങളിലൂടെ നമ്മോടു സംസാരിക്കുന്നതും, നമ്മെ നടുത്തുന്നതും മറ്റുള്ളവരിലൂടെയാണെന്ന് ഹെബ്രായ ലേഖനത്തിലൂടെ അരുളിച്ചെയ്യുന്നു. സ്വജീവിതം തന്ന നമ്മെ ദൈവത്തിലേക്ക് നയിച്ച ഈ സന്ന്യാസ ആചാര്യൻ ദൈവത്തോട് കൂടുതൽ ചേർന്നുനിന്ന് നമുക്കുവേണ്ടി അപേക്ഷിക്കേണമേ എന്ന് പ്രാർത്ഥിക്കാം. വന്ദ്യ ഗുരുതാതാ വിട പറയുകയല്ല, എന്നും ഓർമകളിൽ കാത്തുസൂക്ഷിക്കുന്നു.

www.malankaralibrary.com

# കരുതലിന്റെ കാവലാൾ

**ബഥനി സിസ്റ്റേഴ്സ്, തിരുവല്ല**

ശാന്തമായി ഒഴുകുന്ന ഒരു അരുവിപോലെ, ആകാശവിതാനത്ത് ശാന്തമായി ഒഴുകുന്ന ഒരു അപ്പൂപ്പൻ താടിയെന്നപോലെ, നിശബ്ദതയെ സ്നേഹിച്ച്, നിശബ്ദമായി കടന്നുപോയ ബഥനിയുടെ ആചാര്യശ്രേഷ്ഠനാണ് ബഹു. ജോർജ് തോമസ് കല്ലുങ്കൽ ഒ.ഐ.സി. അച്ചൻ. ദൈവത്തിങ്കലേക്ക് മാത്രം ദൃഷ്ടിയൂന്നി ദൈവത്തിൽ വിലയം പ്രാപിച്ച വന്ദ്യതാതൻ. കണ്ടുമുട്ടിയവർക്കെല്ലാം ഹൃദയത്തിൽ സ്ഥാനം കൊടുത്ത അമാനുഷിക വ്യക്തിത്വത്തിനുടമ. പൂവിന്റെ പരിമളം അതുപോലും അറിയാതെ മറ്റുള്ളവരിലേക്ക് എത്തുന്നതുപോലെ ബഥനിയുടെ തനിമയിൽ ജീവിച്ച് ആ സൗരഭ്യം സഭാമക്കളിൽ എത്തിച്ച യഥാർത്ഥ ബഥാനിയൻ. ആർഭാടങ്ങളും ആരവങ്ങളുമില്ലാതെ സന്ന്യാസം അതിന്റെ ആഴത്തിൽ ജീവിച്ച് മറ്റുള്ളവർക്ക് ജീവിതമാതൃക പകർന്നു നൽകിയ വന്ദ്യഗുരുഭൂതൻ. അടിയുറച്ച ദൈവവിശ്വാസത്തിൽ ഊന്നിക്കൊണ്ട് ജീവിതത്തിലെ പ്രതിസന്ധികളെയും പ്രതികൂലങ്ങളെയും ശാന്തതയോടും സംയമനത്തോടും കൂടെ ധീരമായി നേരിട്ട ആചാര്യശ്രേഷ്ഠൻ. ഇങ്ങനെ വിശേഷണങ്ങൾ ഏറെയുണ്ട് വന്ദ്യ ജോർജ് തോമസ് അച്ചന്.

ബഥനി മക്കളായ ഞങ്ങളെ സംബന്ധിച്ചിടത്തോളം അച്ചന്റെ വിടവ് ഒരു തീരാനഷ്ടം തന്നെയാണ് തിരുമൂലപുരം മഠത്തിന്റെ ഓരോ മണൽതരികളിലും അച്ചന്റെ ജീവസ്പന്ദനമുണ്ട്. അത്രമാത്രം ഇഴയടുപ്പവും കരുതലും ബഥനിമക്കളായ ഞങ്ങൾക്ക് അനുഭവിച്ചറിയുവാൻ കഴിഞ്ഞിട്ടുണ്ട് എന്നത് ഏറെ ചാരിതാർത്ഥ്യത്തോടെ ഞങ്ങൾ ഓർക്കുകയാണ്. ഒരു പിതാവിനടുത്ത സ്നേഹവാത്സല്യങ്ങൾ അച്ചനിലൂടെ ഓരോ ബഥനി സിസ്റ്ററിനും അനുഭവിച്ചറിയുവാൻ കഴിഞ്ഞിരുന്നു എന്നത് വാസ്തവം തന്നെയാണ്. നീണ്ട 13 വർഷങ്ങൾ ഞങ്ങളുടെ ചാപ്ലയിൻ ആയിരുന്നുകൊണ്ട് തന്റെ വി. ബലിയിലൂടെ, തന്റെ വി. കുമ്പസാരത്തിലൂടെ, ആത്മീയതയുടെ പടവുകൾ കയറുവാൻ, സന്ന്യാസത്തിന്റെ ഓജസും തേജസും അനുഭവിച്ചറിയുവാൻ, ഒരു ഗുരുവച്ചനെന്ന നിലയിൽ, ആത്മീയ ഉപദേഷ്ടാവ് എന്ന നിലയിൽ അച്ചൻ ഞങ്ങളെ കൈപിടിച്ചുയർത്തിയിരുന്നു എന്നത് ഏറെ കൃതജ്ഞതയോടെ ഞങ്ങൾ സ്മരിക്കുന്നു എന്നും ദിവ്യബലി കഴിഞ്ഞ് ഊട്ടുമുറിയിൽ ഞങ്ങളോടൊപ്പം ഭക്ഷണം കഴിക്കാറുള്ള അച്ചൻ പ്രഭാതത്തിന്റെ തിരക്കുകളിലേക്ക് ഓരോ സിസ്റ്ററും കടന്നുപോകുമ്പോഴും, ആരും തന്റെ അടുത്ത് ഇല്ലായെങ്കിലും, ഊട്ടുമുറിയിലൂടെ നിശബ്ദതയെ സ്നേഹിച്ച്, ഭക്ഷണം ആസ്വദിച്ച് കഴിക്കുന്ന പ്രിയ അച്ചൻ, ഞങ്ങളുടെ മനസിൽ സന്തോഷത്തിന്റെ, ശാന്തതയുടെ തിരിവെട്ടം തെളിക്കുകയായിരുന്നു.

യാതൊരു പരാതിയും പരിഭവങ്ങളും ഇല്ലാതെ മുഖത്ത് നിറഞ്ഞ പുഞ്ചിരിയോടെ, നലംതികഞ്ഞ ലാളിത്യത്തോടെ ജീവിച്ച സന്ന്യാസവര്യൻ. ബഥനിയുടെയും സഭയുടെയും വളർച്ചയിൽ നിരവധി തീരുമാനങ്ങൾ കൈക്കൊള്ളുവാൻ അച്ചന്റെ ദൈവാശ്രയബോധം സഹായിച്ചു. തന്റെ രോഗാവസ്ഥയിൽ ഒരിക്കലും പോലും ആത്മീയ നിർവഹണത്തിന് മുടക്കം വരുത്താതെ എന്നും ഉത്സാഹത്തോടെ, കർമ്മനിരതയോടെ ജീവിച്ച പ്രിയ അച്ചൻ. ഏറ്റെടുത്ത ഉത്തരവാദിത്വങ്ങൾ അകമഴിഞ്ഞ ആത്മസമർപ്പണത്തിന്റെ പാത പുൽകിയ ശ്രേഷ്ഠാചാര്യൻ.

www.malankaralibrary.com

പാടവരമ്പത്ത് വെള്ളം കൊണ്ടു പോകുന്ന പാത്രത്തിൽനിന്നും ഇറ്റിറ്റ് വീഴുന്ന നീർക്കണങ്ങൾ, വഴിയോരങ്ങളിൽ പച്ചപ്പിന്റെ ഇളംനാമ്പുകൾ വിടരാൻ സഹായിക്കുന്നതുപോലെ ജോർജ് തോമസ് അച്ചന്റെ സാന്നിദ്ധ്യവും, വാത്സല്യവും അനേകരുടെ ജീവിതത്തിന് വെളിച്ചവും, തൂവൽസ്പർശവുമായിരുന്നു. എല്ലാവരെയും കേൾക്കുവാൻ തയ്യാറായ നല്ലമനസ്, ഒരിക്കലും അടുപ്പം നഷ്ടപ്പെടുത്താതെയുള്ള സഹോദരസ്നേഹം, ഭാരപ്പെടുത്താതെയുള്ള ഉപദേശം, വിനയം നിറഞ്ഞ ജീവിതശൈലി ഇതെല്ലാം അച്ചൻ നമുക്ക് നൽകിയ മാതൃകയാണ്. ദൈവം നൽകി സമ്മാനമായ ഈ സന്ന്യസ്തജീവിതം ക്രിസ്തുവിനും സഭയ്ക്കുംവേണ്ടി ഒരു യാഗമായി തന്നെ സമർപ്പിച്ചു. ഭൂമിക്കൊരു നഷ്ടവും, സ്വർഗത്തിന് ഒരു ലാഭവുമായി തീർന്ന അച്ചന്റെ പുണ്യജീവിതം ഏറെ ധന്യമായിരുന്നു. സ്വർഗീയ പിതാവിനൊപ്പം ആയിരിക്കുന്ന പ്രിയ അച്ചൻ, മക്കളായ നമുക്കുവേണ്ടി പ്രാർത്ഥിക്കാം എന്ന് ഉറപ്പാണ്. അച്ചന്റെ ദീപ്തമായ സ്മരണയ്ക്കു മുമ്പിൽ പ്രാർത്ഥനാഞ്ജലികളോടെ ബഥനിമക്കൾ...!

www.malankaralibrary.com

# ഒരു നിലാവ് പോലെ...

ഫാ. ജോസ് മരിയദാസ് ഒ.ഐ.സി.

അവിവിഭക്ത ബഥനിയുടെ അവസാനത്തെ സമൂഹാദ്ധ്യക്ഷൻ ജോർജ് തോമസച്ചൻ, ഓർമ്മയാവുകയാണ്. ചരിത്രപരമായ കാരണങ്ങൾ എന്നതിനേക്കാളേറെ, വ്യക്തിത്വത്തിന്റെ പ്രത്യേകതകൾകൊണ്ടാണ് ജോർജ് തോമസച്ചൻ മനുഷ്യഹൃദയങ്ങളിൽ ഇടം പിടിച്ചിട്ടുള്ളത്. വലിയ സ്ഥാനങ്ങൾ വഹിച്ചിട്ടുള്ളപ്പോഴും സാധാരണ ഒരു സന്ന്യാസവൈദികനായി ജീവിതം നയിച്ചിട്ടുള്ളപ്പോഴും മാറ്റമില്ലാതെ അദ്ദേഹത്തിൽ നാം കണ്ടിട്ടുള്ള ചില പ്രത്യേകതകൾ നമ്മെ അദ്ദേഹവുമായി അനായാസം ബന്ധപ്പെടുത്തി നിർത്തുന്നു.

ഒച്ചപ്പാടുകളും സ്വയം പ്രതിഷ്ഠിക്കാനുള്ള തത്രപ്പാടുകളും വേദികൾ കീഴടക്കുന്ന ഇന്നിന്റെ സാമൂഹ്യമണ്ഡലത്തിൽ വേറിട്ടൊരു സാന്നിദ്ധ്യമായിരുന്നു ജോർജ് തോമസച്ചൻ. അദ്ദേഹത്തിനുണ്ടായിരുന്ന വ്യക്തിബന്ധങ്ങളിൽ ആത്മാർത്ഥതയുടെ സുഗന്ധവുമുണ്ടായിരുന്നു. പൊയ്മുഖമണിഞ്ഞ് ആരെയും കബളിപ്പിക്കാനും അദ്ദേഹം ശ്രമിച്ചിട്ടില്ല. വളരെ പച്ചയായ, ആർജ്ജവത്വമുള്ള സമീപനംകൊണ്ട് ഹൃദയങ്ങളെ കീഴടക്കുവാനുള്ള സ്നേഹത്തിന്റെ രസതന്ത്രം വളരെ സ്വാഭാവികമായി അദ്ദേഹത്തിന് വഴങ്ങിയിരുന്നു. ആ ലാളിത്യം തന്നെയായിരുന്നു അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന്റെ മുഖമുദ്രയും.

സുവർണ്ണമദ്ധ്യമാർഗ്ഗം (Golden Middle Path) എന്നൊരു തത്വം യവനതത്വചിന്തകനായ അരിസ്റ്റോട്ടിൽ പറഞ്ഞുവച്ചിട്ടുണ്ട്. തീവ്രനിലപാടുകൾ ഏതുതന്നെയായാലും ഒടുവിൽ തിന്മയുടെ പാതയിലേക്ക് നയിക്കുമെന്ന് അരിസ്റ്റോട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ശ്രീബുദ്ധനും മദ്ധ്യമമാർഗ്ഗം (Middle Way) എന്ന അർത്ഥത്തിൽ നിർവ്വാണത്തിനായി ഉപദേശിച്ചതും ഇതുതന്നെ. സന്ന്യാസത്തിലായാലും, ദൈവശാസ്ത്രത്തിലായാലും മറ്റേതൊരു നിലപാടിലായാലും തീവ്രനിലപാടുകളെ എന്നും സൂക്ഷ്മതയോടെ ഒഴിവാക്കി മദ്ധ്യമമാർഗ്ഗം ബോധപൂർവ്വം സ്വീകരിച്ച് ജീവിതം മുന്നോട്ടുകൊണ്ടുപോയ ഒരു സന്ന്യാസ വൈദികനായിരുന്നു ബ. ജോർജ് തോമസച്ചൻ.

റെക്ടറച്ചൻ ആയിരിക്കുന്ന കാലഘട്ടവും സ്വതസിദ്ധമായ ശൈലികൊണ്ട് വേറിട്ടതാക്കിതീർത്തു എന്നു പറയാം. പരിശീലനകാലഘട്ടങ്ങളുടെ കാർക്കശ്യത്തെ സ്നേഹംകൊണ്ടും കരുതലുകൊണ്ടും അസ്തമിക്കാത്ത ഓർമകളുടെ കൂമ്പാരമാക്കി ശിഷ്യരുടെ മനസുകളിൽ പ്രതിഷ്ഠിക്കുവാൻ ഈ ഗുരുവിന് സാധിച്ചു. അച്ചന്റെ ആദ്യബാച്ചുകളിലെ ശിഷ്യർ എന്ന രീതിയിൽ ഞങ്ങൾ പത്തുപേർ അച്ചനെ അച്ചന്റെ സുവർണജൂബിലി വേളയിൽ ഒന്ന് ആദരിക്കുകയുണ്ടായി. അതുകഴിഞ്ഞ് അധികം കഴിയുന്നതിനുമുമ്പായിരുന്നു വേർപാട്. എങ്കിലും അന്ന് നടത്തിയ പങ്കുവയ്ക്കലുകളുടെ സുഖദമായ ഓർമകൾ വിലപ്പെട്ട അനുഭവമായി ഞങ്ങൾ ബാച്ചുകാർ കരുതുന്നു.

അച്ചനുമായിട്ട് ഒരുപാട് സൗഹൃദവും അനുഭവങ്ങളും പങ്കുവയ്ക്കുവാൻ അച്ചൻ തിരുവല്ലായിൽ ആയിരുന്നപ്പോൾ സാധിച്ചിട്ടുണ്ട്. ശുശ്രൂഷ ചെയ്തിരുന്ന ഇടവകകളിലെ ഒരുപാട് നല്ല അനുഭവങ്ങൾ, പ്രത്യേകിച്ച് ഒരു കടവും വരുത്തിവയ്ക്കാതെ ഒരു ദേവാലയ

www.malankaralibrary.com

നിർമ്മിതി പൂർത്തിയാക്കാൻ കഴിഞ്ഞതിലെ ചാരിതാർത്ഥ്യവും അച്ചൻ പങ്കുവഹിച്ചിട്ടുണ്ട്. ഒപ്പം ഇടവക ശുശ്രൂഷയിൽ ഉണ്ടായിട്ടുള്ള നൊമ്പരപ്പെടുത്തുന്ന അനുഭവങ്ങളും അച്ചൻ പങ്കുവച്ചിട്ടുണ്ട്. സജലമായ നേത്രങ്ങളോടെയെങ്കിലും പരിഭവമേതുമില്ലാതെ, സന്ന്യാസോചിതമായ നിർമ്മമത്വത്തോടെ ആ അനുഭവങ്ങളെയും ജീവിതപാഠങ്ങളായി അച്ചൻ ഉൾക്കൊണ്ടു.

സമൂഹാദ്ധ്യക്ഷനായി ശുശ്രൂഷ ചെയ്യുമ്പോൾ സന്ന്യാസജീവിതത്തിന്റെ നിഷ്ഠാപരമായ അച്ചടക്കം നടപ്പാക്കേണ്ട മുഹൂർത്തങ്ങളെപ്പോലും സ്നേഹത്തിന്റെയും കരുണയുടെയും അങ്കി ധരിപ്പിക്കാതെ അച്ചൻ അവതരിപ്പിച്ചിരുന്നില്ല. തന്റെ അധികാരത്തിന്റെ ശുശ്രൂഷ ആരുടെയും മനസിൽ മുറിവുകളുണ്ടാകരുത് എന്ന് അച്ചൻ ആഗ്രഹിച്ചിരുന്നു.

"ഭൂമി എന്റെ വാക്കുകൾ ശ്രവിക്കട്ടെ. എന്റെ ഉപദേശം മഴത്തുള്ളിപോലെ പതിക്കട്ടെ; എന്റെ വാക്കുകൾ ഹിമകണങ്ങൾ പോലെ പൊഴിയട്ടെ; അവ ഇളംപുല്ലിൻമേൽ മൃദുലമായ മഴപോലെയും സസ്യങ്ങളുടെ മേൽ വർഷധാരപോലെയും ആകട്ടെ" (നിയമാവർത്തനം 32:1-2).

തന്റെ ജീവിതാന്ത്യത്തിൽ മോശ തന്റെ വാക്കുകളിൽ വരുത്തിയ ഈ കരുണയും മാർദ്ദവവും ജീവിതകാലം മുഴുവൻ ജീവിതത്തിലും, സംസാരത്തിലും കാത്തുസൂക്ഷിക്കുവാൻ ജോർജ് തോമസച്ചന് കഴിഞ്ഞു.

സമൂഹജീവിതത്തിലെ പുതിയ പ്രവണതകളെ ചിലപ്പോൾ അംഗീകരിക്കാൻ പറ്റാതെ വരുന്ന അവസരങ്ങളിലും ഈ ശാന്തതയും സൗമ്യതയും ഒട്ടുംതന്നെ ചോർന്നുപോകാതെ ആയിരുന്നു അച്ചന്റെ പെരുമാറ്റവും പ്രതികരണവും എല്ലാം. ജനറൽ ചാപ്റ്ററുകളിൽ ആധികാരികമായി അച്ചൻ നടത്തിയിട്ടുള്ള ഇടപെടലുകളെല്ലാം ഈ സൗമ്യതയുടെ നനവ് ഊറി നിൽക്കുന്നതായിരുന്നു. ഒരു മനുഷ്യന് എങ്ങനെയാണ് എപ്പോഴും ഇത്രയും ശാന്തമായി നിലകൊള്ളുവാൻ കഴിയുന്നതെന്ന് ഞാൻ അത്ഭുതപ്പെട്ടിട്ടുണ്ട്. അതിന് ഒരാൾക്ക് കഴിയണം എങ്കിൽ അചഞ്ചലമായ എന്തോ ഒന്ന് ആ മനുഷ്യന്റെ ഉള്ളിൽ ഉണ്ട്. ഇളകിമറിയുന്ന കടലിൽ പോലും നിലയുറപ്പിക്കാൻ ഒരു കപ്പലിന് കഴിയുന്നത് അതിനെ ആഴത്തിലേക്ക് ബലമായി പിടിച്ചു നിർത്തുന്ന നങ്കൂരമാണ്. അതുപോലെ പ്രശ്നങ്ങളുടെ നടുവിലും അദ്ദേഹത്തിന്റെ വിശ്വാസവും, ആത്മീയതയും അദ്ദേഹത്തെ ജീവിതത്തിൽ ഉറപ്പിച്ചു നിർത്തി.

ജോർജ് തോമസച്ചന്റെ ജീവിതത്തെ നാം കണ്ടു. പക്ഷെ ആ ജീവിതത്തെ മനസിലാക്കാൻ ഇനിയും ഏറെ നാളുകളെടുക്കും. ഒരു പാഠപുസ്തകംപോലെ ജീവിതമേശയിൽ അതിനിയും സ്ഥാനം പിടിക്കും.

ചില മനുഷ്യർ അങ്ങനെയാണ്. വലിയ ഒച്ചപ്പാടുകൾ ഇല്ലാതെ നമ്മുടെ ജീവിതത്തിലേക്ക് കയറി വരും. നാം അറിയാതെ നമ്മുടെ ജീവിതത്തിൽ, ഹൃദയത്തിൽ ഒരു വലിയ ഇടം നേടും. പുഴയൊഴുകുമ്പോൾ ഇരുവശവുമുള്ള തീരങ്ങൾ നനയുന്നതുപോലെയാണത്. ഇരുകരകളും അറിയാതെ ആ നനവിനെ സ്വീകരിക്കും. ഇരുകരകളിലും ആ നനവ് ജീവന്റെ ഒരുപാട് മുളകളെ വളർത്തും. ചിലത് ഭൂമിയെ പച്ചപ്പരവതാനി അണിയിക്കും; ചിലത് ഇടതൂർന്ന ഇലകളെ കാവടി തുള്ളിക്കുന്ന മരക്കൂട്ടമായും പരണമിപ്പിക്കും. അപ്പോഴും പുഴ ശാന്തമായി ഒഴുകിക്കൊണ്ടിരിക്കും. ഒടുവിൽ ആ ഒഴുക്ക് അവസാനിക്കുമ്പോഴാണ് പുൽത്തകിടിയും, മരക്കൂട്ടവും അവർക്ക്

www.malankaralibrary.com

ലഭിച്ചിരുന്ന നീരിന്റെ ഉറവിടങ്ങളിലേക്ക് നോക്കുക. ബഥനിയും ഇതുപോലെ ഒരു നഷ്ടബോധത്തിന്റെ ദുഃഖത്തിലും തിരച്ചിലിലും ആണ്. പുഴയുടെ ഒഴുക്ക് നിലച്ചുവെങ്കിലും ആ ഒഴുക്ക് നിരന്തരം സൃഷ്ടിച്ച പച്ചപ്പിന്റെ ഓർമ്മകൾക്ക് മരണമില്ലല്ലോ.

ബഹു. ജോർജ് തോമസച്ചന്റെ ബലവും ബലഹീനതയും അദ്ദേഹത്തിന്റെ സൗമ്യത ആയിരുന്നു.

ഏതു ക്ഷുഭിതമായ അവസരങ്ങളിലും ആ സൗമ്യത ലംഘിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നില്ല. അത് അദ്ദേഹത്തിന്റെ ബലഹീനതയായി കണ്ട് മുതലെടുക്കുവാൻ ശ്രമിച്ചിരുന്നവരും ഉണ്ടാകാം. എന്നാൽ ആരെയും മുറിപ്പെടുത്തുവാൻ ഇഷ്ടപ്പെടാതിരുന്ന ഒരു സന്ന്യാസിയുടെ വ്രതഭംഗം വരാത്ത ഭാവമായിരുന്നു അത്.

ബഥനിയുടെ വിഹായസിൽ കുളിർമയേകിയിരുന്ന ഒരു നറുനിലാവായിരുന്നു ആ ജീവിതം. ചന്ദ്രൻ നിലാവേകുമ്പോഴും അതിന് പിന്നിൽ ഒരു വേദനയുടെ കഥയുണ്ടല്ലോ. സൂര്യനെപ്പോലെ ചന്ദ്രൻ സ്വയം പ്രകാശിക്കുന്നില്ലല്ലോ. സൂര്യനിൽ നിന്ന് സ്വീകരിക്കുന്ന ചൂടിനെ ആഗിരണം ചെയ്ത്, പ്രകാശംമാത്രം പുറത്തേക്ക് ചൊരിഞ്ഞിരുന്ന ഒരു ജീവിതം കഴിഞ്ഞുപോയി. ആരെയും വേദനിപ്പിക്കാതെ, ആരെയും തപിപ്പിക്കാതെ ആ ജീവിതം കഴിഞ്ഞുപോയി. ഒരു നിലാവുപോലെ...

**"ശാന്തശീലർ ഭാഗ്യവാന്മാർ,**
**എന്തെന്നാൽ അവർ ഭൂമിയെ അവകാശമാക്കും"**
**(മത്തായി 5:5).**

www.malankaralibrary.com

# A Shepherd of Simplicity and Love
# Rev. Dr. George Thomas Kallunkal OIC

**Sr. Alphonsa OSS**

Some lives shine so brightly that their memory remains a blessing forever. Our beloved Rev. Dr. George Thomas was one such person—a man of wisdom, humility, and boundless love. His life was not measured by titles or positions, but by the kindness he shared and the hope he gave to everyone he met.

From his early days, he showed a thirst for knowledge. He studied deeply, gaining wisdom in Scripture, theology, and human life itself. People often said, "He knows everything." Yet what made him special was not just his knowledge, but his simplicity. He wore learning like a lamp that gave light to others, never as a crown for himself.

He was always close to the people. His door and his heart were open to everyone - children, youth, families, the sick, and the elderly. He listened with patience, comforted those in sorrow, and encouraged those in doubt. He never looked at wealth, status, or background; for him, every person was a child of God, worthy of love and care.

In his journey, he was entrusted with many great responsibilities. He served as a guide, a Provincial, a Superior General, and held many other leadership roles. These positions could have made him distant or proud, but instead, they made him even more humble. For him, leadership meant service. He guided others with gentleness, inspired them with his example, and led with a servant's heart.

He was also a man of prayer. His strength came from his closeness to God, and that spiritual depth gave him the power to face challenges with calmness. His words were always filled with positivity. Even in difficult times, he would remind everyone, "God is with us - there is always hope."

He was loved not only for what he did but for who he was. His kindness, his laughter, his encouragement, and his humility touched countless lives. To the rich and the poor, to the strong and the weak, he was the same—a true father and friend.

Though he has left this earthly life, his spirit continues to inspire us. We remember him not with sorrow but with gratitude—for the way he lived, the love he shared, and the hope he planted in our hearts. He has gone to his eternal rest, but his light will continue to shine through the many lives he touched.

As we look back on his life, we are reminded that true greatness lies not in power or position, but in simplicity, service, and love. Our beloved priest lived this truth every day, and his legacy will remain a guiding star for all who knew him.

www.malankaralibrary.com

# മന്ദമാരുതൻ പോലെ കടന്നുപോയ ഒരാൾ....

**ഫാ. മാർട്ടിൻ പ്രേമാനന്ദ് ഒ.ഐ.സി.**

ഞങ്ങളുടെ ബാച്ചുകാരുടെ സന്യാസപരിശീലന കാലത്തിൽ ആദ്യത്തെ വർഷവും, ദൈവശാസ്ത്രപഠന കാലയളവിൽ അവസാനഘട്ടത്തിലും ജോർജ് തോമസച്ചൻ ഞങ്ങളുടെ ഗുരുവായിരുന്നു. അച്ചന്റെ കൂടെ ജനറൽ കൗൺസിലിൽ അംഗമായിരിക്കാനും തിരുവല്ല ആശ്രമ ദയറായിൽ അച്ചനോടൊപ്പം ജീവിക്കാൻ എനിക്ക് ഇടയായിട്ടുണ്ട്. അങ്ങനെ അച്ചനെ വളരെ അടുത്തറിയാനുള്ള അവസരം ലഭിച്ചതിന്റെ അനുഭവത്തിന്റെ പങ്കുവയ്ക്കലാണിത്.

**അമ്മ മനസ്സുള്ള ഗുരു**

ജോർജ് തോമസച്ചൻ വൈദികനായി അധികവർഷം കഴിയും മുമ്പാണ് ഞങ്ങളുടെ ഗുരുവായി നിയമിതനാകുന്നത്. പക്ഷേ, ചെറുപ്പത്തിന്റെ എടുത്ത ചാട്ടം ഒന്നും ഇല്ലാത്ത പക്വമതിയായ ഒരു സന്യാസിയായിട്ടാണ് അന്നുമുതൽ ഇന്നുവരെ അച്ചൻ കാണപ്പെട്ടത്. താരതമ്യേന വലിയൊരു സംഖ്യ അന്ന് അർത്ഥികളായി കോട്ടയത്ത് ഉണ്ടായിരുന്നു. ഗൃഹാതുരത്വം മാറാത്ത കുട്ടികളായ ഞങ്ങളോരോരുത്തരോടും മാതൃഭാവത്തോടെ അച്ചൻ പെരുമാറി. അർത്ഥികളായി വന്നുചേർന്ന എല്ലാവരും സന്ന്യസ്തരായില്ലെങ്കിലും അവർക്കും അച്ചനോടു വലിയ ആത്മബന്ധമുണ്ടായിരുന്നു. അച്ചന്റെ സംസ്കാരവേളയിലുണ്ടായിരുന്ന അവരുടെ സാന്നിധ്യം ആ അടുപ്പം വിളിച്ചോതുന്നതായിരുന്നു. അച്ചൻ തിരുത്തലുകൾ നൽകുമായിരുന്നെങ്കിലും അതു സൗമ്യമായിട്ടായിരുന്നു ചെയ്തിരുന്നത്. ഒരു ഒന്നാം വർഷ സന്ന്യാസാർത്ഥിക്കുപോലും അച്ചൻ വേണ്ട ബഹുമാനം നൽകിയിരുന്നു; സൗമനസ്യത്തോടെ അവരെ കേട്ടിരുന്നു. ആർക്കെങ്കിലും എന്തെങ്കിലും വിഷമം ഉണ്ടെന്നു തോന്നിയാൽ സഹാനുഭൂതിയോടെ അവരോടു പെരുമാറിയിരുന്നു. നല്ല ബാസ്ക്കറ്റ് ബോൾ കളിക്കാരനായിരുന്ന അച്ചൻ സന്യാസാർത്ഥികളുടെ പഠന കാര്യത്തിൽ മാത്രമല്ല, അവരുടെ കായിക, കലാവളർച്ചയിലും വളരെ ശ്രദ്ധാലുവായിരുന്നു.

**സ്നേഹധനനായ ഭരണകർത്താവ്**

പല നല്ല മനുഷ്യർക്കും ധാരാളം ശത്രുക്കൾ ഉണ്ടാവുന്നത് അവർ ഉയർന്ന അധികാരത്തിൽ എത്തുമ്പോഴാണ്. ആ സമയത്ത് അവർ എടുക്കുന്ന സമീപനങ്ങളുടെയും തീരുമാനങ്ങളുടെയും പേരിലും, അവർ മുറിപ്പെടുത്തുന്ന ഭാഷണങ്ങൾ നടത്തുന്നു എന്ന തോന്നലിന്റെ പേരിലും, അവർ മറ്റുള്ളവരെ കേൾക്കാനും അംഗീകരിക്കാനും തയ്യാറല്ല എന്ന ചിന്തയുടെ അടിസ്ഥാനത്തിലും ന്യായമായോ അന്യായമായോ ഒക്കെ അധികാരികൾ വിമർശിക്കപ്പെടാറുണ്ട്. ജോർജ്ജു തോമസച്ചൻ അങ്ങനെ ശരവ്യയനായിട്ടുള്ള ഒരാളല്ല. അതുകൊണ്ടു തന്നെ ഉന്നതാധികാര സമിതികളിൽ അദ്ദേഹം സ്ഥിരസാന്നിധ്യമായിരുന്നു. കൗൺസിലർ, സുപ്പീര്യർ ജനറൽ തെരഞ്ഞെടുപ്പുകളിൽ ആളുകളുടെ സ്വാഭാവിക തെരഞ്ഞെടുപ്പ് (Natural choice) ആയി അച്ചൻ മാറി. ഒരു Brand Name എന്നതുപോലെ ഏതു സുപ്രധാന സമിതികളിലും സ്വയം ഒഴിയുന്നതുവരെ അച്ചന്റെ സാന്നിധ്യം ഉണ്ടായിരുന്നു.

ഒരു രഹസ്യവും അച്ചനിൽ നിന്നു ചോർന്നു പോവുകയില്ല എന്ന വിശ്വാസം ആളുകൾക്കുണ്ടായിരുന്നതിനാലും ക്ഷമാപൂർവ്വം അച്ചൻ ആളുകളെ ശ്രവിക്കും എന്ന ബോധ്യം ഉള്ളതുകൊണ്ടും ജോർജ്ജു തോമസച്ചന്റെ അടുക്കൽ കാര്യങ്ങൾ തുറന്നു പറയാൻ ആളുകൾക്കു

www.malankaralibrary.com

സ്വാതന്ത്ര്യം തോന്നിയിരുന്നു. അധികാര ദണ്ഡു കാട്ടി ഭയപ്പെടുത്താതെ അനുനയത്തിന്റെ പാതയിലൂടെയായിരുന്നു അച്ചന്റെ സഞ്ചാരം.

**ആടുകളെ അറിഞ്ഞ നല്ലിടയൻ**

ഇടവക ജനങ്ങളുടെ മനം കവർന്ന ഇടയനായിരുന്നു ജോർജച്ചൻ. വലിപ്പച്ചെറുപ്പം നോക്കാതെ അച്ചൻ ഇടവകാംഗങ്ങളോട് ഇടപെട്ടു. ആളുകളുടെ എണ്ണമോ, ധനപരമായ അവസ്ഥയൊ ഒന്നും അച്ചന്റെ ശുശ്രൂഷകളുടെ തീഷ്ണതയെ ബാധിച്ചിരുന്നില്ല. അച്ചൻ വികാരിയായിരുന്ന ഇടവകകളിൽ പല പ്രാവശ്യം ശുശ്രൂഷകൾക്കു ഞാൻ പോയിട്ടുള്ളതിനാൽ അവിടുത്തെ ആളുകളിൽ നിന്ന് എനിക്കു നേരിട്ടു മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്, അവർ എത്രമാത്രം അച്ചനെ ആദരിച്ചിരുന്നു വെന്ന്. കുലീനതയുള്ള അച്ചന്റെ സംസാരവും ഇടവകകളെ വളർത്തുന്നതിനുള്ള ശ്രദ്ധയും എല്ലാവരോടും സമഭാവനയോടുള്ള പെരുമാറ്റവും കാര്യപ്രാപ്തിയും കൊണ്ട് അച്ചൻ ആളുകളെ കീഴടക്കി.

**സാത്വികനായ സന്യാസി**

വഹിച്ച പദവികളുടെ കനവും ലഭിച്ച സ്വീകാര്യതയും അച്ചനെ ഉന്മത്തനാക്കിയില്ല. കല്ലുങ്കൽ എന്ന ഗ്രാമത്തിന്റെ നൈർമ്മല്യവാഹകനായി അച്ചൻ ജീവിച്ചു. ആരുടെ കൂട്ടത്തിലും അച്ചൻ കൂടും; സരസസംഭാഷണം ഇഷ്ടമായിരുന്നു; തമാശകൾ കേട്ടാൽ കുലുങ്ങിച്ചിരിക്കും; ആരെയും അപഹസിച്ചു സംസാരിക്കില്ല; തന്റെ പാണ്ഡിത്യം തെളിയിക്കാൻ വെറുതെ വർത്തമാനം പറയില്ല. ഇന്ന വിഷയത്തിൽ ജോർജ് തോമസച്ചന്റെ അഭിപ്രായമെന്തെന്ന് അറിയാൻ ആളുകൾ താല്പര്യപ്പെടുമ്പോഴാണ് അച്ചൻ പലപ്പോഴും സംസാരിക്കാറുള്ളത്. ആ ശബ്ദം ആധികാരികതയുള്ളതാണെന്ന് പലപ്പോഴും അംഗീകരിക്കപ്പെടുകയും ചെയ്യും.

**ഓർമ്മയിൽ അവശേഷിപ്പിച്ച സംഗമം**

ഞങ്ങളുടെ ബാച്ചുകാർ എല്ലാ വർഷവും ഞങ്ങളുടെ പൗരോഹിത്യവാർഷികവുമായി ബന്ധപ്പെട്ടു ഒന്നിച്ചു കൂടാറുണ്ട്. കഴിഞ്ഞ കൂടിവരവ് മാവേലിക്കര ജീവാരാമിൽ വച്ചായിരുന്നു. ജോർജ്ജു തോമസച്ചന്റെ പൗരോഹിത്യരജതജൂബിലി സമാപനവും അച്ചൻ പണിയിച്ച ദൈവാലയത്തിന്റെ കൂദാശകളും നടന്നിട്ട് അധികം നാളായിട്ടിലാഞ്ഞതിനാൽ അച്ചനെ ആ Gathering-ൽ ആദരിക്കുവാൻ എല്ലാവരും ഐകകണ്ഠേന തീരുമാനിക്കുകയും അച്ചൻ ആ കൂടിവരവിൽ സന്തോഷപൂർവം സംബന്ധിക്കുകയും ചെയ്തു. അന്ന് ഞങ്ങൾ ഓരോരുത്തരും അച്ചനെ അഭിനന്ദിക്കുകയും അച്ചനോടുത്തുള്ള ജീവിതത്തിലെ ഞങ്ങളുടെ അനുഭവങ്ങൾ പങ്കുവയ്ക്കുകയും അച്ചന് ചെറിയ ഒരു ഉപഹാരം നൽകുകയും ചെയ്തു.

ജോർജ്ജു തോമസച്ചൻ വികാരഭരിതനായി കണ്ണുനിറഞ്ഞു നടത്തിയ മറുപടി പ്രസംഗത്തിൽ, അദ്ദേഹത്തിന്റെ ആഴമായ സ്നേഹം ഞങ്ങൾ ഒരിക്കൽ കൂടി അനുഭവിച്ചു. ഞങ്ങളോടു മാത്രമല്ല, എല്ലാവരോടും അച്ചൻ ഇതുപോലെ സ്നേഹവായ്പോടെ പെരുമാറിയതിന്റെ പ്രതിഫലനമായിരുന്നു, അച്ചന്റെ അന്ത്യയാത്രയിൽ പങ്കുചേർന്ന വലിയ ജനക്കൂട്ടം.

എല്ലാവരിലും നല്ല സ്മരണകൾ മാത്രം അവശേഷിപ്പിച്ചു കടന്നുപോയ ഞങ്ങളുടെ പ്രിയപ്പെട്ട ഗുരുനാഥന് ആദരാഞ്ജലികൾ!

www.malankaralibrary.com

# സൗമ്യം... ദീപ്തം... വിശുദ്ധം

**സി. മരിയ ആഞ്ചല ബി. എസ്.**
ബസിലീയൻ സിസ്റ്റേഴ്സ്, സുപ്പീരിയർ

സന്ന്യാസപരിശീലന കാലം മുതലേ ദൈവീകസാന്നിധ്യം നിറഞ്ഞുതുളുമ്പുന്ന ആത്മീയ മനുഷ്യൻ... ബഹുമാനപ്പെട്ട ജോർജ് തോമസ് അച്ചൻ. ഒരു പുരോഹിതൻ എന്നതിനോടൊപ്പം, ആത്മീയ പിതാവും, സഹോദരനും, കൂട്ടുകാരനും... ലളിതവും വിനീതവും സ്നേഹനിർഭരവുമായ ഒരു ജീവിതത്തിന്റെ ഉടമ. ജീവിക്കുന്ന സുവിശേഷമായിരുന്നു അച്ചൻ. ക്രിസ്തുവിനെ പ്രസംഗിക്കുക മാത്രമല്ല, തന്റെ ജീവിതംകൊണ്ട് മറ്റുള്ളവർക്ക് ഈശോയെ കാണിച്ചു കൊടുക്കുകയും ചെയ്തു. സ്വതസിദ്ധമായ പുഞ്ചിരിയിലൂടെ, സമർപ്പിതജീവിതത്തിലേക്ക്, നമ്മെ ഉൾച്ചേർക്കാനും, ശിഷ്യത്വവഴിയുടെ ആഴങ്ങളിലേക്ക് കൈപിടിച്ച് നടത്താനും അച്ചന് സാധിച്ചു.

സമർപ്പിത ജീവിതത്തിലൂടെ വിശുദ്ധീകരിക്കപ്പെട്ടും, വിശുദ്ധീകരിച്ചും, വഴികാട്ടികളായ മഹാത്മാക്കളുടെ ജീവിതസാക്ഷ്യം തെളിയിച്ചു കാണിച്ചും, സഭാപിതാക്കന്മാരുടെ ആഹ്വാനങ്ങളും, അപ്പസ്തോലിക പ്രബോധനങ്ങളും, ദൈവവചനവും അടിസ്ഥാനമാക്കി. സന്ന്യാസ സമർപ്പണ ജീവിതത്തിന്റെ ആഴവും വ്യാപ്തിയും ഇഴതെറ്റാതെ പഠിപ്പിച്ച്, ഞങ്ങൾക്ക് പുതിയ തിരിച്ചറിവുകളും ബോധ്യങ്ങളും ഉൾക്കാഴ്ചകളും പകർന്നുതരാൻ ബഹുമാനപ്പെട്ട അച്ചന് സാധിച്ചു.

പ്രതിസന്ധികളുടെ നടുവിൽ ബസിലീയൻ സന്ന്യാസിനി സമൂഹത്തിന് താങ്ങും തണലുമായി കൂടെ നിന്ന് ഞങ്ങളെ ശക്തിപ്പെടുത്തി. ബഹു.അച്ചന്റെ ജീവിതം ഞങ്ങളുടെ ഓരോരുത്തരുടെയും ഹൃദയങ്ങളിൽ തൊട്ടതാണ്. നന്മയെ നന്മയായി കാണുവാനും, നിരന്തരം ദൈവത്തോട് കൂടെ ആയിരിക്കേണ്ടതെങ്ങനെയെന്നും, ഒരു വത്സലപിതാവിനെപ്പോലെ സന്ന്യാസജിവതം ഞങ്ങളെ പഠിപ്പിച്ചു. ഹൃദയം ഹൃദയത്തെ കണ്ടുമുട്ടുന്ന ഇടപെടലായിരുന്നു ബഹു.അച്ചന്റേത്. ഹൃദയത്തിൽ തൊട്ട പുഞ്ചിരി, ഹൃദയത്തിൽ തൊട്ട നോട്ടം, അങ്ങനെ അനേകരുടെ ഹൃദയങ്ങൾക്ക് അച്ചന്റെ സാന്നിധ്യം ആശ്വാസമായി.

നിശ്ചയദാർഢ്യവും കൃത്യനിഷ്ഠയും, പ്രാർത്ഥനാജീവിതവും, അച്ചനിൽ തെളിഞ്ഞ് നിന്നിരുന്നു. "ഒറ്റയായാൽ നീ ഒരു തുള്ളിയാകും, ഒരുമിച്ചാൽ നിനക്കൊരു പ്രവാഹമാകാം, എന്ന ഹെലൻ കെല്ലറിന്റെ വാക്കുകൾ അച്ചനിൽ അന്വർത്ഥമാണ്. 1996 മുതൽ ബസിലീയൻ സന്ന്യാസിനി സമൂഹവുമായി ബഹു.അച്ചന് ബന്ധമുണ്ട്. വി. കുർബാനയെ ഹൃദയത്തിലേറ്റിയ ആരാധ്യശ്രേഷ്ഠൻ, 21-08-2025 വ്യാഴാഴ്ച ഞങ്ങൾക്കുവേണ്ടി, ഞങ്ങളുടെ ചാപ്പലിൽ അച്ചൻ വി. ബലി അർപ്പിച്ചു. ജീവിതത്തിൽ എപ്പോഴും കർമ്മനിരതനായ ഒരു വൈദികനെയാണ് ഞങ്ങൾക്ക് കാണാൻ സാധിച്ചത്. നിഷ്കളങ്കമായ പുഞ്ചിരിയും, സൗമ്യമായ ഇടപെടലും, ധ്യാനാത്മകമായ ശാന്തതയും ഏവരേയും അച്ചനിലേക്ക്, ആകർഷിക്കുന്നു. ശബ്ദകോലാഹലങ്ങളുടെ ഈ യുഗത്തിൽ അച്ചനിലെ ആന്തരിക നിശബ്ദത എടുത്തുപറയേണ്ടതാണ്. നീണ്ട മണിക്കൂറുകൾ മറ്റുള്ളവരെ കേൾക്കുക എന്നതും, അച്ചന്റെ മാത്രം പ്രത്യേകതയാണ്. സംതൃപ്തി എന്ന സുകൃതത്തെ പുണ്യമാക്കി ജന്മം കൊടുത്തു, തന്റെ ജീവിത വീഥികളിലൂടെ... അച്ചാ... അച്ചന്റെ ശിഷ്യരായ ഞങ്ങൾ ഒരിക്കലും മറക്കില്ല; അച്ചന്റെ ജീവിതത്തിലൂടെ ഞങ്ങൾക്ക് കാട്ടിത്തന്ന പുണ്യസുകൃതങ്ങൾ... ഞങ്ങളുടെ ഹൃദയങ്ങളിൽ അച്ചൻ ഇന്നും ജീവിക്കുന്നു. ●

www.malankaralibrary.com

# മാർഗ്ഗദർശിയായ ജോർജ്ജ് തോമസ് അച്ചൻ

**ബാബു കല്ലുങ്കൽ**

ദൈവതിരുമുമ്പിൽ ആദരവോടെ നിന്ന് ദൈവജനത്തിനായി മാധ്യസ്ഥം വഹിക്കുകയും ദൈവജനത്തിനുവേണ്ടി തിരുമുമ്പിൽ ആരാധനയർപ്പിക്കുകയും പാപപരിഹാരത്തിനായി ബലികളും കാഴ്ചകളും അർപ്പിക്കുന്ന വിശുദ്ധ ശുശ്രൂഷകനാണ് പുരോഹിതൻ.

തികഞ്ഞ ദൈവഭക്തരും കൃത്യനിഷ്ഠയോടെ പ്രാർത്ഥിക്കുന്നവരും ആത്മീയകാര്യങ്ങളിലും സഭാപ്രവർത്തനത്തിലും മുൻപന്തിയിൽ നിൽക്കുന്നവരും ഉന്നതജീവിതമൂല്യം നിലനിർത്തുന്നവരുമായ കല്ലുങ്കൽ പ്രദേശത്ത്, കല്ലുങ്കൽ കുടുംബത്തിൽ പരേതരായ കെ.വി. തോമസിന്റെയും മറിയാമ്മ തോമസിന്റെയും സീമന്തപുത്രനായി 1951 ജനുവരി 31-ാം തീയതി ജോർജ് തോമസ് അച്ചൻ ജനിച്ചു. അച്ചൻകുഞ്ഞ് എന്നായിരുന്നു വിളിപ്പേര്. അച്ചന്റെ ജനനസമയം കുടുംബം ഓർത്തഡോക്സ് വിശ്വാസത്തിലായിരുന്നു. 1952ൽ ധന്യൻ മാർ ഈവാനിയോസ് പിതാവ് നേതൃത്വം കൊടുത്ത പുനരൈക്യപ്രസ്ഥാനത്തിൽ കല്ലുങ്കൽ പ്രദേശത്ത് നേതൃത്വം നൽകിയ പ്രധാനപ്പെട്ട 15 പേരിൽ ഒരാൾ ബഹു. ജോർജ് തോമസ് അച്ചന്റെ പിതാവ് കെ.വി. തോമസ് ആയിരുന്നു.

വിശ്വാസജീവിതത്തിലും സഭാപ്രവർത്തനത്തിലും മാതാപിതാക്കളുടെ തീഷ്ണത മാതൃകയാക്കി തന്റെ ബാല്യത്തിൽ തന്നെ ദൈവത്തിനുവേണ്ടി ജീവിതം സമർപ്പിച്ചവനാണ് ബഹു. ജോർജ് തോമസ് അച്ചൻ. ബാലനായ അച്ചൻകുഞ്ഞിന്റെ പ്രാഥമിക വിദ്യാഭ്യാസം 1 മുതൽ 7 വരെയുള്ള ക്ലാസ്സുകൾ ഇരമല്ലിക്കര എച്ച്.യു.പി. സ്കൂളിലും 8ാം ക്ലാസ്സ് എം.ജി.എം. ഹൈസ്കൂളിലും ആയിരുന്നു. ഈ സമയം കല്ലുങ്കൽ മലങ്കര കത്തോലിക്കാ ഇടവക വികാരിയായിരുന്ന ബഹുമാനപ്പെട്ട ജോൺ കുഴിനാപ്പുറത്ത് ഒ.ഐ.സി. അച്ചന്റെ (ധന്യൻ മാർ ഈവാനിയോസ് പിതാവിന്റെ കൂടെ കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെട്ട വൈദികൻ) സ്നേഹപൂർവ്വമായ നിർദ്ദേശപ്രകാരം തിരുവല്ല ബഥനി ആശ്രമത്തിൽ ചേരുകയും 9,10 ക്ലാസ്സുകൾ തിരുമൂലപുരം സെന്റ് തോമസ് സ്കൂളിൽ പഠിച്ചു പാസാകുകയും ചെയ്തു. ബഹു. ജോൺ ഒ.ഐ.സി. അച്ചനാണ് ദൈവവിളി മനസ്സിലാക്കി അച്ചൻകുഞ്ഞിനെ ശരിയായ മാർഗ്ഗത്തിലേക്ക് നയിച്ചതും തിരുവല്ല ആശ്രമത്തിൽ ചേർത്തതും. 1965-1966 കാലഘട്ടത്തിൽ തിരുവല്ല ആശ്രമത്തിൽ പ്രീനോവിഷ്യേറ്റും 1966-1967 തിരുവനന്തപുരം നാലാഞ്ചിറ ആശ്രമത്തിൽ നോവിഷ്യേറ്റും പൂർത്തിയാക്കി. തിരുവനന്തപുരം മാർ ഈവാനിയോസ് കോളേജിൽ നിന്നും പ്രീഡിഗ്രി നല്ല നിലയിൽ പാസ്സായി. പിന്നീട് പൂനെ, പൊന്തിഫിക്കൽ സെമിനാരിയിൽ നിന്നും ഫിലോസഫിയും തിയോളജിയും പാസ്സായി. 1973 ഏപ്രിൽ 7ൽ ഫൈനൽ പ്രൊഫഷൻ പൂനെയിൽ നടത്തി. 1975 ജനുവരി 1-ൽ പൂനെ ബിഷപ്പായിരുന്ന വില്യം ഗോമസ്സിന്റെ പക്കൽ നിന്നും ശെമ്മാശപട്ടം സ്വീകരിച്ചു. 1975 ഏപ്രിൽ 3ന് കോട്ടയം ബഥനി ജനറലേറ്റിൽ വെച്ച് തിരുവല്ല രൂപതയുടെ ത്രിതീയമെത്രാൻ, കാലംചെയ്ത സഖറിയാസ് മാർ അത്തനാസിയോസ് മെത്രാപ്പോലീത്തായിൽ നിന്നും നിന്നും വൈദികപട്ടം സ്വീകരിച്ചു. 1975 ഏപ്രിൽ 14ൽ കല്ലുങ്കൽ സെന്റ് ജോർജ്ജ് മലങ്കര കാത്തോലിക്കാ ദേവാലയത്തിൽ വെച്ച് സഖറിയാസ് മാർ അത്തനാസിയോസ് തിരുമേനിയുടെ ശ്രേഷ്ഠ സാന്നിദ്ധ്യത്തിൽ പുത്തൻ കുർബാന അർപ്പിച്ചു.

www.malankaralibrary.com

അതിനുശേഷം തിയോളജിയിൽ ബിരുദാനന്തര ബിരുദം M.Th നേടി. 1978 മുതൽ 1983 വരെ റോമിലെ University of Teresianum -ൽ നിന്നും സ്പിരിച്യുലാറ്റിയിൽ ഡോക്ടറേറ്റ് നേടി. പിന്നീട് നാട്ടിൽ തിരിച്ചെത്തി പൂനെ ബഥനി ആശ്രമത്തിന്റെ വൈസ് റെക്ടർ എന്ന നിലയിൽ പ്രവർത്തിച്ചു. 1986 മുതൽ 1998 വരെ കോട്ടയം ബഥനി ജനറലേറ്റ് കേന്ദ്രമാക്കി ബഥനി സന്ന്യാസ സമൂഹത്തിന്റെവിവിധ ഭരണതലത്തിലും, 12 വർഷക്കാലം ബഥനി സന്ന്യാസസമൂഹത്തിന്റെ മുഖ്യ ജനറലായും സേവനം ചെയ്തു ബഥനി പ്രസ്ഥാനത്തിന് ദിശാബോധം നൽകി. ബഥനി പ്രസ്ഥാനത്തിന്റെ ചരിത്രപരമായ പല പ്രവർത്തനം കാഴ്ചവെക്കാൻ അച്ചന് സാധിച്ചു.

ഈ കാലഘട്ടങ്ങളിൽ ആലുവ തോട്ടയ്ക്കാട്ടുകര സെന്റ് ജോൺസ്, കളത്തിപ്പടി ലിറ്റിൽ ഫ്ളവർ, കീച്ചാൽ ലിറ്റിൽ ഫ്ളവർ, തിരുവഞ്ചൂർ സെന്റ് പീറ്റർ & പോൾ, വാകത്താനം സെന്റ് തോമസ്, പാത്താമുട്ടം സെന്റ് മേരീസ് എന്നീ ദേവാലയങ്ങളിൽ വികാരിയായിരുന്നു. 2012 മുതൽ തിരുവല്ലാ ബഥനി ആശ്രമം കേന്ദ്രമാക്കി പൂവത്തൂർ സെന്റ് മേരീസ് പള്ളിയുടെ വികാരിയായി നീണ്ട വർഷങ്ങൾ സേവനം ചെയ്തു. അമ്പാട്ടുഭാഗം സെന്റ് മേരീസ് ദേവാലയ ത്തിന്റെ വികാരിയായി പുതിയ ദേവാലയത്തിന്റെ നിർമ്മാണം പൂർത്തിയാക്കുവാൻ അച്ചന് സാധിച്ചു.

വന്ദ്യ ജോർജ് തോമസ് അച്ചൻ ഒരു മികച്ച അദ്ധ്യാപകനും റിസേർച്ച് ഗൈഡും ആയിരു ന്നു. വിലയേറിയ സമയം അദ്ധ്യാപനത്തിനായി വിവിധ സെമിനാരികളിൽ ആയിരുന്നു. പൂനെ ബഥനി വിജ്ഞാനപീഠം, സെന്റ് മേരീസ് മലങ്കര മേജർ സെമിനാരി തിരുവനന്തപുരം, വട വാതൂർ സെന്റ് തോമസ് അപ്പൊസ്തോലിക് സെമിനാരി എന്നിവിടങ്ങളിലെ അസോസിയേറ്റ് പ്രൊഫസറും പ്രൊഫസറുമായി ശുശ്രൂഷ ചെയ്തിരുന്നു. ബഥനി സന്ന്യാസിനി സമൂഹത്തി നും, ഹോളിസ്പിരിറ്റ് സന്ന്യാസിനി സമൂഹത്തിനും, ഡോട്ടേഴ്സ് ഓഫ് മേരി സന്ന്യാസിനി സമൂഹത്തിനും അച്ചൻ വിശ്വാസപരിശീലനം നൽകിയിരുന്നു.

അനേകം വൈദികരുടെഗവേഷണ പ്രബന്ധങ്ങൾ വേരിഫൈ ചെയ്യുകയും അവരുടെ ഡോക്ടറൽ തിസീസ് ഗൈഡായും സേവനം ചെയ്തിരുന്നു. കാത്തോലിക്കാ സഭിയിലെ പല പിതാക്കന്മാരും അച്ചന്റെ വിദ്യാർത്ഥികളാണ്.

50 വർഷക്കാലം വന്ദ്യ ജോർജ് തോമസ് അച്ചന്റെ ശുശ്രൂഷ വളരെ ത്യാഗത്തോടും ദൈവ ത്തിന് ഏറ്റവും പ്രീതികരമായ രീതിയിലും ആയിരുന്നു. ബഹു. അച്ചൻ തികഞ്ഞ ദൈവശാ സ്ത്രപണ്ഡിതനും മികച്ച പ്രഭാഷകനും മലങ്കരസഭയുടെ ആനുകാലികങ്ങളിൽ നിരവധിയാ യ ലേഖനങ്ങൾ എഴുതുകയും പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. മലാക്കിപ്രവചനം 2/7 ൽ ഇങ്ങനെ നാം വായിക്കുന്നു, “പുരോഹിതൻ അധരത്തിൽ ജ്ഞാനം സൂക്ഷിക്കണം, ജനം പ്രബോധനം തേടി അവനെ സമീപിക്കണം. അവൻ സൈന്യങ്ങളുടെ കർത്താവിന്റെ ദൂത നാണ്”.

അതീവ ദൈവജ്ഞാനവും വിനയവുമുള്ള ഈ ശ്രേഷ്ഠപുരോഹിതൻ കല്ലുങ്കൽ ഇടവക യുടെ പുത്രനായി ലഭിച്ചതിൽ ഇടവകയും പ്രത്യേകിച്ച് കല്ലുങ്കൽ കുടുംബവും അഭിമാനിക്കു ന്നു. ദൈവത്തിന് നന്ദി പറയുന്നു. ഒരു ചെറുപുഞ്ചിരിയോടെ എല്ലാവരുമായും സ്നേഹവും വാത്സല്യവും പങ്കിടുന്ന അച്ചൻ അനുസരണം, ദാരിദ്രം, ബ്രഹ്മചര്യം എന്നീ പുണ്യങ്ങൾ കൈമു

www.malankaralibrary.com

തലാക്കി ധന്യൻ മാർ ഈവാനിയോസ് പിതാവിന്റെ പാത പിന്തുടർന്ന് ദൈവത്തെയും സഭയേയും ബഥനി പ്രസ്ഥാനത്തെയും സേവിപ്പാൻ ബഹുമാനപ്പെട്ട ജോർജ് തോമസ് അച്ചന് കഴിഞ്ഞു.

കല്ലുങ്കൽ സെന്റ് ജോർജ് മലങ്കര കാത്തോലിക്കാ ദേവാലയത്തിന്റെ അഭിമാനമായ ബഹു. ജോർജ് തോമസ് അച്ചന്റെ പൗരോഹിത്യ സിൽവർ ജൂബിലി 2000 മെയ് 10 ലും സുവർണ്ണജൂബിലി 2025 ഫെബ്രുവരി 16നും ആഘോഷമായി നടത്തുവാൻ ഇടവക ജനങ്ങൾക്ക് സാധിച്ചു.

ഞങ്ങളുടെ സഹോദരനും ആത്മീയ പിതാവുമായ വന്ദ്യ ജോർജ് തോമസ് അച്ചൻ 2025 ആഗസ്റ്റ് മാസം 24-ാം തീയതി ഞായറാഴ്ച രാവിലെ 11.30 ന് തന്റെ ഓട്ടം പൂർത്തിയാക്കി ദൈവസന്നിധിയിൽ ചേർക്കപ്പെട്ടു.

ജനങ്ങളിൽ നിന്ന് ജനങ്ങൾക്കുവേണ്ടി പരിശുദ്ധാത്മാവിനാൽ സഭാശുശ്രൂഷയ്ക്ക് തിരഞ്ഞെടുക്കപ്പെട്ട ജോർജ് തോമസ് അച്ചൻ ദൈവജനത്തിന്റെ മുമ്പിൽ നിന്നുകൊണ്ട്, അവരെ ദൈവസന്നിധിയിലേക്ക് നയിക്കുകയും അതിനായി ദൈവത്തിന്റെ ഹിതമറിഞ്ഞ് അത് അവരോട് പ്രഘോഷിക്കുകയും ചെയ്ത പുരോഹിതനായിരുന്നു. ദൈവവുമായുള്ള ബന്ധത്തിൽ ദൈവ ജനത്തിന് എന്നും മാർഗ്ഗദർശിയായിരുന്നു ബഹുമാനപ്പെട്ട ജോർജ് തോമസ് അച്ചൻ.

www.malankaralibrary.com

# സുവിശേഷോപദേശങ്ങളാൽ പ്രശോഭിതനായ സന്ന്യാസ ശ്രേഷ്ഠൻ

**സി. ലില്ലി ജോസ് എസ്.ഐ.സി.**

"തന്റെ ഭവനത്തിലുള്ളവർക്ക് കൃത്യസമയത്ത് ഭക്ഷണം കൊടുക്കാൻ യജമാനൻ നിയോഗിച്ച വിശ്വസ്തനും വിവേകിയുമായ ഭൃത്യൻ ആരാണ്?" (മത്താ 24/45) എന്ന ചോദ്യത്തിന്, അവസാന നിമിഷംവരെ തന്റെ ജീവിതംകൊണ്ട് ഉത്തരം നൽകിയ ആചാര്യ ശ്രേഷ്ഠനായിരുന്നു പ്രിയ ബഹുമാനപ്പെട്ട ജോർജ് തോമസ് അച്ചൻ. ഉത്തരവാദിത്തങ്ങൾ ഏറെയുണ്ടായിരുന്നിട്ടും തിരക്കുകളൊന്നും കൂട്ടാതെ, ജീവിതം മുഴുവൻ ദൈവത്തിനും ദൈവജനത്തിനും സമൂഹത്തിനുമായി ഉഴിഞ്ഞുവച്ച്, അവസാനം വളരെ തിടുക്കത്തിൽ ദൈവപിതാവിൻ പക്കലേക്ക് പറന്നകന്ന ആ പുണ്യാത്മാവിന്റെ പവിത്രമായ ഓർമ്മകൾക്ക് മുന്നിൽ ശിരസ്സ് നമിക്കുന്നു. പരിശുദ്ധാത്മാവിന്റെ സൽഫലങ്ങൾ നിറഞ്ഞുനിന്നിരുന്ന അദ്ദേഹത്തിന്റെ ജീവിതംതന്നെ ഒരു പുണ്യയാത്രയായിരുന്നു. സ്നേഹവും ദയയും കരുണയും കൊണ്ട് അച്ചൻ ഓരോരുത്തരെയും ചേർത്ത് നിർത്തി. അദ്ദേഹത്തിന്റെ വാക്കുകൾ അനേകരുടെ ജീവിതത്തിന് ദിശാബോധം നൽകി.

ദൈവത്തിന്റെ കൈയ്യൊപ്പ് പതിഞ്ഞ അദ്ദേഹത്തിന്റെ ധന്യജീവിതം പകർന്നു നൽകിയ നന്മയുടെയും സ്നേഹത്തിന്റെയും വലിയ സാക്ഷ്യം എന്നും നമ്മുടെ മനസ്സുകളിൽ ജാജ്വല്യമാനമായിരിക്കും. ജ്ഞാനവും വിവേകവും ഒത്തുചേർന്ന ഈ പുണ്യജീവിതം നമുക്ക് ഒരുപാട് പാഠങ്ങൾ നൽകുന്നുണ്ട്. അദ്ദേഹം വെറുമൊരു വൈദികൻ മാത്രമായിരുന്നില്ല, മറിച്ച് ജ്ഞാനത്തിന്റെ ഒരു വിളക്കുമരമായിരുന്നു, കിഴക്കിന്റെ താപസ ചൈതന്യം പഠിപ്പിച്ച അദ്ധ്യാപകനും അത് ജീവിതത്തിൽ പ്രായോഗികമാക്കിയ ഗുരുവുമായിരുന്നു. അറിവ് പകർന്നു നൽകുന്നതിൽ അദ്ദേഹം ഒരു മടിയും കാണിച്ചിരുന്നില്ല.

അച്ചൻ സംസാരിക്കുമ്പോൾ, ആ വാക്കുകൾക്ക് ഒരു പ്രത്യേക ശക്തിയുണ്ടായിരുന്നു. വളരെ ലളിതമായ ഭാഷയിൽ വലിയ തത്വങ്ങൾ നമുക്ക് പറഞ്ഞുതന്നു. തിരുവചനങ്ങൾ വിശദീകരിക്കുമ്പോഴാകട്ടെ, അത് കേൾക്കുന്നവരുടെ ഹൃദയത്തിൽ നേരിട്ട് പതിക്കുന്നതു പോലെ അവ അനുഭവ വേദ്യമായിരുന്നു. സംശയങ്ങളുമായി അടുത്ത് ചെല്ലുന്ന ഏവർക്കും വ്യക്തമായ മറുപടി നൽകി, ഒരു നല്ല ഗുരുവും വഴികാട്ടിയുമായി.

അറിവ് മാത്രമല്ല, വിവേകവും അദ്ദേഹത്തിന്റെ ജീവിതത്തിന്റെ ഭാഗമായിരുന്നു. ആരുടെയും പ്രശ്നങ്ങൾ, എത്ര സമയമെടുത്തും കേൾക്കാൻ അച്ചൻ എപ്പോഴും തയ്യാറായിരുന്നു. അദ്ദേഹത്തിന്റെ ഉപദേശങ്ങൾ എല്ലായ്പ്പോഴും വിവേകപൂർണ്ണമായിരുന്നു. ആഴത്തിലുള്ള ചിന്തയും ജീവിതാനുഭവങ്ങളും ഉപദേശങ്ങൾക്ക് കരുത്തേകി. ഒരു വലിയ കൊടുങ്കാറ്റിൽ ശാന്തമായ തുറമുഖം പോലെ, വേദനിക്കുന്നവർക്ക് അച്ചൻ ആശ്വാസത്തിന്റെ തുരുത്തായി. സുവിശേഷഭാഗ്യങ്ങളിലൊന്നായ ശാന്തത കൈമുതലാക്കിയ അദ്ദേഹം ജീവിതത്തിന്റെ പ്രക്ഷുബ്ധ വേളകളിൽപ്പോലും തന്റെ സൗമ്യഭാവം നഷ്ടമാകാതെ സൂക്ഷിച്ചിരുന്നു.

എളിമയും ലാളിത്യവും ആദർശമാക്കിയ ആ ജീവിതം, വെറും വാക്കുകളിലൊതുങ്ങുന്ന തായിരുന്നില്ല. ഓരോ പ്രവൃത്തിയിലും അദ്ദേഹം അത് പ്രകടമാക്കി. വ്യക്തിപരമായി വളരെ ലളിതമായ ജീവിതം നയിച്ചിരുന്ന അച്ചന്റെ ജീവിതത്തിലുടനീളം – വസ്ത്രധാരണം, ഭക്ഷണം,

www.malankaralibrary.com

ജീവിതശൈലി – ആ ലാളിത്യം കാണാമായിരുന്നു. വിലയേറിയ വസ്തുക്കളോടുള്ള ആഗ്രഹം അദ്ദേഹത്തിന് ഒട്ടുമുണ്ടായിരുന്നില്ല. ലാളിത്യം എന്നത് ആ ജീവിതത്തിന്റെ ആന്തരീക ഭാവമായിരുന്നു.

അറിവുകൊണ്ടും ആത്മീയതകൊണ്ടും ഉന്നതനായിരുന്നിട്ടും, ഈ വത്സല താതൻ ആരോടും 'വലിയ ഭാവം' കാണിച്ചില്ല. എളിമയായിരുന്നു അദ്ദേഹത്തിന്റെ മുഖമുദ്ര. സമൂഹത്തിലെ ഏറ്റവും താഴേക്കിടയിലുള്ളവരോടും ഉയർന്ന നിലയിലുള്ളവരോടും അച്ചൻ ഒരേപോലെ പെരുമാറി. അദ്ദേഹത്തിന്റെ പുഞ്ചിരിയും സ്നേഹവും എല്ലാവർക്കും ഒരേപോലെ ലഭിച്ചു. എല്ലാവരെയും സഹോദരങ്ങളായി കണ്ടുകൊണ്ട്, അവരിലൊരാളായി ജീവിച്ച മനുഷ്യ സ്നേഹിയായ ഒരു വൈദികനായിരുന്നു അദ്ദേഹം. ലാളിത്യത്തിൽ വലിയ സന്തോഷം കണ്ടെത്താനും എളിമയിൽ വലിയ ശക്തി കണ്ടെത്താനും അച്ചൻ നമ്മെ പഠിപ്പിക്കുന്നു.

വർഷങ്ങളായി തിരുമൂലപുരം ബഥനി മഠത്തിന്റെ ചാപ്ലെയിൻ ആയി സ്തുത്യർഹമായ ശുശ്രൂഷ നിർവഹിച്ച പ്രിയ ബഹുമാനപ്പെട്ട അച്ചൻ, ഞങ്ങൾക്ക് ആത്മീയ ശുശ്രൂഷകൾ നൽകുന്നതോടൊപ്പംതന്നെ, സമൂഹത്തിന്റെ ഏതൊരു കാര്യത്തിലും ഞങ്ങളിൽ ഒരുവനായി എന്നും കൂടെയുണ്ടായിരുന്നു എന്നത് അവിസ്മരണീയമായ യാഥാർഥ്യമാണ്. അവയോരോന്നും വിവരിക്കുവാൻ വാക്കുകൾ മതിയാകുകയില്ല. സ്നേഹത്തിന്റെ കൂദാശയും ഐക്യത്തിന്റെ അടയാളവും ഉപവിയുടെ ഉടമ്പടിയുമായ ദിവ്യബലി അനുദിനം പരികർമ്മം ചെയ്ത്, നീണ്ട മണിക്കൂറുകൾ കുമ്പസാരക്കൂട്ടിൽ ചെലവഴിച്ച്, ഞങ്ങളോടൊപ്പം ഭക്ഷണം കഴിച്ച്, സന്ന്യാസാർത്ഥിനികൾ മുതൽ ഏറ്റവും മുതിർന്ന സിസ്റ്റർ വരെ എല്ലാവരോടും ക്ഷേമാന്വേഷണം നടത്തിയായിരുന്നു അച്ചൻ ഓരോ ദിവസവും മടങ്ങിപ്പോയിരുന്നത്. വ്യക്തിബന്ധങ്ങൾ ശിഥിലമാകുന്ന ഈ കാലത്തും, എവരോടും വ്യക്തിപരമായ ഒരു ബന്ധം സ്ഥാപിക്കുന്നതിന് അച്ചന് സാധിച്ചിട്ടുണ്ട് എന്നത് ഇത്തരുണത്തിൽ പ്രത്യേകം സ്മരിക്കുകയാണ്. സിസ്റ്റേഴ്സിന്റെ രോഗാവസ്ഥകളിലും മരണവേളകളിലും സംസ്കാരകർമ്മങ്ങളിലുമെല്ലാം ഒരു കുടുംബാംഗം എന്ന നിലയിലുള്ള അച്ചന്റെ നിറസാന്നിധ്യം ഞങ്ങൾക്ക് വലിയൊരു ബലമായിരുന്നു. പരിശീലനത്തിൽ ആയിരിക്കുന്നവർക്ക്, ക്ലാസ്സ് എടുക്കുന്നതിനും ഏറെ നാളുകളായി, അച്ചൻ സമയം കണ്ടെത്തിയിരുന്നു. ഞങ്ങളെ സംബന്ധിച്ചിടത്തോളം അച്ചന്റെ ആകസ്മിക വിയോഗം ഒരു തീരാനഷ്ടം തന്നെയാണെന്നുള്ളത് നിസംശയമാണ്.

വിശുദ്ധിയുടെയും ത്യാഗത്തിന്റെയും സ്നേഹത്തിന്റെയും വിളനിലമായിരുന്ന അദ്ദേഹത്തിന്റെ ജീവിതം ആത്മീയ പാതയിൽ അനേകർക്ക് വഴികാട്ടിയിരുന്നു. സന്ന്യാസത്തിന്റെ ആനന്ദം സഭാമക്കൾക്ക് കാട്ടിക്കൊടുത്ത ആശ്രമ ശ്രേഷ്ഠനായിരുന്ന അച്ചൻ, തന്നെ സമീപിക്കുന്ന ഏവരുടെയും പങ്കുവയ്ക്കലിന്റെ രഹസ്യാത്മകത ഹൃദയത്തിൽ സൂക്ഷിച്ച ആത്മീയ പിതാവായിരുന്നു. ആശ്വാസ വചനങ്ങളിലൂടെയും പിതൃസഹജമായ വാത്സല്യത്തോടെയും അനേകർക്ക് ശക്തിപകർന്നിരുന്ന അദ്ദേഹത്തിന്റെ ജീവിതം ഒരു പുണ്യതീർത്ഥാടനം പോലെ പരിശുദ്ധമായിരുന്നു. സുവിശേഷങ്ങളിൽ വിവരിക്കപ്പെടുന്ന താപസാദർശങ്ങളുടെ ആധുനിക മുഖമായിരുന്നു അദ്ദേഹം. പ്രിയപ്പെട്ട കല്ലുങ്കൽ അച്ചൻ പകർന്നേകിയ നന്മയുടെയും ധാർമ്മികതയുടെയും വെളിച്ചം എന്നും നമ്മുടെ ഹൃദയങ്ങളിൽ നിറശോഭയോടെ തെളിഞ്ഞു പ്രകാശിക്കും. തന്റെ ജീവിതം മുഴുവൻ ദൈവത്തിനും ലോകത്തിനും വേണ്ടി സമർപ്പിച്ച ആ മഹാത്മാവിന്റെ ദീപ്തമായ സ്മരണകൾക്ക് മുന്നിൽ സ്നേഹപ്രണാമം. വത്സല പിതാവേ, സമാധാനത്തോടെ വസിച്ചാലും!...

www.malankaralibrary.com

# പിതൃതുല്യനും ഗുരുവും മൂത്തസഹോദരനുമായ ജോർജ് തോമസ് അച്ചൻ

**ഫാ. ജോഷ്വാ കുറ്റിയിൽ ഒ.ഐ.സി.**

ബഹു. ജോർജ് തോമസ് കല്ലുങ്കൽ അച്ചന്റെ ആകസ്മികമായ വേർപാട് അവിശ്വസനീയവും തീരാനഷ്ടവും നികത്താനാവാത്തതുമായ വിടവാണ് ബഥനിക്ക് സമ്മാനിച്ചത്. മരണം കള്ളനെപ്പോലെ അപ്രതീക്ഷിതമായ സമയത്തുവരുന്നു എന്നത് അച്ചന്റെ കാര്യത്തിൽ അന്വർത്ഥമായി.

ബഹു. ജോർജ് തോമസ് അച്ചൻ എനിക്കും എന്റെ തലമുറയിൽപ്പെട്ടവർക്കും ഒരു ഗുരുവച്ചൻ മാത്രമല്ലായിരുന്നു. പിതാവും മൂത്തസഹോദരനും സഹപാഠിയുമൊക്കെയായിരുന്നു. 1978-ൽ ആശ്രമത്തിൽ ചേരുമ്പോൾ ഞങ്ങളുടെ ആദ്യഗുരുവായിരുന്നു ബഹു.അച്ചൻ. ഞങ്ങളുടെ ഗുരുവായിരിക്കുമ്പോളായിരുന്നു അദ്ദേഹം ഉപരിപഠനത്തിനായി റോമിലേക്ക് പോയത്. തിരികെ വന്നപ്പോഴും പൂനായിൽ ഞങ്ങളുടെ Study Prefect ആയും ബി.വി.പി ഡയറക്ടറായും ഒക്കെ കൂടെയുണ്ടായിരുന്നു. അവിടെയും ഞങ്ങളെ പഠിപ്പിക്കുന്ന ഗുരുവായിരുന്നു അദ്ദേഹം. തുടർന്നും ഏതാണ്ട് 25 വർഷം ബഥനി സമൂഹത്തിന്റെ ഭരണസമിതി അംഗമായും സുപ്പീര്യർ ജനറലായും പ്രൊവിൻഷ്യൽ കൗൺസിലറായുമൊക്കെ സേവനം അനുഷ്ഠിക്കുമ്പോഴും 1978-ൽ തന്ന വാത്സല്യവും കരുതലും മരണംവരെ നൽകിയ ഗുരുവച്ചൻ.

എനിക്ക് ഏതുസമയത്തും എപ്പോഴും തുറന്നുസംസാരിക്കാനും എന്റെ വേദനകളിലും കുറവുകളിലും പ്രയാസങ്ങളിലും ചേർത്തുനിർത്തി ആശ്വസിപ്പിക്കാനും വേണ്ട നിർദേശങ്ങൾ നൽകുവാനും അച്ചൻ എന്നും മരണംവരെയും നൽകി പരിപാലിച്ചിരുന്നു. ഇത് എനിക്കു മാത്രമല്ല, എന്റെ തലമുറയിലെ എല്ലാവർക്കും ഈ അനുഭവമാണുള്ളത്. വീഴാൻ പോകുന്ന നിമിഷങ്ങളിലൊക്കെ താങ്ങിനിർത്തുന്ന ഒരു വലിയ ആശ്വാസത്തിന്റെ ഇടം യഥാർത്ഥ ബഥാന്യൻ ഇനിയും ഇല്ലല്ലോ എന്ന ദുഃഖം വളരെ അസഹനീയമാണ്. ബഥാന്യൻ ജീവിതത്തിന്റെ ആദ്യപാഠവും വഴിയും പഠിച്ചത് അച്ചനിൽനിന്നാണ്. ബഥാന്യൻ ജീവിതത്തിന്റെ ഉത്തമ മാതൃക അച്ചനായിരുന്നു. കളങ്കമില്ലാത്ത ഒരു ബഥാന്യനെയാണ് നമുക്ക് നഷ്ടമായത്.

സന്ന്യാസപരിശീലകർക്ക് അദ്ദേഹം ഒരു പാഠപുസ്തകമായിരുന്നു. ബഥനിയിൽ നവശിഷ്യ ഗുരു ആയിരുന്നിട്ടില്ലെങ്കിലും ബഥനിയിലെ ഗുരുപരമ്പരയിലെ അംഗമായിരുന്നു അദ്ദേഹം. വ്യക്തികളെ അറിഞ്ഞ് അവരെ കേട്ട് അവരുടെ കഴിവുകളെ പ്രോത്സാഹിപ്പിച്ച് അവരുടെ കുറവുകളെ താനും അവരും മാത്രം അറിഞ്ഞ് പരിഹരിച്ച് ശിഷ്യഗണത്തെ വളർത്തിയ നല്ല ഒരു ഗുരുവച്ചൻ.

അദ്ദേഹം ഭരണസമിതി അംഗങ്ങൾക്കും ആശ്രമശ്രേഷ്ഠന്മാർക്കും ഒരു പാഠപുസ്തകമായി രുന്നു. ആശ്രമത്തിലെ അധികാരം ഭരിക്കാനല്ല, നയിക്കാനാണ് എന്ന് പഠിപ്പിച്ച ഉത്തമനായ ഭരണാധികാരി. കാൽനൂറ്റാണ്ടിൽ കൂടുതൽ ഭരണസിരാ കേന്ദ്രങ്ങളിലുണ്ടായിരുന്നു. ഒരിക്കലും ആരെയും തന്റെ വാക്കുകൊണ്ടോ പ്രവൃത്തികൾമൂലമോ വേദനിപ്പിച്ചിട്ടില്ല. എത്രയോ പേരുടെ രഹസ്യങ്ങൾ അദ്ദേഹത്തിന് അറിയാമായിരുന്നു. അത് സമൂഹത്തിൽ ആഘോഷമാക്കാതെ ഹൃദയത്തിൽ സംഗ്രഹിച്ച് അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും പരിഹാരമർപ്പിക്കുകയും ചെയ്തിരുന്ന ആശ്രമശ്രേഷ്ഠൻ. മറ്റൊരാളുടെ കുറവുകൾ വേറാരാടും പങ്കുവയ്ക്കാതെ

www.malankaralibrary.com

അറിഞ്ഞും അറിയാതെപോലുമോ ആരെയുംകുറിച്ച് പരദൂഷണം പറയുകയോ കേൾക്കുകയോ പ്രോത്സാഹിപ്പിക്കുകയോ ചെയ്തിട്ടില്ല. കുറവുകളുള്ളവരെ ചേർത്തുനിർത്തി വാത്സല്യത്തോടും സ്നേഹത്തോടും കൂടി തിരുത്തുമായിരുന്നു. ഇത് ഒരു ആശ്രമശ്രേഷ്ഠന് ഉണ്ടായിരിക്കേണ്ട ഗുണവിശേഷമാണ്.

നാം സമൂഹത്തിൽ വ്രതമെടുക്കുമ്പോൾ സമൂഹാദ്ധ്യക്ഷൻ അർത്ഥികൾക്കു നൽകുന്ന ഉപദേശം തുടങ്ങുന്നത് ഇപ്രകാരമാണല്ലോ. പിതൃവാത്സല്യത്തോടും സ്നേഹത്തോടും കൂടി ഞാൻ നിന്നെ അനുശാസിക്കുന്നു. ഇത് ആ സമൂഹാംഗത്തിന് ലഭിക്കുന്ന ഒരു വലിയ ഉറപ്പാണ് (assurance) അവന്റെ അന്ത്യംവരെ ബഥനി എന്ന കുടുംബത്തിൽ അവന് പിതൃവാത്സല്യവും സ്നേഹവും ലഭിക്കുമെന്ന്. ഈ ഉറപ്പിന്റെ അടിസ്ഥാനത്തിലാണ് വ്രതസ്ഥനായി ഒരുവൻ ബഥനിയിൽ അംഗമായി സ്വയം സമർപ്പിക്കുന്നത്. ഈ സത്യം അക്ഷരാർത്ഥത്തിൽ മനസി ലാക്കിയ ഒരു സുപ്പീര്യർ ജനറാളായിരുന്നു ബഹു. ജോർജ് തോമസ് അച്ചൻ. ഈ പിതൃ വാത്സല്യവും സ്നേഹവും പ്രായഭേദമെന്യേ ഏവർക്കും അദ്ദേഹം നൽകിയിരുന്നു. സ്ഥാനം മാറിയപ്പോഴും അത് കാത്തുസൂക്ഷിച്ചിരുന്നു. അതാണ് ഞാൻ പറഞ്ഞത്, ആശ്രമശ്രേഷ്ഠന്മാർക്ക് അദ്ദേഹം ഒരു പാഠപുസ്തകമാണ് എന്ന്. ഈ പിതൃവാത്സല്യവും സ്നേഹവും നഷ്ടപ്പെടുമ്പോൾ അംഗങ്ങൾ അസ്വസ്ഥരാകും, ഒറ്റപ്പെടും. അസംതൃപ്തരാകും. ഇതറിയാവുന്ന ജോർജച്ചൻ അങ്ങനെയുള്ളവരെ ചേർത്തുനിർത്തി പരിരക്ഷിക്കുവാൻ അങ്ങേയറ്റം ബദ്ധശ്രദ്ധാലു വായിരുന്നു.

തീരുമാനങ്ങളെടുക്കുന്നതിനും പറയുന്നതിനും അദ്ദേഹം അവധാനത കാണിച്ചിരുന്നു എന്നു പറയുന്നവരുമുണ്ട്. എന്നാൽ ഏതു തീരുമാനങ്ങളും ആരെയും വേദനിപ്പിക്കാതെ എടുക്കുന്നതിനും പറയുന്നതിനും അദ്ദേഹത്തിന് കഴിഞ്ഞിരുന്നു എന്നതിന് അനേകം ഉദാഹരണങ്ങൾ നേരിൽ കണ്ടിട്ടുണ്ട്. അതിന്റെ ഏറ്റം വലിയ ഉദാഹരമാണ് അദ്ദേഹത്തിന്റെ കാലത്ത് സമൂഹത്തെ പ്രോവിൻസുകളായി വിഭജിച്ചത്. സുഗമമായ അധികാരവികേന്ദ്രീകരണം നടത്തുവാൻ കഴിഞ്ഞതും. ആയതിനാൽ ജോർജച്ചൻ ഉത്തമനായ ഒരു ഭരണാധികാരിയായിരുന്നു.

ബഥനിയുടെ ആദ്ധ്യാത്മികത, മൊണാസ്റ്റിസിസം, സന്ന്യാസം, പഠിക്കുവാനും പഠിപ്പിക്കുവാനും മാത്രമല്ല ജോർജച്ചന് കഴിഞ്ഞത്. അതിൽ ജീവിക്കുന്നതിനും മാതൃകയാകുന്നതിനും വാക്കുകൾ മാത്രമല്ലാതെ വാക്കിലും പ്രവൃത്തിയിലും ജീവിതത്തിലും ബഥാനിയൻ സന്ന്യാസ ആദ്ധ്യാത്മിക പിതാവായിരുന്നു ജോർജച്ചൻ. സന്ന്യാസനിഷ്ഠാക്രമം ശിക്ഷാക്രമങ്ങളും അഭംഗുരം പാലിച്ചിരുന്ന ഒരു ഉത്തമസന്ന്യാസി ആയിരുന്നതിനാൽ, ജോർജച്ചൻ ഒരു ഉത്തമനായ സന്ന്യാസിയും ആത്മീയ പിതാവുമായിരുന്നു. വന്ദ്യ ഉത്തമനായ ആത്മീയ പിതാവേ, സന്ന്യാസി, സമാധാനത്താലെ വസിച്ചാലും!

മലങ്കര സഭയോടും ആരാധനക്രമത്തോടും വളരെയേറെ വിശ്വസ്തത കാണിച്ച ഒരു ആശ്രമ മേലദ്ധ്യക്ഷനായിരുന്നു അദ്ദേഹം. ബഥനി എന്നാൽ മലങ്കര സഭയും മലങ്കര സഭ എന്നാൽ ബഥനിയുമാണെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു, പഠിപ്പിച്ചിരുന്നു. അതു പാലിക്കാൻ ശ്രമിച്ചിരുന്നു. അതിലേക്ക് സമൂഹത്തെ നയിച്ചിരുന്നു. സഭയിലെ മേലദ്ധ്യക്ഷന്മാരോടും മെത്രാൻ സംഘത്തോടും വൈദികരോടും മറ്റ് സന്ന്യസ്തരോടും അത്മായ വിശ്വാസഗണത്തോടും അച്ചൻ ഒരു നല്ല ബന്ധം പുലർത്തിയിരുന്നു. സമൂഹത്തിന്റെ ഭരണസമിതി അംഗമായിരുന്നപ്പോൾ പോലും അദ്ദേഹം ഇടവക വികാരിയായി സേവനം അനുഷ്ഠിച്ചിരുന്നു. അന്ത്യംവരെയും അദ്ദേഹം ഒരു ഇടവകവികാരിയായിരുന്നു എന്നത് ഏറ്റം അനുഗ്രഹപ്രദവും ശ്രേഷ്ഠവുമായി

www.malankaralibrary.com

രുന്നു. ആടുകളുടെ മണമറിയുന്ന, ആടുകൾക്കുവേണ്ടി സ്വയം സമർപ്പിച്ച ഒരു നല്ല ബഥാന്യനായിരുന്നു വികാരിയായിരുന്നു അദ്ദേഹം. ഇടവക നടത്തുമ്പോഴും തന്റെ ബഥാന്യത്വവും സന്ന്യാസവും ചോർന്നുപോകാതെ പരിപാലിച്ചുകൊണ്ട് മാതൃകാ സന്ന്യാസിയായി, ബഥാന്യനായി സേവനം ചെയ്തു. വളരെ ശാന്തനായും സൗമ്യനായും മാത്രമേ അദ്ദേഹം പ്രവർത്തിച്ച എല്ലാ മേഖലയിലും നിലനിന്നിട്ടുള്ളു.

അതുകൊണ്ടാണ് പലർക്കും ബുദ്ധിമുട്ടായ പൂവത്തൂർ പള്ളിയുടെ പുനരുദ്ധാരണവും ഈ അവസാനഘട്ടത്തിൽ ജൂബിലിവർഷത്തിൽ അമ്പാട്ടുഭാഗത്ത് മനോഹരമായ ഒരു ദേവാലയം നിർമ്മിക്കുന്നതിന് അദ്ദേഹത്തിന് സാധിച്ചത്. ബഥനിയുടെ സൗമ്യ മുഖമായിരുന്നു അദ്ദേഹം. ശാന്തത അദ്ദേഹത്തിന്റെ ഒരു പ്രത്യേക ഗുണമായിരുന്നു. ഹൃദയശാന്തതയും വിനീതഹൃദയനുമായ യേശുവിനെ അനുകരിച്ചിരുന്ന ഒരു മിശിഹാനുകരണ സന്ന്യാസിയായിരുന്നു അദ്ദേഹം.

ഒരു നല്ല കലാകാരനും കായികതാരവുമായിരുന്നു ജോർജച്ചൻ. മനോഹരമായി അദ്ദേഹം പാടുമായിരുന്നു. അതുപോലെ ബാസ്ക്കറ്റ്ബോൾ, ഷട്ടിൽ, ബാഡ്മിന്റൺ എന്നിവയിൽ അഗ്രഗണ്യനായിരുന്നു. അതുപോലെതന്നെ നല്ല കഠിനാധ്വാനിയായിരുന്നു. ഏതു ജോലിയും ചെയ്യുന്നതിനും അദ്ദേഹത്തിന് മടിയില്ലായിരുന്നു. യേശുവിനെ പ്രാർത്ഥനാപരവും കർമ്മപരവുമായ ജീവിതത്തിൽ അനുകരിച്ച ഒരു യഥാർത്ഥ മിശിഹാനുകരണ സന്ന്യാസി. ഈ ഗുരു, പിതാവ്, ജ്യേഷ്ഠസഹോദരൻ, സുഹൃത്ത് ഞങ്ങൾക്ക് എന്നും മാതൃകയായിരുന്നു.

ഗുരുവേ പ്രണാമം, വത്സലപിതാവേ സമാധാനത്താലേ വസിച്ചാലും! സ്നേഹനിധിയായ ജ്യേഷ്ഠസഹോദരാ, സന്തോഷത്തോടെ വസിച്ചാലും! ആത്മീയ സുഹൃത്തേ, നിത്യതയിൽ നാം കാണുവോളം ഞങ്ങൾക്കുവേണ്ടി മധ്യസ്ഥം അപേക്ഷിക്കുമാറാകണമേ എന്ന് പ്രാർത്ഥിക്കുന്നു. സമാധാനത്താലെ പോവുക!

www.malankaralibrary.com

# ധന്യമി ജീവിതം

**“തന്റെ വിശുദ്ധരുടെ മരണം കർത്താവിന് അമൂല്യമാണ്”** (സങ്കീ. 116:15)

**സിസ്റ്റർ മെറിൻ ഒ.എസ്. എസ്.**
ഹോളി സ്പിരിറ്റ് സിസ്റ്റേഴ്സ്

സ്നേഹത്തിന്റെ നിറസാന്നിധ്യമായ ബഹുമാനപ്പെട്ട ജോർജ് തോമസ് അച്ചനോടൊപ്പം സെന്റ്മേരിസ് പള്ളിയിൽ മിഷ്യൻ പ്രവർത്തനം നടത്തുവാൻ നാലുവർഷം എനിക്ക് ഭാഗ്യം ലഭിച്ചു. സന്ന്യാസോചിതമായ ലാളിത്യത്തിന്റെയും പ്രാർത്ഥനയുടെയും കഠിനാധ്വാനത്തിന്റെയും ഒരു ജീവിതശൈലിയുടെ കലർപ്പില്ലാത്ത വ്യക്തിത്വത്തിന് ഉടമയായിരുന്ന ബഹുമാനപ്പെട്ട ജോർജ് തോമസച്ചന്റെ ജീവിതം എനിക്ക് ഒത്തിരി പ്രചോദനമായിരുന്നു. ലളിതമായ ജീവിതശൈലിയും, സ്നേഹത്തിന്റെ വശ്യതയാർന്ന പെരുമാറ്റവും, എളിമയോടുകൂടിയ പ്രവർത്തനങ്ങളും, വാത്സല്യപൂർണമായ പെരുമാറ്റവും, തന്റെ ജീവിതത്തിൽ കാത്തുസൂക്ഷിച്ച വന്ദ്യ പുരോഹിതൻ.

ഇടവകാംഗങ്ങളെ തന്റെ സ്നേഹവലയത്തിൽ നിർത്താൻ അച്ചനു സാധിച്ചു. പക്ഷാഭേദമില്ലാതെ എല്ലാവരെയും ചേർത്ത് നിർത്തുവാനും ദൈവാശ്രയ ബോധത്തിലും വിശ്വാസത്തിലും വളർത്തുവാനും അച്ചൻ പരിശ്രമിച്ചിരുന്നു. അൾത്താര ശുശ്രൂഷകരുടെ പോരായ്മകളും അലംഭാവങ്ങളും അച്ചൻ പിതൃവാത്സല്യത്തോടും കാർക്കശ്യത്തോടുംകൂടി തിരുത്തിയിരുന്നു. അമ്പാട്ടുഭാഗം ഇടവകാംഗങ്ങൾക്ക് മനോഹരമായ ഒരു ദേവാലയം നിർമ്മിക്കാൻ അച്ചൻ എടുത്ത പരിശ്രമം ശ്ലാഘനീയമാണ്. ദേവാലയനിർമിതിയിൽ വന്ന നിയമ തടസങ്ങളെയും പ്രതിസന്ധികളെയും അച്ചൻ ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് തരണം ചെയ്തു. ഇടവകജനം സമാഹരിച്ച പണം തികയാതെ വന്നപ്പോൾ പള്ളിയുടെ നിർമ്മാണത്തിന് ആവശ്യമായ സാമ്പത്തികം അച്ചൻ വിദേശത്തും, സ്വദേശത്തും നിന്നും, ബന്ധ ജനങ്ങളിൽ നിന്നും കണ്ടെത്തി....

തന്റെ ഇടവകയിലെ എല്ലാവരെയും അച്ചന് വ്യക്തിപരമായി അറിയാമായിരുന്നു. അവരുടെ ഏത് ആവശ്യത്തിലും അച്ചൻ സംലഭ്യനായിരുന്നു. ശാരീരികമായും മാനസികമായും വേദനിക്കുന്നവരുടെ ഒപ്പം അവർക്ക് സാന്ത്വനം ആകാൻ അച്ചനുകഴിഞ്ഞിട്ടുണ്ട്. പ്രത്യേകിച്ചും പ്രിയപ്പെട്ടവരുടെ വേർപാടിൽ ദുഃഖിക്കുന്നവരെ നേരിട്ടും ഫോൺ സംഭാഷണത്തിലൂടെയും ആശ്വസിപ്പിക്കുകയും ദൈവാശ്രയത്തിൽ ധൈര്യത്തോടെ ജീവിക്കുവാൻ അവർക്ക് പ്രചോദനം നൽകുകയും ചെയ്തു എന്ന് അനുഭവസ്ഥർ പങ്കുവെച്ചത് ഈ അവസരത്തിൽ ഞാൻ ഓർക്കുന്നു. മറ്റുള്ളവരെ ബുദ്ധിമുട്ടിക്കാതെ തന്നാൽ പറ്റുന്ന ഏത് ജോലിയും അച്ചൻ ചെയ്യുമായിരുന്നു. പ്രാർത്ഥനാ മീറ്റിംഗിനു വേണ്ടി ഒരു വീട്ടിൽ പോയ സന്ദർഭം ഞാൻ ഓർക്കുന്നു. വലിയൊരു ഇറക്കം ഇറങ്ങേണ്ടി വന്നപ്പോൾ അച്ചന്റെ ബാഗ് പിടിക്കാൻ ഒരുങ്ങിയപ്പോൾ, സിസ്റ്റർ ആരുടെയും ചുമട്ടുതൊഴിലാളിയല്ല എന്ന് പറഞ്ഞ് അച്ചൻ ആ ബാഗ് എന്നെ കൊണ്ടെടുപ്പിച്ചില്ല. സ്വന്തം കാര്യം ചെയ്യുവാൻ ആരോഗ്യമുള്ളിടത്തോളം കാലം നമ്മൾ അത് ചെയ്യണം എന്ന സന്ദേശം എനിക്ക് ഒരു പ്രചോദനമായിരുന്നു. എന്റെ വ്യക്തിപരമായ ജീവിതത്തിലും അച്ചന്റെ

www.malankaralibrary.com

കരുതലും വാത്സല്യവും ഞാൻ അനുഭവിച്ചിട്ടുണ്ട്. പ്രത്യേകിച്ച് രാത്രി കുർബാനയ്ക്കും മറ്റും പോയി വരുമ്പോൾ ഗേറ്റ് കടന്ന് മഠത്തിൽ സുരക്ഷിതമായി പ്രവേശിച്ചു എന്ന് ഉറപ്പുവരുത്തിയ ശേഷമേ അച്ചൻ പോകുമായിരുന്നുള്ളൂ. എല്ലാം നന്ദിയോടെ, സ്നേഹത്തോടെ ഞാൻ ഓർക്കുന്നു.

ഇടവകയെ പരിപോഷിപ്പിക്കുവാൻ അച്ചൻ എപ്പോഴും ശ്രദ്ധിച്ചിരുന്നു... കുഞ്ഞുങ്ങളുടെ സൺഡേസ്കൂൾ, പ്രാർത്ഥനാ കൂട്ടായ്മകൾ തുടങ്ങി വിവിധ ഭക്ത സംഘടനകളെ അച്ചൻ വളരെയേറെ പ്രോത്സാഹിപ്പിച്ചിരുന്നു... മാത്രമല്ല സന്ന്യാസ പൗരോഹിത്യ ജീവിതങ്ങളിലേക്ക് ദൈവവിളികളെ പ്രോത്സാഹിപ്പിക്കുവാൻ അച്ചൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അതിനായി തന്റെ ഇടവകയിലെ കുഞ്ഞുങ്ങളെ അച്ചന്റെ തന്നെ പരിശ്രമത്താൽ ആശ്രമത്തിലും സന്ന്യാസ ഭവനങ്ങളിലും ക്യാമ്പിനായി അയച്ചിട്ടുണ്ട്... ഇടവക ജനങ്ങളുടെ ആത്മീയകാര്യങ്ങളിൽ ഒരു മുടക്കവും വരുത്തിയിട്ടില്ല... തന്റെ ഇടവക ജനങ്ങളോട് മാത്രമല്ല അക്രൈസ്തവരായ മറ്റു മതവിഭാഗത്തിൽ പെട്ടവരോടും ഒരു നല്ല ബന്ധം കാത്തുസൂക്ഷിക്കുവാൻ അച്ചനു കഴിഞ്ഞിട്ടുണ്ട്....

ഹോളി സ്പിരിറ്റ് സിസ്റ്റേഴ്സ് സമൂഹത്തെ വളരെയധികം സ്നേഹിച്ചിരുന്ന ഒരു വ്യക്തിയാണ് ബഹുമാനപ്പെട്ട ജോർജ് തോമസച്ചൻ. ഞങ്ങളുടെ ഫോർമേഷൻ കാലയളവിൽ ക്ലാസുകൾ എടുക്കുകയും ആത്മീയമായി വളരുവാൻ ഞങ്ങളെ ഒത്തിരി സഹായിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ ഫോർമേഷനിലുള്ള ഞങ്ങളുടെ അർഥനികളെ കുമ്പസാരിപ്പിക്കാനും ക്ലാസുകൾ എടുക്കുവാനും അച്ചൻ ഒരിക്കലും മുടക്കം വരുത്തിയിട്ടില്ല. കൊറോണ കാലഘട്ടത്തിൽ വിശുദ്ധ കുർബാന ഇല്ലാതിരുന്ന സാഹചര്യങ്ങളിൽ അച്ചൻ ഞങ്ങൾക്ക് വേണ്ടി വിശുദ്ധ ബലിയർപ്പിച്ചിട്ടുണ്ട്. അച്ചന്റെ വിയോഗം ഹോളിസ്പിരിറ്റ് സിസ്റ്റേഴ്സ് സമൂഹത്തിനും, അമ്പാട്ടുഭാഗം പള്ളിക്കും, നാട്ടുകാർക്കും ഒരു തീരാനഷ്ടം തന്നെയാണ്.

അവസാനനിമിഷം വരെയും ബലിപീഠത്തോട് ചേർന്ന് നിന്ന ഒരു ജീവിതം... പൗരോഹിത്യജീവിതം തീക്ഷ്ണതയോടെ ഓടി തീർത്തവൻ... ദൈവത്തിനും മനുഷ്യർക്കും ഒരുപോലെ പ്രിയപ്പെട്ടവൻ... ലളിതമായ ജീവിതവും സൗമ്യമായ സംസാരവും, ആശ്വാസം പകരുന്ന സംയമനവും, കരുണയുടെ പ്രവർത്തികളും, സാധാരണക്കാരെ ചേർത്തുപിടിക്കുന്ന മനോഭാവവും, നന്മയുടെ കുറെ മാതൃകകൾ ബാക്കിയാക്കി, ആരോടും വിട പറയാൻ നിൽക്കാതെ, തമ്പുരാന്റെ സ്വർഗ്ഗസൗഭാഗ്യത്തിലേക്ക് വേഗം കടന്നുപോയ അച്ചാ, ഞങ്ങൾക്ക് നൽകിയ ഉത്തമമായ ജീവിത ദർശനങ്ങൾക്കും, നന്മകൾക്കും ഞങ്ങളുടെ സമൂഹം അച്ചനോട് വളരെയധികം കടപ്പെട്ടിരിക്കുന്നു. അച്ചന്റെ ആത്മാവിന് നിത്യശാന്തി ലഭിക്കട്ടെ എന്ന പ്രാർത്ഥനയോടെ ഒത്തിരി സ്നേഹത്തോടെ.

www.malankaralibrary.com

# ഫാ. ഡോ. ജോർജ്ജ് തോമസ് കല്ലുങ്കൽ ഒ.ഐ.സി.

**ഫാ. തോമസ് പ്രശോഭ് കൊല്ലിയേലിൽ ഒ.ഐ.സി.**

1951 ജനുവരി 31-ാം തീയതി തിരുവല്ലായിലെ കല്ലുങ്കൽ എന്ന ഗ്രാമത്തിൽ കല്ലുങ്കൽ വീട്ടിൽ കെ.വി. തോമസിന്റെയും മറിയാമ്മ തോമസിന്റെയും മകനായി ജോർജ് ജനിച്ചു. സിസിലി, ജോയി എന്നീ രണ്ടു സഹോദരങ്ങളാണ് അദ്ദേഹത്തിനുള്ളത്. ഇരമല്ലിക്കര യു.പി.സ്കൂൾ, തിരുവല്ല എം.ജി.എം. സ്കൂൾ എന്നിവിടങ്ങളിൽ ജോർജ് പ്രാഥമിക വിദ്യാഭ്യാസം നടത്തി. ജോർജിന്റെ ദൈവീക കാര്യങ്ങളിലും അൽത്താര ശുശ്രൂഷയിലും ഉള്ള താത്പര്യവും ശുഷ്കാന്തിയും കണ്ട് അന്നത്തെ കല്ലുങ്കൽ പള്ളി വികാരി ആയിരുന്ന ഫാ. ജോൺ കുഴിനാപ്പുറത്ത് ഒ.ഐ.സി. അച്ചന്റെ നിർദ്ദേശപ്രകാരം ബാലനായ ജോർജ്ജിനെ 1963 ൽ തിരുവല്ല ബഥനി ആശ്രമത്തിൽ അപ്പസ്തോലിക വിദ്യാർത്ഥിയായി സ്വീകരിക്കുകയും അങ്ങനെ ജോർജ് ആശ്രമത്തിൽ താമസിച്ചുകൊണ്ട് തിരുമൂലപുരം സെന്റ് തോമസ് സ്കൂളിൽ തന്റെ ഹൈസ്കൂൾ പഠനം പൂർത്തിയാക്കുകയും ചെയ്തു. അതിനുശേഷം 1965 ജൂൺ 24 നു തിരുവല്ല ആശ്രമത്തിൽ യോഗാർത്ഥിയായി ചേർന്ന് ബ്ര. ജോർജ് തോമസ് തന്റെ സന്ന്യാസ പരിശീലനം ആരംഭിച്ചു. യോഗാർത്ഥി പരിശീലനം കഴിഞ്ഞ് 1966-67 വർഷങ്ങളിൽ ബ്രദർ ജോർജ് തോമസ് നാലാഞ്ചിറ ബഥനി ആശ്രമത്തിൽ തന്റെ നവസന്ന്യാസ പരിശീലനം ഫാ. ജോൺ കുഴിനാപ്പുറത്ത് ഒ.ഐ.സി. യുടെ ശിക്ഷണത്തിൽ പൂർത്തിയാക്കി, 1967 മെയ് 8 നു തന്റെ ആദ്യവ്രതവാഗ്ദാനം നടത്തി. തുടർന്ന് 1967 മുതൽ 1969 വരെ തിരുവനന്തപുരം മാർ ഈവാനിയോസ് കോളേജിൽ പ്രീഡിഗ്രി പഠനം നടത്തി.

അതിനുശേഷം 1969 മുതൽ പൂന ബഥനി ആശ്രമത്തിലും പേപ്പൽ സെമിനാരിയിലും തന്റെ തത്വശാസ്ത്ര ദൈവശാസ്ത്ര പഠനങ്ങൾ പൂർത്തിയാക്കി. അതിനിടയിലുള്ള റീജൻസി കാലം കറ്റാനം ബഥനി ആശ്രമത്തിൽ ബോർഡിംഗ് മാസ്റ്ററായി ചുമതല വഹിച്ചു. നീണ്ട പന്ത്രണ്ടു വർഷക്കാലത്തെ സന്ന്യാസ പഠന പരിശീലനങ്ങളുടെ അവസാനത്തിൽ 1975 ഏപ്രിൽ മൂന്നിനു കോട്ടയം കളത്തിപ്പടി ബഥനി ജനറലേറ്റ് ആശ്രമത്തിൽവച്ച് തിരുവല്ല ഭദ്രാസന മെത്രാപ്പോലിത്താ അഭിവന്ദ്യനായ സഖറിയാസ് മാർ അത്തനാസിയോസ് പിതാവിന്റെ കൈകളാൽ വൈദീകനായി അഭിഷേകം ചെയ്യപ്പെട്ടു. 1975 ഏപ്രിൽ 14-ാം തീയതി തന്റെ മാതൃഇടവകയായ കല്ലുങ്കൽ പള്ളിയിൽ പ്രഥമ ദിവ്യബലിയർപ്പണം നടത്തി.

നവവൈദികൻ തന്റെ പൗരോഹിത്യ ശുശ്രൂഷ ആരംഭിച്ചത് ബഥനിയുടെ മാതൃഭവനമായ കളത്തിപ്പടി ആശ്രമത്തിൽത്തന്നെ ആയിരുന്നു. കളത്തിപ്പടി ഇടവകയുടെ വികാരിയായും യോഗാർത്ഥികളുടെ ഗുരുവായും 1975-1977 വർഷങ്ങളിൽ കല്ലുങ്കലച്ചൻ നിയോഗിക്കപ്പെട്ടു. തുടർന്ന് 1977-78 വർഷത്തിൽ ആലുവ തപോവനം ബഥനി ആശ്രമത്തിൽ പരിശീലകനായും ആലുവ സെന്റ് ജോൺസ് പള്ളി വികാരിയായും അദ്ദേഹം ശുശ്രൂഷ ചെയ്തു. 1978 മുതൽ 83 വരെ ബഹു. അച്ചൻ റോമിലെ തെരേസ്യാനും യൂണിവേഴ്സിറ്റിയിൽ ഉപരി പഠനത്തിനായി അയയ്ക്കപ്പെട്ടു. അവിടെ അദ്ദേഹത്തിന്റെ സഹപാഠികളായിരുന്നു ഇന്നത്തെ സി.ബി.സി.ഐ. പ്രസിഡന്റ് ആർച്ച് ബിഷപ്പ ആന്ത്രൂസ് താഴത്ത്, ബിഷപ്പ് ജേക്കബ് മനത്തോടത്ത്, ബിഷപ്പ് തോമസ് ഇലവിനാൽ തുടങ്ങിയ അഭിവന്ദ്യ പിതാക്കൻമാർ.

www.malankaralibrary.com

"ക്രൈസ്തവസന്യാസമൂല്യങ്ങൾ ഭാരതീയ പശ്ചാത്തലത്തിൽ" [Order of the Imitation of Christ (Bethany Ashram) Towards a realization of Christian Monastic Ideals in the Indian Context (1983)] എന്ന പ്രബന്ധം അവതരിപ്പിച്ചു ആദ്ധ്യാത്മീക ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടി തിരിച്ചെത്തിയ അച്ചൻ പൂനാ പഠനഗൃഹത്തിൽ വൈസ് റെക്ടറായും Prefect of Studies ആയും നിയമിക്കപ്പെട്ടു. അന്നുമുതൽ ഇന്ത്യയിലെ വിവിധ സെമിനാരികളിലും സ്ഥാപനങ്ങളിലുമായി ബഹു. അച്ചൻ വൈദിക വിദ്യാർത്ഥികൾക്കും സന്യാസിനികൾക്കും ക്ലാസുകൾ എടുത്തിരുന്നു. കോട്ടയം വടവാതൂർ സെമിനാരി, എം.ഒ.സി., കോട്ടയം, ബി.വി.പി. പൂന, മലങ്കര മേജർ സെമിനാരി തിരുവനന്തപുരം, ധർമ്മാരാം കോളെജ് ബാംഗളൂർ തുടങ്ങിയ സ്ഥാപനങ്ങളിൽ പ്രൊഫസറായും അദ്ധ്യാപനം നടത്തിയ അച്ചന്റെ ശിഷ്യഗണങ്ങൾ ആയിരങ്ങളാണ്.

1986-1987 കാലഘട്ടങ്ങളിൽ പൂനാ പഠന ഗൃഹത്തിലെ റെക്ടർ ആയിരിക്കുമ്പോൾ സമൂഹത്തിന്റെ നേതൃ തലത്തിലേയ്ക്കും ഭരണസമിതിയിലേയ്ക്കും തിരഞ്ഞെടുക്കപ്പെട്ട ജോർജ് തോമസ് അച്ചൻ 30 ൽ പരം വർഷങ്ങൾ ആ തലങ്ങളിൽ വ്യാപരിച്ചു. തുടർച്ചയായി രണ്ടു പ്രാവശ്യം ബഥനി സമൂഹത്തിന്റെ സുപ്പീരിയർ ജനറലായി തിരഞ്ഞെടുക്കപ്പെട്ട അച്ചൻ നീണ്ട 11 വർഷക്കാലം ബഥനിയുടെ അമരക്കാരനായിരുന്നു. രണ്ടായിരമാണ്ട് മെയ് മാസം 24 നു ബഥനിയിൽ രണ്ടു പ്രൊവിൻസുകൾ സ്ഥാപിക്കുകയാണ് എന്ന് കൺറമിടറി നടത്തിയ അച്ചന്റ് പ്രഖ്യാപനത്തിന്റെ സ്വരം ഈ രജതജൂബിലി വർഷത്തിലും നമ്മുടെ കാതുകളിൽ മുഴങ്ങുന്നുണ്ട്. ബഹു. അച്ചന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി വർഷത്തിൽ ബഥനിയിലെ പ്രൊവിൻസുകളുടെ സിൽവർ ജൂബിലി വർഷമാണെന്നുള്ളതും ബഹു. അച്ചന്റെ ഓർമ്മകൾക്കു സാഫല്യം നേടിത്തരുന്നു. അച്ചന്റെ സാരഥ്യത്തിൽ ബഥനി ചരിത്രം കുറിച്ചപ്പോൾ ബഹു. ജോർജ്ജ് തോമസ് കല്ലുങ്കൽ ഒ.ഐ.സി. എന്ന പേര് ബഥനിയുടെ ആ ചരിത്രത്തിൽ തങ്കലിപികളിൽ ആലേഖനം ചെയ്യപ്പെട്ടു.

2009 ൽ തിരുവല്ല ബഥനി ആശ്രമാംഗമായും പിന്നീട് പൂനെ ബി.വി.പി. ഡയറക്ടറായും 2012 മുതൽ മൂന്നു വർഷക്കാലം ബഥനി നവജ്യോതി പ്രൊവൻസിന്റെ ഒന്നാം കൗൺസിലറായും ശുശ്രൂഷ ചെയ്തതിനുശേഷം 2019 ൽ ഈ ആശ്രമത്തിന്റെ സുപ്പീരിയറും അതോടൊപ്പം തിരുവല്ലായിലെ പൂവത്തൂർ ഇടവകയുടെ വികാരിയും തുടർന്ന് ഇപ്പോൾ അച്ചൻ ശുശ്രൂഷ ചെയ്തിരുന്ന അമ്പാട്ടുഭാഗം ഇടവകയുടെ വികാരിയുമായി ചുമതലയേറ്റു. പുതിയ പള്ളി പണി തീർക്കാനായുള്ള ബഹു. അച്ചന്റെ അത്യദ്ധ്വാനവും പരിശ്രമവും നൂറുശതമാനം വിജയം കണ്ടു. 1986-88 കാലയളവിൽ കോട്ടയം മേഖലയിലെ വിവിധ ഇടവകകളിലെ വികാരിയായും കോട്ടയം മേഖലയുടെ എം.സി.വൈ.എം ഡയറക്ടർ ആയും അച്ചൻ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. അതുകൂടാതെ എം. ആർ. സി. പ്രസിഡന്റ് ആയും കോട്ടയം കാതോലിക് യൂത്ത് മൂവ്മെന്റിന്റെ സെക്രട്ടറി ആയും അച്ചൻ ശുശ്രൂഷ ചെയ്തിട്ടുണ്ട്. തിരുവല്ലാ അതിരൂപതയിലെ കളത്തിപ്പടി, ആലുവ, കീച്ചാൽ, അമയന്നൂർ, തിരുവൻവഞ്ചൂർ, വാകത്താനം, പാത്താമുട്ടം. അമ്പാട്ടുഭാഗം എന്നീ പള്ളികളിൽ ബഹു. അച്ചൻ വികാരിയായി ശുശ്രൂഷ ചെയ്തു.

സൗമ്യമായ ഇടപെടലുകളും, വിവേകപൂർണ്ണമായ ഉപദേശങ്ങളും, വിശുദ്ധി നിറഞ്ഞ ജീവിതവും, തുറന്ന സംസാരവും, തെളിഞ്ഞ മുഖഭാവവും, സന്തോഷം പകരുന്ന ചിരിയും, നർമ്മത്തിൽ കലർന്ന സംഭാഷണവും, പേരുവിളിച്ചുള്ള സംബോധനകളും, ആരെയും കുറ്റപ്പെടുത്താത്ത ജീവിതവും ഒക്കെ അച്ചനെ മറ്റുള്ളവരിൽ നിന്നു വ്യത്യസ്തനാക്കുന്നു.

www.malankaralibrary.com

സ്വന്തം ശാരീരിക അസ്വാസ്ഥതകളെപ്പറ്റി മറ്റാരോടും സംസാരിക്കുന്നതും മറ്റാരേയും ആശ്രയിക്കുന്നതും അച്ചന് ഇഷ്ടമില്ലായിരുന്നു. അതിനേക്കാൾ ഉപരി മറ്റുള്ളവരുടെ ക്ലേശങ്ങളും രോഗപീഢകലും ആ ഹൃദയത്തെ വല്ലാതെ അലിയിച്ചിരുന്നു.

സന്ന്യാസത്തെയും വൈദീകജീവിതത്തെയും പ്രാർത്ഥനാജീവിതത്തെയും എല്ലാറ്റിനുമുപരി സ്നേഹിക്കുന്ന ഒരു വൈദികനായിരുന്നു അദ്ദേഹം. "എന്റെ ജീവിതമാണ് എന്റെ സന്ദേശം" എന്ന മഹാത്മജിയുടെ മഹത്തായ വാക്കുകളെ ഇടക്കിടക്ക് ഉരുവിടുന്ന ബഹു. അച്ചൻ ആ വലിയ ആദർശത്തിൽ തന്നെ ജീവിക്കാനും ശ്രമിച്ചിരുന്നു. മലങ്കരസഭയിലേയും മറ്റു സമൂഹങ്ങളിലേയും വൈദികരുടെയും സിസ്റ്റേഴ്സിന്റെയും ആത്മീയ ഉപദേഷ്ടാവും ഉറ്റമിത്രവുമായിരുന്നു കല്ലുങ്കൽ അച്ചൻ.

കായികലോകത്തെയും കലാലോകത്തേയും ഒരുപോലെ സ്നേഹിച്ചിരുന്ന ബഹു. ജോർജ്ജ് തോമസ് അച്ചൻ ഒരു നല്ല ബാസ്ക്കറ്റ് ബോൾ കളിക്കാരൻ ആയിരുന്നു. സംഗീതത്തെ ഒത്തിരി ഇഷ്ടപ്പെട്ടിരുന്ന ബഹു. അച്ചൻ ശ്രുതിമധുരമായ ശബ്ദത്തിന്റെ ഉടമ കൂടിയാണ്. ഇമ്പകരമായ അദ്ദേഹത്തിന്റെ ബലിയർപ്പണം അനേകരെ ദൈവസന്നിധിയിലേയ്ക്ക് വിളിച്ചടുപ്പിച്ചു. ധാരാളം വായിച്ചിരുന്ന അദ്ദേഹം അതിന്റെ മൂല്യങ്ങളെ ജീവിതത്തിൽ ഉൾക്കൊള്ളാൻ പരിശ്രമിച്ചിരുന്നു.

ജീവിതത്തിലെ എല്ലാ പ്രശ്നങ്ങളും ഒരു തെയോഫനി ആയി കാണുന്ന അച്ചൻ നിരന്തരം ദൈവീക വെളിപാടുകളെ സ്വീകരിക്കാൻ തന്റെ ജീവിതത്തെ ഒരുക്കുകയും ചെയതുകൊണ്ടിരുന്നു.

എല്ലാ ബഥാന്യരോടും ബഹു. ജോർജ് തോമസ് അച്ചന് പറയാനുണ്ടായിരുന്ന ഉപദേശം ഇതാണ്: "Be a true Bethanian at every moment of our life and at every circumstance of our life. Be proud of being a true Bethanian"

ബഹു. ജോർജ്ജ് തോമസ് അച്ചനെപ്പറ്റി അഡ്വ. ബിജു ജോസഫ് മുല്ലക്കുടിയിൽ ഫേസ്ബുക്കിൽ ഇപ്രകാരം കുറിച്ചു: "അധികാര ഗർവ്വോ, അഹങ്കാരമോ ഇല്ലാതിരുന്ന ബഥനിയുടെ സൗമ്യനായ ആചാര്യൻ വിടവാങ്ങി... ഒറ്റ നോട്ടത്തിൽ ഗൗരവമുള്ള ഒരു മുഖം തോന്നുമെങ്കിലും ഏറ്റവും ശാന്തമായ ഹൃദയത്തിനുടമ..... ആരവങ്ങൾക്കും ആർപ്പുവിളികൾക്കും കാതോർക്കാതെ സൗമ്യനായി നടന്നുനീങ്ങിയ സാത്വികനായ ഒരു മനുഷ്യൻ, സഭാ പണ്ഡിതൻ, ദൈവശാസ്ത്രജ്ഞൻ... ജനറൽ പോസ്റ്റിൽനിന്നും ഇറങ്ങിയപ്പോൾ അദ്ദേഹം അടുത്തൊരു ബിഷപ്പ് ആകുമെന്ന് എന്നെപ്പോലെയുള്ളവർ കരുതി... സത്യത്തിൽ അദ്ദേഹം അതിന് അത്രയ്ക്കു യോഗ്യനായിരുന്നു. പക്ഷേ ഒന്നിന്റെയും പിറകെ അദ്ദേഹം പരക്കം പാഞ്ഞില്ല. സ്ഥാനമാനങ്ങൾ വെട്ടിപ്പിടിക്കാൻ ഓടിയതുമില്ല. പകരം തികഞ്ഞ ആദ്ധ്യാത്മീകതയിൽ ഊന്നിയ, ശാന്തശീലനായ, എല്ലാവരേയും ചേർത്തു നിർത്തിയ, നല്ലൊരു ആചാര്യൻ ആയിരുന്നു അദ്ദേഹം. എല്ലാവരേയും നോക്കി പുഞ്ചിരിക്കുന്ന കൃത്രിമമില്ലാത്ത അദ്ദേഹത്തെപ്പോലുള്ളവരെ ഓർക്കുമ്പോൾ ബഥനിയുടെ നല്ല മുഖവും നല്ല ഓർമ്മകളും എന്നെപ്പോലുള്ളവരുടെ മനസിൽ നിറയും. കൃത്രിമമില്ലാത്ത നല്ല ആചാര്യ... സമാധാനത്തോടെ മടങ്ങുക. സഭാ പുസ്തക താളുകളിൽ അങ്ങയുടെ പേര് എന്നും തങ്കലിപികളിൽത്തന്നെ കുറിക്കപ്പെടും".

ഞങ്ങളുടെ സംഘാധിപാ, സമാധാനത്തോടെ പോവുക. ഭാഗ്യകരമായ മണവറയിൽ ഇനി അങ്ങയെ ഞങ്ങൾ കാണുമാറാകട്ടെ.

www.malankaralibrary.com

# പിതൃവാത്സല്യത്തിന്റെ അണയാത്ത ദീപം

സി. സാഫല്യ എസ്.ഐ.സി., തിരുവല്ല

'ഓർമിക്കുന്നതാണ് ജീവിതം' എന്ന് കുറിച്ചത് Gabriel Garcia Marquez ആണ് (Living to Tell the Tale). ഈ ലോകത്തിൽ ഒരാൾ ജീവിച്ച് മരിച്ച് പോകുമ്പോൾ അവശേഷിപ്പിക്കുന്ന തിരുശേഷിപ്പാണ് ഓർമകൾ. ഓർമകൾ പല തരത്തിലായിരിക്കും നല്ലതും ചീത്തയും. സന്തോഷിപ്പിക്കുന്നതും വേദനിപ്പിക്കുന്നതും; വീണ്ടും വീണ്ടും ഓർക്കാൻ ഇഷ്ടപ്പെടുന്നതും. എത്രയും വേഗം മറന്നുപോകാൻ ആഗ്രഹിക്കുന്നതും. ചുരുക്കത്തിൽ ഒരാളുടെ ജീവിതത്തിന്റെ നന്മകളുടെ അളവുകോലാണ് അയാൾ അവശേഷിപ്പിക്കുന്ന ഓർമകൾ.

സ്നേഹബഹുമാനപ്പെട്ട ജോർജ് തോമസച്ചൻ തന്റെ ഹൃദ്യമായ ഇടപെടലും, ശാന്തമായ പെരുമാറ്റവും, ലളിതമായ ജീവിതശൈലിയും, സൗമ്യമായ ജീവിതവും, സന്ന്യാസശ്രേഷ്ഠതയും കൊണ്ട് ആർക്കും നികത്താനാവാത്ത ഒരു വേർപാടിന്റെ ഓർമയായി അവശേഷിപ്പിച്ചിരിക്കുകയാണ്.

ദൈവം നമുക്കുള്ളിലിരുന്ന് സംസാരിച്ച് തുടങ്ങുമ്പോൾ ജനിക്കുന്നതാണ് നിശബ്ദത എന്ന് എവിടെയോ വായിച്ചുകേട്ടതാണ്. യേശുവിന്റെ ശബ്ദങ്ങൾക്കിത്രയും അഗാധതയും സരളതയും സംഭവിച്ചത് നിശബ്ദതയുടെ മുഴക്കം അതിലുള്ളതുകൊണ്ടാണ്. കടൽത്തീരത്തും മലമുകളിലും വയലേലകളിലും സിനഗോഗിലും സൗഹൃദങ്ങളുടെ ഊട്ടുമേശയിലും നാം കേട്ട യേശുവിന്റെ ഉജ്ജ്വലമായ വാക്കുകൾ അദ്ദേഹത്തിന്റെ മൗനവേളകളുടെ പ്രതിഫലനമാണ്. പ്രിയപ്പെട്ട ജോർജ് തോമസച്ചന്റെ വാക്കുകളെ ഏവരും സാകൂതം കേൾക്കുകയും അത് പാലിക്കാൻ ശ്രദ്ധിക്കുകയും ചെയ്തത് സന്ന്യാസത്തിന്റെ നിശബ്ദതയെയും മൗനത്തെയും അത്രമേൽ അഗാധവും വാചാലവുമാക്കാൻ അദ്ദേഹത്തിന് കഴിഞ്ഞതുകൊണ്ടാണ്. ആ ജീവിതത്തിന് ഇത്രമാത്രം നിഗൂഢതയുടെ ആന്തരിക സാധ്യതകൾ വെളിവായത് ഉള്ളിലെ മൗനത്തിൽ നിന്നുമാണ്. അതായിരുന്നു അച്ചന്റെ ജീവിതത്തിന്റെ ഊർജ്ജം.

അച്ചൻ ഇടപെടുന്ന എല്ലാവരിലേക്കും ഈ ദൈവികമായ സന്ന്യാസപരമായ ഊർജ്ജമല്ലാതെ മറ്റൊന്നും പ്രസരിപ്പിച്ചിരുന്നില്ല. പ്രതീക്ഷാനിർഭരമായ ഒരു ജീവിതത്തെക്കുറിച്ചല്ലാതെ സംസാരിച്ചിരുന്നില്ല. സന്തോഷമല്ലാതെ വേറൊന്നും പങ്കുവച്ചിരുന്നില്ല. വെറും സന്തോഷമല്ല, ആനന്ദമാണ് സന്ന്യാസത്തിന്റെ ആനന്ദം.

'ശാന്തശീലർ ഭാഗ്യവാന്മാർ, അവർ ഭൂമി അവകാശമാക്കും' എന്ന് വചനം പറയുമ്പോൾ ദേവാലയംപോലെ ശാന്തമായ ജീവിതത്തിലെ ക്രിസ്തു വസിക്കു എന്ന് ഓർമപ്പെടുത്തുന്ന തരത്തിലുള്ള ഒരു ജീവിതമായിരുന്നു അച്ചന്റേത്. ശാന്തശീലനായി, സൗമ്യനായി ഈ ഭൂമിയെ അവകാശപ്പെടുത്തിയെന്ന് മാത്രമല്ല, സ്വർഗത്തിലേക്കുള്ള തന്റെ അവകാശത്തിനായി ആരോടും വിട പറയാൻ കാത്തുനിൽക്കാതെ, സ്വർഗ്ഗത്തിലേക്ക് സ്വതന്ത്രമായി ഒരു യാത്ര. മത്സ്യം തിരയിളക്കാതെ അതിന്റെ തടാകത്തിലായിരിക്കുന്ന പോലെ മെല്ലെയായിരുന്നു അച്ചന്റെ ഈ ഭൂമിയിലെ ജീവിതം. എന്നാൽ സ്വർഗത്തിലേക്കുള്ള യാത്രക്ക് അച്ചൻ എന്തേ ഇത്ര തിടുക്കം കാട്ടിയത്....?

www.malankaralibrary.com

അച്ചന്റെ ഒരു സ്നേഹനദിയായിരുന്നു ഈ ഭൂമിയെ മുഴുവൻ തന്റെ കൈവഴികളാൽ ആശ്ലേഷിച്ച ഒരു സ്നേഹനദി. അദ്ദേഹം വിതച്ച നന്മയുടെ വിത്തുകൾ മനുഷ്യഹൃദയങ്ങളിൽ ഇപ്പോഴും പൊട്ടിമുളക്കുകയും വളരുകയും ഫലം ചൂടുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഏതൊക്കെ വഴികളിലൂടെ ഒഴുകി എത്രപേരുടെ ഹൃദയങ്ങളെ ആ ജീവിതം ആർദ്രമാക്കി എന്നത് നാമിനിയും അറിയാനിരിക്കുന്നതേയുള്ളു. ആ സ്നേഹത്തിൽ മുങ്ങിനിവർന്ന് മനുഷ്യരിങ്ങനെ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ പ്രിയപ്പെട്ട അച്ചാ, അങ്ങേക്ക് മരണമില്ല.

എല്ലാമുണ്ടായിട്ടും ഒന്നുമില്ലാത്തവനെപ്പോലെ ജീവിച്ച ക്രിസ്തുവിനെപോലെ, അധികാരത്തിന്റെ ആടയാഭരണങ്ങൾ ഇല്ലാതെ, പദവികളുടെ വലിപ്പം കാണിക്കാതെ, പരമാവധി വിനയാന്വിതനായി, ലളിതമായി ജീവിച്ചത് അച്ചനെ വ്യത്യസ്തനാക്കുന്നു. ഇന്ന് പലരും അതിനം 'മിനിമലിസം' എന്നൊക്കെ പേരിട്ട് വിളിക്കുമ്പോഴേക്കും തന്റെ ഏകാന്തതയെയും ആന്തരികതയെയും ഭാസുരമാക്കാൻ ഉപയുക്തമല്ലാത്ത എല്ലാറ്റിൽനിന്നും മാറിനടന്ന് സന്ന്യാസത്തിന്റെ ദാരിദ്ര്യവും ലാളിത്യവും അതിന്റെ യഥാർത്ഥ അർത്ഥതലത്തിൽ ജീവിച്ച ഒരു സന്ന്യാസശ്രേഷ്ഠൻ.

വായനയിലൂടെയും പഠനങ്ങളിലൂടെയും താൻ മനസിലാക്കിയ മൂല്യങ്ങൾ അറിവിന്റെ തലത്തിൽ മാത്രമല്ല, അത് ജീവിക്കുകയും തന്റെ ആരോഗ്യവും സമയവും ഒന്നും വകവയ്ക്കാതെ പങ്കുവയ്ക്കാൻ അങ്ങേയറ്റം പരിശ്രമിക്കുകയും ചെയ്തു. പക്ഷേ അതിനൊന്നും നന്ദിയോ, അഭിനന്ദനങ്ങളോ പരസ്യങ്ങളോ ആഗ്രഹിക്കാതെ 'ഞാൻ പ്രയോജനമില്ലാത്ത ദാസനാണ്-കടമ നിർവഹിച്ചതേയുള്ളു' എന്ന് പറഞ്ഞ് നിശബ്ദനായി ജീവിച്ച ഒരു ക്രിസ്തുശിഷ്യൻ.

സ്വന്തം ശാരീരിക അസ്വസ്ഥകളെ ഒരിക്കലും ഗൗരവമായി കാണാതെ, ആരെയും ഒരു തരത്തിലും ബുദ്ധിമുട്ടിപ്പിക്കാതെ, തന്നാലാവും വിധം എല്ലാം ചെയ്യുമ്പോഴും മറ്റുള്ളവരുടെ രോഗങ്ങളും വേദനകളും ക്ലേശങ്ങളുമാണ് അച്ചന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നത്. സ്വന്തം സുഖസൗകര്യങ്ങളെക്കാൾ സാധാരണ മനുഷ്യന്റെ ഹൃദയത്തിന്റെ വേദനയും പ്രശ്നങ്ങളും ഇല്ലാതാക്കാനായിരുന്നു അച്ചന്റെ ശ്രദ്ധ.

പ്രിയ ബഹുമാനപ്പെട്ട ജോർജ് തോമസച്ചന്റെ വിവേക പൂർണമായ ഉപദേശവും വിശുദ്ധി നിറഞ്ഞ ജീവിതവും, സന്തോഷം പകരുന്ന ചിരിയും, നർമത്തിൽ കലർന്ന സംഭാഷണവും, ആരെയും കുറ്റപ്പെടുത്താത്ത ജീവിതവുമൊക്കെ ഞങ്ങൾക്ക് മറക്കാനാവുന്നില്ല. ബഥനി സന്ന്യാസികളായ ഞങ്ങൾക്ക് എല്ലാവർക്കും അച്ചനെകുറിച്ച് ഒരുപാട് ഓർമകളുണ്ട്. ഞങ്ങളുടെ ഗുരുവായി, ആത്മീയ പിതാവായി, സഹോദരനായി, എല്ലാ കാര്യങ്ങളിലും നേതൃത്വം നൽകിയ അങ്ങയുടെ ആത്മീയ ശുശ്രൂഷകളെ ഏറെ സ്നേഹത്തോടെ, കരുതലോടെ ഞങ്ങൾ ഓർക്കുന്നു. ഇത്രമാത്രം സമചിത്തതയും സൗമ്യതയും ശാന്തതയും ഞങ്ങൾക്ക് പാഠമായി പറഞ്ഞുതന്ന്, ബഥനി കുടുംബത്തോട് എപ്പോഴും ഞങ്ങളെ ചേർത്ത് നിർത്തി, ഞങ്ങളുടെ സുഖത്തിലും ദുഃഖത്തിലും, വിജയങ്ങളിലും പരാജയങ്ങളിലും, ആഘോഷങ്ങളിലും പ്രതിസന്ധികളിലും എല്ലാം പങ്കുചേർന്ന അച്ചൻ ഞങ്ങളുടെ ഒരു ശക്തിയായിരുന്നു.

പ്രിയപ്പെട്ട അച്ചാ, അച്ചനെപ്പോലെ ക്രിസ്തുവിനെ കൈമാറാൻ ഞങ്ങൾക്ക് വേണ്ടിയും പ്രാർത്ഥിക്കണമെ. അങ്ങ് കൂദാശകൾ അർപ്പിച്ച ബലിപീഠങ്ങൾ അങ്ങയെ ദൈവസന്നിധിയിൽ ഓർത്തിരിക്കട്ടെ. പ്രകാശമണവറയിൽ അങ്ങയെ കാണുന്നതിന് ഞങ്ങൾക്ക് ഇടയാകട്ടെ!

www.malankaralibrary.com

# ദുക്റോനൊ തോബോ

(നല്ല ഓർമ്മ)

**ഫാ. സ്ലീബാദാസ് ഒ.ഐ.സി.**

ആരവങ്ങളിലും സ്ഥാനമാനങ്ങളിലുമല്ല ശാന്തതയിലായിരുന്നു അദ്ദേഹത്തിന്റെ സാക്ഷ്യം; ആത്മസമർപ്പണത്തിന്റെ ശബ്ദരഹിത പ്രാർത്ഥനയായി, ജനമനസിൽ ഇടം പിടിച്ചുകൊണ്ട് അദ്ദേഹം ജീവിച്ചു. ചിലർ അങ്ങനെയാണ്... ഏല്പിക്കപ്പെട്ട കാര്യങ്ങൾ എല്ലാം പൂർത്തീകരിച്ച്, ആയിരുന്ന ഇടങ്ങളെ കൂടുതൽ മനോഹരമാക്കി, ശാന്തമായി ഒഴുകുന്ന പുഴപോലെ, നടന്നു നീങ്ങുന്നവർ... അങ്ങനെ ഒരാളായിരുന്നു ഞങ്ങളുടെ പ്രിയപ്പെട്ട ജോർജ് തോമസ് അച്ചൻ.. അച്ചന്റെ പെട്ടന്നുള്ള വേർപാടിന്റെ ആഘാതവും ഞെട്ടലും ഇതുവരെയും മാറിയിട്ടില്ല... പലർക്കും അത് ഇപ്പോഴും ഉൾക്കൊള്ളാൻ കഴിഞ്ഞിട്ടില്ല.... 'എല്ലാം പൂർത്തിയായി' എന്ന് പറഞ്ഞ ക്രിസ്തുവിനെപ്പോലെ, ജീവിതം കൊണ്ട് സന്യാസ മാതൃക നൽകി പ്രിയപ്പെട്ട അച്ചനും നമ്മിൽ നിന്ന് വിടവാങ്ങി.

നഥാനയേൽ തന്റെ അടുത്തേക്കു വരുന്നതു കണ്ട് യേശു അവനെപ്പറ്റി പറഞ്ഞു: ഇതാ, നിഷ്കപടനായ ഒരു യഥാർഥ ഇസ്രായേൽക്കാരൻ! (യോഹന്നാൻ 1 : 47)

ജോർജ് തോമസ് അച്ചനെപ്പറ്റി ഓർക്കുമ്പോൾ മനസ്സിലേക്ക് ആദ്യം വന്നത് ഈ വചനമാണ്.

ബഥനിയെ സംബന്ധിച്ചിടത്തോളം ഒരു യഥാർത്ഥ ബഥാനിയൻ..

തന്റെ സംസാരത്തിലും പ്രവർത്തിയിലും ചിന്തയിലും എല്ലാം ലാളിത്യം കാത്തുസൂക്ഷിച്ച സന്ന്യാസ വൈദികൻ...

അച്ചനോട് സംസാരിച്ചിരുന്ന അവസരങ്ങളിൽ എല്ലാം ഒരു പ്രത്യേക ആത്മീയ അനുഭവമായിരുന്നു. ഹൃദയ ശാന്തതയും എളിമയും കൈവിടാതെയുള്ള ആ സംസാരങ്ങൾ നല്ല ഓർമ്മകളായി മനസ്സിൽ തങ്ങി നിൽക്കുന്നു... സ്വന്തം പിതാവിന്റെ അടുത്തിരുന്നു സങ്കടം പറയുന്നത് പോലെയുള്ള ഒരു അനുഭവമായിരുന്നു എനിക്ക്.

ആ സംസാരം ഒരിക്കലും കടുപ്പമുള്ളത് ആയിരുന്നില്ല. ഇത്രയും ശാന്തനായ ഒരു മനുഷ്യനെ, സംസാരത്തിൽ ഇത്രയധികം വിനയം ഉള്ള ഒരു ജ്യേഷ്ഠ സഹോദരനെ, ഒന്നിനോടും പരാതികൾ ഇല്ലാതെ പരിഭവങ്ങൾ ഇല്ലാതെ, സന്ന്യാസത്തിന്റെ വിരക്തി സന്തോഷത്തോടെ ആസ്വദിക്കുന്ന ഒരു സന്ന്യാസ സഹോദരനെ, കാണുവാനും കൂടെ ജീവിക്കുവാനും കഴിഞ്ഞത് മഹാഭാഗ്യമായി ഞാൻ കരുതുന്നു.

ഒരു വ്യക്തി ഒരുപാട് കാലം ജീവിക്കുന്നത് കൊണ്ടോ, ഒരുപാട് സ്ഥാനമാനങ്ങൾ അലങ്കരിക്കുന്നത് കൊണ്ടോ, കുറേയധികം കാര്യങ്ങൾ ചെയ്തു തീർക്കുന്നതിലോ അല്ല കാര്യം. മറിച്ച് താൻ ഇടപെടുന്ന ഓരോ വ്യക്തിയെയും ഹൃദയത്തോട് ചേർത്ത് സ്നേഹിക്കുന്നതിലും,

www.malankaralibrary.com

അവരെ സ്വന്തമാക്കുന്നതിലും, സർവ്വോപരി അവരെ യേശുവിലേക്ക് ആനയിക്കുന്നതിലും ആണ് എന്ന് ജീവിതം കൊണ്ട് പഠിപ്പിച്ച ഒരു വൈദികനാണ് ബഹുമാനപ്പെട്ട ജോർജ് അച്ചൻ.

ശവസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്ത ഓരോരുത്തർക്കും ഒരേ സ്വരത്തിൽ പറയാൻ കഴിഞ്ഞു, ജോർജ് തോമസ് അച്ചൻ എന്റെ സ്വന്തമാണ് എന്ന്... അതുകൊണ്ട് തന്നെയാകണം ശവസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്ത എല്ലാവരുടെയും കണ്ണുകൾ ഈറനണിഞ്ഞത്. ഇടപെടുന്ന ഓരോ വ്യക്തിക്കും സ്വന്തം എന്നതുപോലെ ഇടപെടാൻ, സുതാര്യതയോടെ ഏതുകാര്യത്തിനും സമീപിക്കാൻ അത്രയേറെ ഹൃദയ വിശാലതയുള്ള ഒരു വൈദീകൻ..

അച്ചാ, അങ്ങയുടെ ഈ വേർപാട് സമൂഹത്തിനും സഭയ്ക്കും മാത്രമല്ല അങ്ങയെ സ്നേഹിക്കുന്ന ഒരുപാട് ഹൃദയങ്ങളുടെ ഒരിക്കലും നികത്താൻ ആവാത്ത വിടവാണ്. സ്വർഗ്ഗത്തിൽ അങ്ങ് ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കുന്നുണ്ട് എന്ന് ഞങ്ങൾ പൂർണമായും വിശ്വസിക്കുന്നു. അങ്ങയുടെ പ്രാർത്ഥന സഭയ്ക്കും ബഥനി സമൂഹത്തിനും അങ്ങയുടെ സാന്നിധ്യമറിഞ്ഞ എല്ലാ കുടുംബങ്ങൾക്കും ഞങ്ങളുടെ വ്യക്തിജീവിതത്തിനും എന്നും ബലം പകരുമെന്നു പ്രത്യാശിക്കുന്നു...

സേൽ ബശ്ലോമോ കൊഹനോ ദാലോഹോ... (ദൈവത്തിന്റെ പുരോഹിതാ, സമാധാനത്തോടെ പോവുക)

www.malankaralibrary.com

# തന്നെക്കാൾ തന്റെ സമർപ്പണത്തെ സ്നേഹിച്ച സന്ന്യാസ ആചാര്യൻ

**ഫാ. ഡാനിയേൽ കല്ലിൽ ഒ.ഐ.സി.**

"അനന്തരം, സ്വർഗത്തിൽനിന്നു പറയുന്ന ഒരു സ്വരം ഞാൻ കേട്ടു: എഴുതുക, ഇപ്പോൾമുതൽ കർത്താവിൽ മൃതിയടയുന്നവർ അനുഗൃഹീതരാണ്. അതേ, തീർച്ചയായും. അവർ തങ്ങളുടെ അധ്വാനങ്ങളിൽനിന്നു വിരമിച്ചു സ്വസ്ഥരാകും; അവരുടെ പ്രവൃത്തികൾ അവരെ അനുഗമിക്കുന്നു എന്ന് ആത്മാവ് അരുളിച്ചെയ്യുന്നു" (വെളിപാട് 14 : 13).

ഇടവക ശുശ്രൂഷയുടെ സ്നേഹവും നന്മയും ഒക്കെ അനുഭവിച്ചറിയുന്ന ഞായറാഴ്ചകൾ ഒന്നിൽ വളരെ അപ്രതീക്ഷിതമായി നൊമ്പരപ്പെടുത്തുന്ന ആ വിവരം എത്തി ബഹുമാനപ്പെട്ട ജോർജ് തോമസ് അച്ചൻ ദൈവസന്നിധിയിലേക്ക് യാത്രയായിരിക്കുന്നു. സുപ്പീരിയർ ജനറലായും, ദൈവശാസ്ത്ര അധ്യാപകനായും, മാർഗ്ഗദർശിയായും ഒക്കെ ആത്മീയ ജീവിതത്തെ യാഥാർത്ഥ്യ ബോധത്തോടെ സമീപിക്കുവാനും, സന്ന്യാസ ജീവിതചര്യകളെ നിഷ്ഠയോടും എന്നാൽ ലളിതമായും രൂപീകരിക്കുവാനും എന്നെപ്പോലെ അനേകർക്ക് ജീവിതംകൊണ്ട് മാതൃക നൽകിയ പ്രിയപ്പെട്ട അച്ചൻ യാത്രയാകുമ്പോൾ മനസ്സിൽ എവിടെയോ എന്തോ ഒരു ശൂന്യത രൂപപ്പെടുന്നതായി തോന്നുന്നു. അച്ചനെ വ്യക്തിപരമായി അറിയാവുന്ന എല്ലാവർക്കും ഈ മരണം നികത്താൻ ആകാത്ത നഷ്ടവും, പൊരുത്തപ്പെടാൻ ആകാത്ത ഒരു വിടവും സൃഷ്ടിക്കും. അച്ചന്റെ കരുതലും, സ്നേഹവും അനുഭവിച്ചവർ ഏക സ്വരത്തിൽ പറയുന്നു ബഥനിയുടെ താപസ ചൈതന്യം അച്ചന്റെ ജീവിത മൂല്യങ്ങളോട് ചേർന്നപ്പോൾ അനേകർക്ക് അത് അനുഗ്രഹവും, ആശ്വാസവും ആയി മാറി. സഭാ അധികാരികളോടും, സഭ മക്കളോടും പുലർത്തിയ വിധേയത്വവും, വിശ്വസ്തതയും അദ്ദേഹത്തിന്റെ സഭാത്മക ജീവിതത്തിന്റെ സവിശേഷതയായിരുന്നു. സൗമ്യമായ ഇടപെടലും, ആർക്കും സമീപിക്കാവുന്ന ലാളിത്യവും, ആരോടും പരിഭവങ്ങൾ ഇല്ലാത്ത സ്നേഹ വായ്പുകളും ബഹുമാനപ്പെട്ട അച്ചന്റെ ജീവിതത്തിന് കൂടുതൽ മിഴിവേകിയിരുന്നു. അച്ചന്റെ പാവന സ്മരണകൾക്കു മുൻപിൽ പ്രണാമം അർപ്പിച്ചു കൊണ്ട് എന്റെ ആദ്യ സുപ്പീരിയർ ജനറൽ, എന്റെ ദൈവശാസ്ത്ര അധ്യാപകൻ എന്നീ നിലയിലെ ചില വ്യക്തിപരമായ അനുഭവങ്ങൾ കുറിക്കുന്നു.

**എന്റെ ആദ്യ സുപ്പീരിയർ ജനറൽ**

ഞാൻ ആശ്രമ പ്രവേശനം നടത്തിയ സമയത്ത് സുപ്പീരിയർ ജനറൽ ആയിരുന്നു ബഹുമാനപ്പെട്ട ജോർജ് തോമസ് അച്ചൻ. ആ വർഷം ആശ്രമത്തിൽ ചേർന്നവരെ പ്രോത്സാഹിപ്പിക്കുവാനും, സന്ന്യാസ ജീവിത ബോധ്യങ്ങൾ നൽകുവാനുമായി അന്ന് ബഹു. അച്ചൻ നാലാഞ്ചിറ ബഥനി നഗർ ദയറായിൽ എത്തുകയും ഞങ്ങൾ ഓരോരുത്തരോടും വ്യക്തിപരമായി അല്പസമയം പങ്കുവെക്കുകയും ചെയ്തു. ആശ്രമപ്രവേശനത്തിന്റെ ആദ്യ നാളുകളിൽ തന്നെ അച്ചനോട് സംസാരിക്കാൻ സാധിച്ചത് ഒരു ദൈവനിയോഗമായി ഇന്നും ഞാൻ കാണുന്നു. കാരണം ബഥനി ആശ്രമസ്ഥരുടെ ജീവിതത്തിന്റെ ഏറ്റവും വലിയ നന്മ

www.malankaralibrary.com

പരസ്പര സ്നേഹവും, കരുതലും, അംഗീകരിക്കലും ആണെന്ന് അച്ചൻ പറഞ്ഞ വാക്കുകൾ ഇന്നും കാതുകളിൽ മുഴങ്ങി കേൾക്കുന്നു. അച്ചന്റെ ഈ വാക്കുകൾ അക്ഷരാർത്ഥത്തിൽ അച്ചൻ തന്റെ ജീവിതത്തിൽ പാലിക്കുന്നതാണെന്ന് ആ ജീവിതത്തിൽ നിന്ന് തന്നെ മനസ്സിലാക്കുവാനും സാധിച്ചു. കാരണം അന്ന് ബഥനിയുടെ അധികാരി ഇന്നലെ ആശ്രമത്തിൽ ചേർന്ന ഒരു കൗമാരക്കാരനോട് സംസാരിക്കുന്നു എന്നതിനപ്പുറത്ത് തന്നെക്കാൾ ശ്രേഷ്ഠരായി മറ്റുള്ളവരെ പരിഗണിക്കുന്ന ഒരു ആത്മീയ പിതൃ വാത്സല്യമാണ് ഞാൻ അനുഭവിച്ചത്.

**ദൈവശാസ്ത്ര അധ്യാപകൻ**

സഭയുടെ സന്ന്യാസ പാരമ്പര്യത്തെ കുറിച്ചും, താപസ ആചാര്യന്മാരെ കുറിച്ചും ഞങ്ങളെ പഠിപ്പിച്ചത് ബഹു. അച്ചനായിരുന്നു. ബഥനിയുടെ ഇളം തലമുറ സന്ന്യാസ ജീവിതത്തിന്റെ നന്മയും, സവിശേഷതകളും അതിന്റെ എല്ലാ അർത്ഥത്തിലും മനനം ചെയ്തു തങ്ങളുടെ ജീവിതത്തിൽ കരുപ്പിടിപ്പിക്കണമെന്ന് അച്ചൻ ആത്മാർത്ഥമായി ആഗ്രഹിച്ചിരുന്നു. അതിനാൽ സഭയുടെ സന്ന്യാസ ജീവിതത്തിന്റെ അന്തഃസത്ത ഒട്ടും ചോർന്നു പോകാതെ അതിന്റെ പൂർണ്ണതയിൽ ഞങ്ങളെ ബോധവാന്മാരാക്കുന്നതിനും, അവ സ്വായത്തമാക്കുന്നതിനും തന്റെ ക്ലാസുകളിലൂടെ അച്ചൻ പ്രത്യേകം പരിശ്രമിച്ചിരുന്നു. ക്ലാസ് മുറികളിലെ അധ്യാപനത്തിനപ്പുറത്ത് ഇടവേളകളിൽ നിരന്തരം ഞങ്ങളോട് സംവദിച്ചുകൊണ്ട് കാലഘട്ടത്തിന് ആവശ്യമായ മൂല്യബോധം നൽകുന്ന ആത്മീയ ജീവിതം പടുത്തുയർത്തണമെന്ന് അച്ചൻ ആഹ്വാനം ചെയ്തിരുന്നു. വ്യക്തി താൽപര്യങ്ങൾക്കപ്പുറത്ത് സമൂഹത്തിന്റെയും സഭയുടെയും ആവശ്യങ്ങൾക്ക് മുൻതൂക്കം നൽകണമെന്ന് അച്ചൻ തന്റെ ക്ലാസുകളിലൂടെ ഞങ്ങളെ നിരന്തരം ഓർമ്മപ്പെടുത്തിയിരുന്നു.

ഇപ്രകാരം ഞങ്ങളുടെ ജീവിതങ്ങളെ ഏറെ പ്രചോദിപ്പിക്കുകയും ബഥനിയെ പടുത്തുയർത്തുന്നതിലൂടെ സഭാ ശുശ്രൂഷകളെ ബലപ്പെടുത്തുന്നതിന് ഏറെ ആഗ്രഹിക്കുകയും, പരിശ്രമിക്കുകയും ചെയ്തിരുന്ന ബഹു. ജോർജ് തോമസ് അച്ചൻ സ്വർഗം ബഥനിക്ക് കനിഞ്ഞു നൽകിയ ഒരു സമ്മാനമായിരുന്നു. തന്റെ എല്ലാ നന്മകളും, ജീവിത സാക്ഷ്യങ്ങളും കോർത്തിണക്കി നീണ്ട 12 വർഷങ്ങൾ ബഥനിയെ നയിച്ച അമ്മ ബഥനിയുടെ ഈ പ്രിയപുത്രന്... ആബോ ഗീവർഗീസിന്റെ പിൻഗാമിയായി ബഥനിയെ നയിച്ച ഈ സന്ന്യാസ ആചാര്യന്.. പ്രാർത്ഥനയോടെ വിട...

www.malankaralibrary.com

# ഓർമ

**ഫാ. മാത്യൂസ് സി. അഗസ്റ്റിൻ ഒ.ഐ.സി.**

"ശാന്തശീലർ ഭാഗ്യവാന്മാർ അവർ ഭൂമി അവകാശമാക്കും" (മത്തായി 5:5)

പെരിയ ബഹു. ജോർജ്ജ് തോമസ് കല്ലുങ്കൽ ഒ.ഐ.സി. അച്ചനെക്കുറിച്ച് ഓർക്കുമ്പോൾ കർത്താവ് അരുൾ ചെയ്ത ഈ വചനമാണ് എന്റെ ഓർമയിൽ വരുന്നത്. ബഹു. അച്ചന്റെ ദേഹവിയോഗം എല്ലാവരേയുംപോലെ ഒരു ഞെട്ടലോടെയാണ് ശ്രവിച്ചത്. വളരെ നേരത്തെ ആയിപ്പോയി എന്ന ചിന്ത മനസിനെ വല്ലാതെ വേദനിപ്പിച്ചു. ദിവസങ്ങൾക്കുമുമ്പ് തിരുവല്ല ദയറാ ആശ്രമത്തിൽ താമസിക്കുകയും വല്യച്ചന്മാരോടും കൊച്ചച്ചന്മാരോടും മിഷൻ അനുഭവങ്ങൾ പങ്കുവയ്ക്കുകയും ചെയ്യാൻ അവസരമുണ്ടായി. ഈ സമയത്ത് എത്യോപ്യൻ മിഷൻ വിശേഷങ്ങൾ ചോദിച്ചറിയുകയും Extra Ordinary Synaxis നടക്കുന്ന ഈ സമയങ്ങളിലെ ചർച്ചകളിൽ എത്യോപ്യ ഒരു പ്രധാന വിഷയമാണെന്ന് അച്ചൻ പറയുകയും ചെയ്തു. ബഹു. അച്ചന്റെ ആത്മാവിന് നിത്യശാന്തി നേരുന്നു.

ബഹു. കല്ലുങ്കൽ അച്ചനെ ഞാൻ ആദ്യമായി കാണുകയും പരിചയപ്പെടുകയും ചെയ്യുന്നത് ബഥനി ആശ്രമത്തിന്റെ 75-ാം വർഷത്തോട് അനുബന്ധിച്ച് മൈലപ്ര മൗണ്ട് ബഥനി സ്കൂളിൽവച്ച് പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾക്കായി നടത്തപ്പെട്ട സെമിനാറിലായിരുന്നു. പെ. ബ. ജെറോം പീടികപ്പറമ്പിൽ അച്ചനോടൊപ്പം ബഥനി ആശ്രമത്തിന്റെ സിദ്ധിയും പ്രേഷിത പ്രവർത്തനവും അപ്പസ്തോലിക പ്രവർത്തനങ്ങളും ഞങ്ങൾക്ക് വിവരിച്ച് തരികയായിരുന്നു. മറ്റു ബഥനി അച്ചന്മാരിൽനിന്ന് വ്യത്യസ്ഥനായി clean shave ചെയ്തിരുന്ന ഒരു Gentleman look ഉള്ള, ശാന്തനായ, പ്രസന്നവദനനായ സൗമ്യതയോടെ സംസാരിക്കുന്ന ഈ ബഥനി അച്ചനോട് എനിക്ക് വേഗം അടുപ്പം തോന്നുകയും ക്ലാസുകളുടെ ഇടവേളകളിൽ ബഥനിയെക്കുറിച്ച് ചോദിച്ചറിയുവാനും ഞാൻ പരിശ്രമിച്ചു.

ആശ്രമത്തിലെ സന്ന്യാസ വൈദിക പരിശീലനത്തെക്കുറിച്ചും എനിക്ക് ഉള്ള താല്പര്യത്തെക്കുറിച്ചും പങ്കുവച്ചപ്പോൾ 'അഗസ്റ്റിൻ സാർ പ്രാർത്ഥിക്കുക, ഞാനും പ്രാർത്ഥിക്കാം' എന്നു പറഞ്ഞുകൊണ്ട് ഞങ്ങൾ പിരിഞ്ഞു.

ബഹു. ജോർജ് തോമസച്ചന്റെ ഈ പ്രാർത്ഥന ആശംസകൾ എന്റെ സന്ന്യാസ വൈദിക ജീവിതത്തിൽ എപ്പോഴും ഒരു മാർഗ്ഗദർശകമായി നിലനിൽക്കുന്നു.

ബഹു. അച്ചന്റെ സൗമ്യത, ശാന്തത, കേൾക്കാനുള്ള സഹിഷ്ണുത... ഒരപ്പനെപ്പോലെ സൂക്ഷ്മതയോടെ നിർദ്ദേശങ്ങൾ തരികയും ജ്യേഷ്ഠസഹോദരനെപ്പോലെ അകലങ്ങൾ ഇല്ലാതെ പെരുമാറാനും അച്ചനു കഴിയുമായിരുന്നു. അധികാരത്തിന്റെ 'അകലം' ഒരിക്കലും ആരേയും അച്ചനിൽനിന്ന് അകറ്റി നിർത്തിയിരുന്നില്ല. ഇതാവാം എല്ലാവർക്കും വ്യക്തിപരമായ ഒരു നഷ്ടമായി, നൊമ്പരമായി ജോർജ്ജ് തോമസ് അച്ചന്റെ വേർപാട് ഏൽപ്പിച്ച ആഘാതം.

പഠനപരിശീലന കാലത്തെ Personal conference കളിലും കാനോനിക സന്ദർശന വേളകളിലും അച്ചന്റെ ക്ലാസുകളിലും എപ്പോഴും സൗമ്യതയോടെയാണ് ബഹു. അച്ചൻ ഇടപെട്ടിരുന്നത്. ജോലിത്തിരക്കിനിടയിലും പൂനെ പഠനഗൃഹത്തിലെ തന്റെ ക്ലാസുകൾ

www.malankaralibrary.com

എടുത്തു തീർക്കാൻ സമയക്രമമില്ലാതെ പരിശ്രമിച്ചിരുന്ന ഒരു മാതൃക അധ്യാപകൻ. ക്ഷീണത്താൽ ഞങ്ങൾക്ക് ഉറക്കം വരുമ്പോൾ ഒത്തിരി strain എടുക്കേണ്ട നാളെ ആവട്ടെ എന്നു പറഞ്ഞുകൊണ്ട് ഞങ്ങളെ ആശ്വസിപ്പിച്ചിരുന്നു അച്ചൻ...

നർമ്മം കലർന്ന ചില അനുഭവങ്ങൾ ഓർത്തു പോകുന്നു. പൂനയിലെ പഠനകാലത്തെ ചില സന്ദർഭങ്ങളിൽ 'Supper Out' ആയിരിക്കും. ഒരിക്കൽ ജനറാളച്ചൻ ക്ലാസ് എടുക്കുവാൻ വന്ന സമയത്ത് രാത്രി ഭക്ഷണം കഴിക്കുന്നതിന് ഞങ്ങൾ പുറത്തുപോയി. ഒരു ഹോട്ടലിൽ കയറി. ഭാഗ്യവശാൽ അവിടെ ബഹു. പ്ലാസിഡ് അച്ചനോടൊപ്പം ജനറാൾ അച്ചനും ഇരിക്കുന്നു. ഞങ്ങളെ കണ്ട് സന്തോഷത്തോടെ പതിവുപോലെ, 'ആ വേണ്ടതൊക്കെ കഴിക്കൂ' എന്നു പറഞ്ഞു. ജനറാളച്ചന്റെ ധൈര്യത്തിൽ Budget നോക്കാതെ ഭക്ഷണം കഴിച്ച് നന്ദി പറഞ്ഞ് ഇറങ്ങാൻ നേരത്ത് പന്തിയല്ലാത്ത ഒരു നോട്ടം പ്ലാസിഡച്ചന്റെ നേരേ... 'ഞാൻ പേഴ്സ് എടുത്തിട്ടില്ല.' പ്ലാസിഡ് അച്ചൻ പറഞ്ഞു, 'രൂപാ എന്റെ കൈവശമുണ്ട് പക്ഷേ ഇപ്പോൾ എടുക്കാൻ പ്രയാസമാണ്.'' ഞങ്ങൾ ചിരിയോ ചിരി... മറ്റുള്ളവർക്ക് ഒരു ചെറിയ കാര്യത്തിനുപോലും വിഷമം വരുത്തുവാൻ അച്ചന്റെ വാക്കോ, പ്രവൃത്തിയോ, നടപടികളോ ഇടയാക്കാറില്ല. അച്ചന്റെ അടുത്ത് ആശ്വാസ വചനങ്ങൾക്കും, നിർദേശങ്ങൾക്കും അഭിപ്രായങ്ങൾക്കുമായി വിവിധ തരത്തിലും തുറകളിലും ഉള്ളവർ എത്തുന്നതിനുള്ള കാരണവും ഈ സംലഭ്യതയും ശാന്തതയുള്ള സമീപനവുമായിരുന്നു. 'ആശ്വാസത്തിന്റെ ഭവനത്തിലായിരുന്ന് എല്ലാവർക്കും ഈ ആശ്വാസം പങ്കുവയ്ക്കുന്നതിന് ബഹു. അച്ചന് സാധിച്ചു.

സൂററ്റിലെ കാനോനിക സന്ദർശന വേളയിൽ 'ഈ ഷർട്ട് നല്ലതാണല്ലോ' എന്ന് ഞാൻ പറഞ്ഞപ്പോൾ അഗസ്റ്റിനെ ഇത് എടുക്കല്ലേ ഞാൻ വേറെ കൊണ്ടുവന്നിട്ടില്ല എന്ന് സ്നേഹത്തോടെ പറയുകയും അടുത്തവർഷം നെല്ലാടിയിലെ കാനോനിക സന്ദർശന വേളയിൽ ITCയിലെ അധ്യാപകർ അച്ചനു നൽകിയ സമ്മാനം - ഒരു ഷർട്ട്. എനിക്ക് നൽകുകയും ചെയ്തു.

ഞങ്ങളുടെ ഓർഡിനേഷൻ കഴിഞ്ഞ് ഓരോരുത്തരും പ്രഥമ ദിവ്യബലി അനുഷ്ഠിക്കുന്നതിനുമുമ്പുവരെ ജനറലേറ്റിൽ താമസിച്ചുകൊണ്ട് പെരിയ ബഹു. ജനറാൾ അച്ചനോടൊപ്പം വി. കുർബാന അർപ്പിച്ചത് നന്ദിയോടെ ഓർക്കുന്നു.

ഓർഡിനേഷൻ കഴിഞ്ഞ് സ്വകാര്യമായി വിളിച്ച് ഒരു ഗിഫ്റ്റ് Benefactor തന്നതാണെന്നും ഒരു കാസായും പീലാസായും വാങ്ങി വി.കുർബാന അർപ്പിച്ച് അതിന്റെ ഫോട്ടോ അച്ചനു നൽകണമെന്നും പറഞ്ഞ് ഏൽപ്പിച്ചത് നന്ദിയോടെ സ്മരിക്കുന്നു.

ബഹു. അച്ചന്റെ കാലത്താണ് എത്യോപ്യൻ മിഷ്യന്റെ ആലോചന വന്നത്. മിഷ്യൻ നന്മയ്ക്കും വളർച്ചയ്ക്കുംവേണ്ടി പ്രാർത്ഥിക്കുകയും ഞങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്ന ജോർജ് തോമസ് അച്ചൻ... എത്യോപ്യൻ മിഷ്യൻ സന്ദർശിക്കണമെന്ന ആഗ്രഹം ബാക്കിവെച്ച് നിത്യസമ്മാനത്തിനായി പോയി...

കൃത്യസമയത്ത് ഭക്ഷണം നൽകാൻ നിയോഗിക്കപ്പെട്ട വിവേകിയായ ഭൃത്യൻ... ഏറ്റവും വിശ്വസ്തതയോടെ എല്ലാ പ്രതിസന്ധികളിലും സൗമ്യനായി തന്റെ ശുശ്രൂഷ നിർവഹിച്ച് കടന്നുപോയി..

ശ്രേഷ്ഠാചാര്യ, സമാധാനത്തോടെ പോവുക... ഞങ്ങൾക്കുവേണ്ടി നിരന്തരം പ്രാർത്ഥിക്കണേ...

www.malankaralibrary.com

# ഒരു കെടാവിളക്ക്

**സിസ്റ്റർ മേരി ഷൈനി**
ഹോളി സ്പിരിറ്റ് സിസ്റ്റേഴ്സ്

"ഞാൻ ബലിയായി അർപ്പിക്കപ്പെടേണ്ട സമയം ആസന്നമായിരിക്കുന്നു. എന്റെ വേർപാടിന്റെ സമയം സമാഗതമായി. ഞാൻ നന്നായി പൊരുതി എന്റെ ഓട്ടം പൂർത്തിയാക്കി വിശ്വാസം കാത്തു. എനിക്കായി നീതിയുടെ കിരീടം ഒരുക്കിയിരിക്കുന്നു. നീതിപൂർവ്വം വിധിക്കുന്ന കർത്താവ് ആ ദിവസം അത് എനിക്ക് സമ്മാനിക്കും; എനിക്ക് മാത്രമല്ല അവന്റെ ആഗമനത്തെ സ്നേഹപൂർവ്വം ഉറ്റുനോക്കികൊണ്ടിരിക്കുന്ന എല്ലാവർക്കും" (2 തെസ്സ 4:6-8).

ബഥനി സമൂഹത്തിന്റെ ഒരു വലിയ മുതൽക്കൂട്ടായി നിന്ന് ബൗദ്ധികവും ആത്മീയവുമായ കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധപതിപ്പിച്ച് ബഹു. ജോർജ് തോമസ് അച്ചൻ തന്റെ ഓട്ടം പരിപൂർണ്ണതയിൽ പൂർത്തിയാക്കി ജീവന്റെ കിരീടത്തിനായി അയച്ചവന്റെ പക്കലേക്ക് യാത്രയായി. ഈ ലോകജീവിതം വെടിഞ്ഞ് സ്വർഗത്തിൽ ദൈവസന്നിധിയിൽ ഒരു കെടാവിളക്കായി ഇന്നും ജീവിക്കുന്നു. ദൈവ ശുശ്രൂഷയ്ക്കായി സ്വജീവിതം മാറ്റിവെച്ച് സഭയ്ക്കും ദൈവജനത്തിനും വേണ്ടി ആത്മാർപ്പണം ചെയ്ത വന്ദ്യപുരോഹിതൻ തന്റെ ജീവിതത്തിൽനിന്നും വേർപിരിഞ്ഞ് നമ്മെ തീരാദുഃഖത്തിലാഴ്ത്തി കടന്നുപോയിരിക്കുന്നുവെങ്കിലും നമ്മുടെ പ്രിയപ്പെട്ട ജോർജ് തോമസ് അച്ചൻ ഇന്നും നമ്മുടെ ഹൃദയത്തിൽ മായാതെ നിൽക്കുന്നു.

അച്ചനെക്കുറിച്ച് പറയുമ്പോൾ സന്യാസ ജീവിതത്തിന്റെ ശ്രേഷ്ഠത ഏറെ അനുഭവിക്കാൻസാധിക്കുന്ന ഒരുജീവിതമായിരുന്നു. ശാന്തമായി ഒഴുകുന്ന ഒരു നദിയായി അച്ചന്റെ ജീവിതത്തെവിശേഷിപ്പിക്കാൻ സാധിക്കും. ഒരു പുരോഹിതന്റെ ഉത്തമമായ ഒരു ഗുണമാണ് മറ്റുള്ളവരെ കേൾക്കുകയെന്നത്. ഞാൻ ശാന്തശീലനും വിനീതഹൃദയനും ആകയാൽ എന്റെ നുകം വഹിക്കുകയും എന്നിൽ നിന്ന് പഠിക്കുകയും ചെയ്യുവിൻ. (വി.മത്തായി 11:29) എന്ന യേശുവിന്റെ വാക്കുകൾ സ്വന്തം ജീവിതത്തിൽ പ്രാവർത്തികമാക്കിയ പ്രിയപ്പെട്ട അച്ചൻ എന്നും എല്ലാവർക്കും മാതൃക തന്നെയാണ്. സന്ന്യാസാർത്ഥിനികളുടെ ഫോർമേറ്റർ എന്ന നിലയിൽ അച്ചനുമായി കൂടുതൽ കാര്യങ്ങൾ ചർച്ച ചെയ്യുവാനും അറിവുകൾ പങ്കുവെയ്ക്കുവാനും ബന്ധപ്പെടുവാനും സ്നേഹം അനുഭവിക്കുവാനും പങ്കുവെക്കുവാനും സാധിച്ചതിൽ ഞാൻ അഭിമാനം കൊള്ളുന്നു. ദൈവത്തിന് നന്ദിപറയുന്നു. അച്ചനെപ്പറ്റി എന്റെ മനസ്സിലേക്ക് കടന്നുവരുന്ന ചിന്ത 'ഫാദർ' എന്ന വാക്കിന്റെ അക്ഷരം വിപുലീകരിച്ചു കാണുമ്പോൾ ചില അർത്ഥങ്ങൾ നമ്മുടെ മനസ്സിലേക്ക് കടന്നു വരുന്നതാണ്. നല്ല പിതാവ്, ഉത്തമ സുഹൃത്ത്, ഏറ്റവും വിശ്വസ്തനായ വ്യക്തി, ക്ഷമിക്കുന്നവൻ, ഉപദേഷ്ടാവ്, നല്ല അദ്ധ്യാപകൻ, ആദരണീയൻ, സഹായി, വിനീതൻ, അദ്ധ്വാനശീലൻ, എല്ലാവർക്കും പ്രോത്സാഹനം കൊടുക്കുന്നവൻ, ബഹുമാന്യൻ, ഉത്തരവാദിത്വബോധമുള്ളവൻ എന്നിങ്ങനെ നീണ്ട നിരകൾ നമുക്ക് കാണാൻ സാധിക്കും.

www.malankaralibrary.com

കുർബാനയിൽ അധിഷ്ഠിതമായ ജീവിതം നയിച്ച് കുർബാനയായി മാറി വചനം മാംസം ധരിച്ച യേശുവിനെ വചനപ്രഭാഷണത്തിലൂടെ പ്രഘോഷിച്ചുകൊണ്ടും ആ ചൈതന്യത്തിലൂടെ ലോകമെമ്പാടും തനിക്ക് എത്തിച്ചേരുവാൻ കഴിഞ്ഞ ഇടങ്ങളിലെല്ലാം ദൈവജനതയെ വളർത്തിയ അച്ചൻ. ദൈവത്തിനുവേണ്ടി ആത്മാക്കളെ നേടാനുള്ള ആഗ്രഹത്താൽ ജപമാല കയ്യിലേന്തി ഞങ്ങൾക്ക് ഓരോരുത്തർക്കും വേണ്ടി പ്രാർത്ഥിച്ചവൻ, ബലിപീഠത്തിൽ സ്വയം ബലിയായി തീർന്നു വചനം പകർന്നവൻ, കുമ്പസാരക്കൂടിനെ ദൈവ മനുഷ്യസമാഗമനത്തിന്റെ ഇടമാക്കിയവൻ, ഉത്തമ സന്യാസി, സ്വന്തം ജീവിതാനുഭവം പങ്കുവെച്ചും, സംശയങ്ങൾ തീർത്തും, പാഠങ്ങൾ പല പ്രാവശ്യം ആവർത്തിച്ചും, തമാശകളിലൂടെയും അറിവു പകർന്നവൻ ഇല്ലാതാകുമ്പോൾ ഉള്ള വേദന ഇപ്പോഴും മനസ്സിൽ തങ്ങിനിൽക്കുന്നു.വിശുദ്ധവും വിദഗ്ധവുമായ നേതൃത്വ പാടവം, നിഷ്ഠയുള്ള ജീവിതശൈലി, സ്നേഹം നിറഞ്ഞ ഹൃദയം, കഠിനാദ്ധ്വാനം, വിശ്വാസികൾക്ക് ഉത്തമ മാതൃകയായ ജീവിത വിശുദ്ധി, പ്രാർത്ഥനയുടെ ഉടമ, പ്രവർത്തന നിരതൻ, ധൈര്യശാലി, നല്ല നേതാവ്, ത്യാഗോജ്വലൻ, അറിവുള്ളവൻ, ജ്ഞാനമുള്ളവൻ, അനുകരിക്കാൻ പറ്റിയവൻ, അടുത്തിടപഴകാൻ പറ്റിയവൻ, സൗമ്യൻ, എളിമ എന്ന പുണ്യത്താൽ നിറഞ്ഞവൻ, അശരണർക്ക് ആലംബമായവൻ, എന്നിങ്ങനെ അച്ചനെ പറ്റിയുള്ള വിവരണം ഒരിക്കലും അവസാനിക്കുന്നില്ല. സൗമ്യത അച്ചന്റെ മുഖമുദ്രയായിരുന്നു. നടപ്പിലും ഇരുപ്പിലും സംസാരത്തിലും അത് പാലിച്ചിരുന്നു. അനന്തതയിലേക്ക് തുറന്നിട്ട വാതിൽ പോലെ തന്നെ സമീപിക്കുന്ന ഏതു മനുഷ്യനും ദൈവീകതയുടെ സ്പർശനം അനുഭവിച്ചറിയാൻ കഴിയുന്ന ജീവിതവിശുദ്ധി അച്ചനിൽ ഉണ്ടായിരുന്നു. ആ ഹൃദയത്തിൽ നിറഞ്ഞു നിന്നിരുന്ന നന്മയുടെ പ്രകാശം അന്ധകാരം വ്യാപിച്ച പല ജീവിതങ്ങൾക്കും വെളിച്ചത്തിന്റെ സുവിശേഷം ആയി മാറി.

കൊറോണ സമയത്തുപോലും സാമൂഹ്യ അകലം പാലിക്കണം എന്ന നിർദ്ദേശം വിശുദ്ധ കുർബാനയോടുള്ള തീക്ഷ്ണത മൂലം ലംഘിച്ചുകൊണ്ട് വിശുദ്ധ കുർബാന അർപ്പിക്കുവാനായി രാവിലെ അടുക്കള വാതിലിൽകൂടെ കയറിവരുന്നത് എന്റെ ഓർമ്മയിൽ നിൽക്കുന്നു. അച്ചാ, അച്ചന് പിതാവിന്റെ സ്വാതന്ത്ര്യത്തോടെ കടന്നുവരാൻ വേണ്ടി അടുക്കള വാതിൽ എന്നും തുറന്നു കിടപ്പുണ്ട്. ഏത് പ്രതിസന്ധിയിലും വേണ്ട പരിഹാരം നിർദ്ദേശിക്കുകയും ഉപദേശങ്ങൾ തരികയും ചെയ്യാൻ അച്ചന് അസാധാരണമായ ഒരു കഴിവ് തന്നെ ഉണ്ടായിരുന്നു. അച്ചന്റെ ജീവിതം എല്ലാവർക്കും തീർച്ചയായും ഒരു അനുഗ്രഹമായിരുന്നു. അമ്പാട്ടുഭാഗം പള്ളി പണിയുന്ന അവസരത്തിൽ ഊരാക്കുടുക്കിളിൽ അകപ്പെട്ട് ഒരു സാധ്യതയും മുന്നിലില്ലാതെ വിഷമിച്ച് നിരാശനായി നിൽക്കുന്ന അവസരത്തിൽ ദൈവത്തിന്റെ അത്ഭുതകരത്താൽ ഒറ്റ ദിവസം കൊണ്ട് എല്ലാ തടസ്സവും മാറിപ്പോയ സംഭവം അച്ചൻ വിവരിച്ചത് ഞാനോർക്കുന്നു. അച്ചൻ അനേകർക്ക് പ്രശ്നപരിഹാരത്തിന്റെ സുവിശേഷമായി മാറി. ശിഷ്യത്വം സ്വീകരിച്ചവർക്ക് പിതൃവാത്സല്യത്തിന്റെ സുവിശേഷമായി മാറി. പരിശീലനാർഥികളെ സ്വന്തം ഭവനത്തിലും ശുശ്രൂഷ ചെയ്യുന്ന ദേവാലയത്തിലും കൊണ്ടുപോയി പരിചരിച്ച് അവരെ സ്വന്തമാക്കിയിരുന്നു. അച്ചന്റെ, പേര് വിളിച്ചുള്ള സംസാരവും ആ പുഞ്ചിരിയും മാറാതെ മനസ്സിൽ ഇപ്പോഴും നിൽക്കുന്നു.

www.malankaralibrary.com

അച്ചൻ രോഗാവസ്ഥയിലൂടെ കടന്നു പോയപ്പോഴും  ഞാൻ ഒരു രോഗിയാണെന്ന് അറിയിക്കാതെ മറ്റുള്ളവരുടെ കാര്യത്തിൽ ശ്രദ്ധപതിപ്പിച്ച് കുശലാന്വേഷണങ്ങൾ നടത്തുന്നതിലും ശ്രദ്ധാലുവായിരുന്നു. അതുകൊണ്ടുതന്നെ മരണത്തിന്റെ താഴ്‌വരയിലൂടെ കടന്നുപോയപ്പോഴും ജീവിതത്തിന്റെ അവസാന നിമിഷങ്ങളിൽ വരെയും തന്റെ കടമ പൂർണ്ണതയോടെ നിറവേറ്റാൻ അച്ചനുകഴിഞ്ഞു. എങ്ങനെയാണ് ഇങ്ങനെ ഒരാൾക്ക് ഇത്രയേറെ നൈർമല്യത്തോടെ ലളിത ജീവിതം നയിക്കുവാനും ആരെയും വേദനിപ്പിക്കാതെ തമ്പുരാനെ അനുധാവനം ചെയ്യുവാനും, പദവികളുടെ തലയെടുപ്പ് ഇല്ലാതെ നിശബ്ദമായി നടന്നു നീങ്ങുവാനും സ്വന്തമായ നിലപാടുകൾ കൃത്യമായി പക്വതയോടെ അവതരിപ്പിക്കുവാനും സാധിക്കുക എന്ന് ഞാൻ അച്ചന്റെ ജീവിതത്തെ നോക്കി അത്ഭുതപ്പെട്ടിട്ടുണ്ട്. ശാന്തശീലനായ യേശുവിനെ ഹൃദയപൂർവ്വം വരിച്ചവന് അത് സാധ്യമാണെന്ന് അച്ചന്റെ ജീവിതം സാക്ഷ്യപ്പെടുത്തുന്നു.

അച്ചന്റെ ജീവിതം എപ്പോഴും ഒരു കെടാവിളക്കായി ഓർമ്മയിൽ എന്നും ജ്വലിക്കുന്ന യുഗസൂര്യദീപമായി എല്ലാവരുടെയും മനസ്സിൽ തങ്ങിനിൽക്കും എന്നതിൽ സംശയമില്ല. അച്ചന്റെ പേര് ജീവന്റെ പുസ്തകത്തിൽ ഉണ്ട് എന്ന് ഞങ്ങൾക്കറിയാം. സ്വർഗ്ഗത്തിൽ ആയിരിക്കുമ്പോൾ ഞങ്ങളെയും ഓർക്കണമേയെന്ന് അപേക്ഷിക്കുന്നു. ഇനിയും സ്വർഗ്ഗത്തിൽ കണ്ടുമുട്ടുന്നതുവരെ അച്ചന് ഞങ്ങളുടെ പ്രാർത്ഥനാമഞ്ജരികൾ.

www.malankaralibrary.com

# മായാത്ത മന്ദസ്മിതം

ഫാ. ലിബിൻ വർഗീസ് ഒ.ഐ.സി.

നിലപാടുകളുടെ കണിശതകൊണ്ടും മനസിലെ ആർദ്രതകൊണ്ടും ബഥനിയും, സഭാ സമൂഹവും ഹൃദയത്തിൽ ഉൾക്കൊണ്ട ബഹു.ജോർജ് തോമസച്ചൻ കാലമൊഴിഞ്ഞു പോകുമ്പോൾ ആ നഷ്ടം ബഥനിക്കു മാത്രമല്ല വിശ്വാസി സമൂഹത്തിനാകെത്തന്നെയാണ്. എളിയ നിലയിൽ നിന്ന് ജീവിതമാരംഭിച്ച് സന്ന്യാസപൗരോഹിത്യത്തിന്റെ വിവിധ ശുശ്രൂഷമേഖലകളിൽ സേവനമനുഷ്ഠിച്ച ബഹു. അച്ചന്റെ ജീവിതം ബഥനിയുടെ ചരിത്രത്തിൽ എന്നും ഇടംപിടിക്കുന്നതും പച്ചപിടിച്ചു നിൽക്കുന്നതുമാണ്. ജീവിതം ഏറെ കണ്ട, അറിഞ്ഞ, അനുഭവിച്ച ഒരു സന്ന്യാസിയുടെ വിയോഗമാണിത്.

പൗരോഹിത്യത്തിനൊപ്പം പാണ്ഡിത്യവും ചേർത്തുവയ്ക്കുന്ന ഈ കാലത്ത് അദ്ദേഹം ബഥനിയ്ക്ക് നൽകിയ നേതൃത്വവും ദിശാബോധവും കൈവരിച്ച നേട്ടങ്ങളും വിസ്മയാദരങ്ങളോടെയേ കണ്ടുനിൽക്കാനാവു. ആഴത്തിലുള്ള സന്ന്യാസനിഷ്ഠയും പ്രാർത്ഥനയും ബഥനിയെ നയിക്കുവാൻ ഒരു വ്യാഴവട്ടക്കാലം അദ്ദേഹം കൈമുതലാക്കിയ ജീവിതവും അനുഭവങ്ങളുമായിരുന്നു അദ്ദേഹത്തിന്റെ പാഠശാല. വായിച്ചറിഞ്ഞ വിജ്ഞാനത്തക്കാൾ പ്രായോഗിക ജ്ഞാനമായിരുന്നു അദ്ദേഹം കൂടുതലായും പ്രയോജനപ്പെടുത്തിയത്. ജീവിതപാഠങ്ങൾ അദ്ദേഹം സഹോദരങ്ങൾക്ക് പറഞ്ഞുകൊടുത്തു.

ത്യാഗത്തിന്റെയും സമർപ്പണത്തിന്റേതുമായിരുന്നു. ആ ജീവിതം പരിചയപ്പെടുന്ന എല്ലാവരോടും ആർദ്രമായി സംസാരിക്കുകയും കർക്കശമാവേണ്ടിടത്തു കർക്കശമാക്കുകയും ചെയ്യുന്നതായിരുന്നു അദ്ദേഹത്തിന്റെ ശൈലി. അദ്ദേഹത്തിന്റെ ജീവിതവും സന്ദേശവും ഒരു തലമുറയ്ക്ക് പാഠപുസ്തകമായി മാറിയിരിക്കുന്നു. വിശ്വാസികളോടും സഭയോടും ഏറെ അടുത്തു പെരുമാറുകയും എപ്പോഴും അവർക്കൊപ്പം നടക്കുകയും ചെയ്ത സന്ന്യാസ ജീവിത ശൈലിയ്ക്കുടമയായിരുന്നു അദ്ദേഹം.

ദൈവികവും ധാർമ്മികവും മാനുഷികവും മാറിയ മൂല്യങ്ങളെ മുറുകെപിടിച്ച് എങ്ങനെയെന്ന് സന്ന്യാസജീവിതം സ്തുത്യർഹമാംവിധം നടത്തിയെന്നതിന്റെ ഓർമകൾ വരുംതലമുറകൾക്ക് ബഹു. അച്ചനിലൂടെ തെളിഞ്ഞു നിൽക്കും. ബഥനിയിലെ നിറസാന്നിധ്യമായിരിക്കുന്ന ജോർജ് തോമസച്ചൻ മായാത്ത മന്ദസ്മിതമായി സ്വർഗ്ഗീയ ഭവനത്തിൽ ആയിരിക്കുന്നു. അദ്ദേഹത്തിന്റെ വിയോഗം മനസുകൊണ്ട് പലപ്പോഴും ഉൾക്കൊള്ളാൻ സാധിക്കുന്നില്ലെങ്കിലും ബഥനിയുടെ സൗഭാഗ്യമായി, ഓർമകളുടെ കൊടുമുടയിൽ ആ ആത്മാവ് നിത്യം വസിക്കട്ടെ. പ്രാർത്ഥനയോടെ ഓർമ്മകൾക്കു മുമ്പിൽ പ്രണാമം.

www.malankaralibrary.com

# മാഞ്ഞുപോകാത്ത മധുരമുള്ള രുചി

**ബ്രദർ ജിജിൻ കുര്യാക്കോസ് കണ്ണാംപിള്ളി ഒ.ഐ.സി.**

ആശ്രമത്തിൽ ചേർന്ന വർഷം ബഹുമാനപ്പെട്ട മരിയദാസ് അച്ചൻ പഠിപ്പിച്ച ഒ.എൻ.വി കുറുപ്പിന്റെ 'ഉപ്പ്' എന്ന കവിത ഓർത്തുപോവുകയാണ്...

"പ്ലാവില കോട്ടിയ കുമ്പിളിൽ
തുമ്പതൻ പൂവുപോലിത്തിരി ഉപ്പു തരിയെടുത്ത്
ആവിപാറുന്ന പൊടിയരി കഞ്ഞിയിൽ തൂവി
പതുക്കെ പറയുന്നു മുത്തശ്ശി

ഉപ്പു ചേർത്താലെ രുചിയുള്ളൂ
കഞ്ഞിയിലുപ്പുതരി വീണലിഞ്ഞ്
മറഞ്ഞുപോംമട്ടിലെന്നുണ്ണി
നിൻ മുത്തശ്ശിയും നിന്ന നിൽപ്പിൽ
ഒരുനാൾ മറഞ്ഞു പോം
എങ്കിലും എന്നിലെയുപ്പായിരിയ്ക്കുമീ മുത്തശ്ശിയെന്നും
എൻ ഉണ്ണിയെ വിട്ടെങ്ങു പോകുവാൻ.."

ഈ കവിതയുടെ വരികളിൽ ഒളിഞ്ഞിരിക്കുന്ന ജീവിതത്തിന്റെ മഹത്തായ ഒരു സത്യമുണ്ട്.

നാമോരോരുത്തരുടെയും ജീവിതത്തിൽ നമ്മെ വഴി കാട്ടിയവർ, വഴിയായി കൂടെ നിന്നവർ, വഴിയായി മാറിയവർ... ഒരുനാൾ നമ്മിൽ നിന്ന് വിട പറഞ്ഞ് അകലുമ്പോൾ അവർ തന്നിട്ട് പോകുന്ന അവരുടെ ജീവിതത്തിന്റെ സ്വാദ് അഥവാ സത്ത്, എന്നും മറഞ്ഞിരിക്കുന്ന രുചിപോലെ അവരുടെ സാന്നിധ്യം നമ്മുടെ ഉള്ളിൽ എന്നും അവശേഷിക്കുന്നു.

ആശ്രമ ജീവിതത്തിലെ ആദ്യകാലങ്ങളിൽ, സന്ന്യാസം ജീവിതത്തിന്റെ സ്വാദ്, അതിന്റെ യഥാർത്ഥ സത്ത് ഒട്ടും തന്നെ രുചി കുറയാതെ തന്നൊരാൾ തന്നെയായിരുന്നു ബഹുമാനപ്പെട്ട ജോർജ് തോമസ് കല്ലുങ്കൽ അച്ചൻ. ഇന്ന് അച്ചന്റെ വേർപാട്, നമ്മുടെ സന്ന്യാസ സമൂഹത്തിനും സഭയ്ക്കും വളരെ വലിയൊരു നഷ്ടം തന്നെയാണ്. പക്ഷേ കവിത നമ്മെ ഓർമിപ്പിക്കുന്ന ഒന്നുണ്ട് "എന്നിലെയുപ്പായിരിക്കും..." അച്ചന്റെ ഉപദേശങ്ങളും, സ്നേഹ സാക്ഷ്യവും, ലാളിത്യ ജീവിതവും, കരുണയും, നമ്മിൽ നിന്നൊരിക്കലും മാഞ്ഞുപോകില്ല. അത് നാം ഓരോരുത്തരിലും അലിഞ്ഞു ചേർന്നിട്ടുണ്ട്.

ജോർജ് തോമസ് അച്ചാ, അച്ചൻ ഞങ്ങളെ വിട്ടുപോയെങ്കിലും, ഒരിക്കലും മായ്ച്ചു കളയാൻ കഴിയാത്ത ചില രുചികളും സ്നേഹത്തിന്റെ സ്വാദുകളും ഞങ്ങളുടെ ഹൃദയത്തിൽ ഇപ്പോഴും ഉണ്ട്..

അച്ചൻ പഠിപ്പിച്ചതിൽ അറിവിന്റെ സ്വാദ് ഉണ്ടായിരുന്നു.

അച്ചന്റെ സന്ന്യാസ ജീവിതത്തിൽ ഞങ്ങൾ കണ്ടത് സ്നേഹത്തിന്റെ സ്വാദ് ആയിരുന്നു.

www.malankaralibrary.com

അച്ചന്റെ ദൈനംദിന പ്രാർത്ഥനയിൽ നിന്ന് ഞങ്ങൾ ഏറ്റുവാങ്ങിയത് വിശ്വാസത്തിന്റെ സ്വാദ് മാത്രമായിരുന്നു.

അച്ചന്റെ കരുണയിൽ അനുഭവിച്ചത് ലാളിത്യത്തിന്റെ സ്വാദ് ആയിരുന്നു.

അനേക ജീവിതങ്ങളെ മധുരമുള്ളതാക്കിയ ഒരു മഹാ ജീവിതം.. എത്ര പറഞ്ഞാലും എഴുതിയാലും മതിവരാത്ത അത്രയും ഓർമ്മകൾ..

നടന്നുപോയ വഴികളൊക്കെയും പ്രത്യാശയുടെ പ്രകാശം വിതറിയും പ്രതീക്ഷയുടെ സ്വാദുകൊണ്ട് അനേകം ഹൃദയങ്ങളെ കരുത്തുറ്റതാക്കിയും, ബഥനിയുടെ ലാളിത്യഭാവം എന്താണെന്ന് ജീവിച്ചു കാണിച്ച്, ചുറ്റുമുള്ളവർക്ക് മാതൃകയായി, തണലായി, കടലോളം സ്നേഹം കൊടുക്കുന്ന പകരം വയ്ക്കാൻ കഴിയാത്ത ഒരു സന്ന്യാസ പുരോഹിതനായിരുന്നു ബഹുമാനപ്പെട്ട ജോർജ് തോമസ് കല്ലുങ്കൽ അച്ചൻ.

എല്ലാം പൂർത്തിയായി എന്ന് ശാന്ത ഗംഭീരമായി പ്രഖ്യാപിച്ച് മരണം വരിച്ചത് മനുഷ്യചരിത്രത്തിൽ ക്രിസ്തു മാത്രമേ ഉള്ളൂ എന്നാണ് ഞാൻ കരുതിയത്... പക്ഷേ ജോർജ് തോമസ് അച്ചന്റെ മരണം എന്റെ ആ ചിന്തയെ മാറ്റി കുറച്ചു. സംതൃപ്തിയോടെ വിടവാങ്ങിയ ദാർശനിക ജീവിതത്തിന്റെ നേർസാക്ഷ്യം തന്നെയായിരുന്നു ബഹുമാനപ്പെട്ട ജോർജ് തോമസ് അച്ചന്റേത്. തന്റെ സന്ന്യാസ ജീവിതംകൊണ്ട് വളർത്തിയെടുത്ത ദൈവാനുഭവങ്ങളാണ് ഞങ്ങൾ കണ്ടതും ചുറ്റുമുള്ളവർക്ക് കൊടുത്തതും പരാതികളോ, പരിഭവങ്ങളോ ഇല്ലാതെ പൂർണ്ണമായും സഫലമായ ഒരു ക്രിസ്തുകേന്ദ്രീകൃത ജീവിതം.

പ്രിയ ജോർജ് തോമസ് അച്ചാ...,

അച്ചന്റെ വേർപാട് ബഥനി സന്ന്യാസ സമൂഹത്തിന് നികത്താൻ ആകാത്ത ഒരു വിടവ് തന്നെയാണ്. അച്ചന്റെ സന്ന്യാസ ജീവിതം കണ്ടുകൊണ്ടാണ് ഞാൻ ദൈവത്തിനു വേണ്ടി ജീവിക്കേണ്ട സമർപ്പിത വഴികളെ കൂടുതൽ ആഴത്തിൽ തിരിച്ചറിഞ്ഞതും, നടന്നതും...

അച്ചന്റെ ലാളിത്യവും, ആത്മാർത്ഥമായ സേവനവും, ലളിതമായ പുഞ്ചിരിയും... മനസ്സിൽ നിന്നും മായുന്നില്ല.

അച്ചനെ പറ്റിയുള്ള ഓർമ്മകളും, പറഞ്ഞുതന്ന പാഠങ്ങളും, ആത്മീയ പ്രചോദനങ്ങളും, മാതൃകയും, ലാളിത്യവും, വിശുദ്ധയും നിറഞ്ഞ ജീവിതവും എല്ലാം ബഥനിയിലെ ഇളം തലമുറയിൽ പെട്ട ഞങ്ങളുടെ ഹൃദയങ്ങളിൽ എന്നും രുചിയായി മാഞ്ഞു പോകാത്ത സ്വാദായി എന്നും നിലനിൽക്കുന്ന സത്തായി ജീവിച്ചുകൊണ്ടേയിരിക്കും...

അല്ല... ജ്വലിച്ചുകൊണ്ടിരിക്കും...

ലാളിത്യത്തിന്റെ തീജ്വാലയായ ജോർജ് തോമസ് അച്ചാ,

സമാധാനത്തോടെ പോവുക...

www.malankaralibrary.com

# ദേവാലയം നൽകി കടന്നുപോയ ആചാര്യൻ

**ഷെറി തോമസ്, അമ്പാട്ടുഭാഗം**

അമ്പാട്ടുഭാഗം ഇടവകയുടെ വികാരിയാരിരുന്ന ബഹു.ജോർജ് തോമസ് കല്ലുങ്കലച്ചനെപ്പറ്റി ഓർക്കുമ്പോൾ കഴിഞ്ഞ ആറുവർഷക്കാലം അച്ചൻ ഇടവകയിൽവന്ന് ചാർജ് എടുത്തപ്പോൾ മുതൽ അവസാനം ഇടവകയിൽ വന്ന് കുർബാന അർപ്പിച്ച ദിനംവരെയും ഞങ്ങൾക്കു മറക്കുവാൻ സാധിക്കുകയില്ല. ബഹു. അച്ചൻ 2019 ഫെബ്രുവരി മാസം 10-ാം തീയതി ഇടവകയുടെ ചാർജ് ഏറ്റെടുത്തു. പുതിയ ദേവാലയത്തിനായി നാളുകളായി ഇടവകജനങ്ങൾ ആഗ്രഹിച്ച് കാത്തിരിക്കുന്ന അവസരത്തിലാണ് ബഹു. ജോർജ് തോമസ് അച്ചൻ ഇടവകയിലേക്ക് വികാരിയായി കടന്നുവന്നത്. അച്ചൻ വന്ന ഏതാനും മാസങ്ങൾ കഴിഞ്ഞപ്പോൾ ഇടവകയെപ്പറ്റിയും അവിടുത്തെ ജനത്തെപ്പറ്റിയും അവരുടെ ആവശ്യത്തെപ്പറ്റിയും പഠിക്കുകയും ചിന്തിക്കുകയും ചെയ്തശേഷം വളരെയധികം പ്രാർത്ഥനയോടുകൂടി ദേവാലയനിർമാണത്തിന് ആവശ്യമായ നടപടികൾ ആരംഭിച്ചു. ഇടവകയുടെ സാമ്പത്തികസ്ഥിതയനുസരിച്ച് അതിനു പറ്റുന്നതായ ഒരുകൊച്ചു മനോഹരമായ ദേവാലയം പണിയുവാൻ തീരുമാനിക്കുകയും അതിൻപ്രകാരം അതിനുവേണ്ടതായ ഗവൺമെന്റ് അംഗീകാരം എടുക്കുന്നതിനുള്ള നടപടികളും ആരംഭിച്ചു. അനുവാദം കിട്ടുവാൻ വളരെയധികം കടമ്പകൾ കടക്കേണ്ടതായി വന്നു. പലപ്പോഴും നിരാശപ്പെടേണ്ടതായ സാഹചര്യങ്ങൾ വന്നുചേരുകയും തൽക്കാലം നിർമാണം ഇപ്പോൾ നടത്തുവാൻ സാധിക്കുകയില്ല എന്ന തീരുമാനത്തിലേക്ക് എത്തിച്ചേരുന്ന സാഹചര്യങ്ങൾ വന്നപ്പോഴും ബഹു. അച്ചൻ ശാന്തതയോടെ പ്രാർത്ഥനയിൽ അടിയുറച്ച് പേപ്പറുകൾ സമർപ്പിച്ച് അനുവാദം നേടിയെടുത്തു.

പള്ളികളുടെ പണികൾ ആരംഭിക്കണമെങ്കിൽ മറ്റൊരു കടമ്പയും കടക്കേണ്ടത് ആവശ്യമായിരുന്നു. പല തട്ടുകളിലായിരുന്ന മണ്ണ് ഒരേ ലെവലിൽ എത്തിക്കേണ്ടതിന് ജിയോളജി ഡിപ്പാർട്ടുമെന്റിൽനിന്ന് മണ്ണെടുക്കുന്നതിന് ആവശ്യമായ പാസ് ലഭ്യമാക്കണമായിരുന്നു. അവിടെയും വളരെയേറെ ബുദ്ധിമുട്ടുകൾ അച്ചൻ അനുഭവിക്കേണ്ടതായിവന്നു. അവസാനം അച്ചൻ തന്നെ ജിയോളജി വകുപ്പിൽ പല തവണകളിലായി കയറിയിറങ്ങി മണ്ണെടുക്കുന്നതിനുള്ള പാസ് എടുത്ത് ഞങ്ങൾ ഉദ്ദേശിച്ച രീതിയിൽ മണ്ണെടുത്ത് മാറ്റി പണികൾ ആരംഭിച്ചു. അച്ചന്റെ നിരന്തരമായ പ്രാർത്ഥനയുടെയും പരിശ്രമത്തിന്റെയും ഫലമായി ഈ ഉദ്യമം വിജയിപ്പിച്ചെടുക്കുവാൻ സാധിച്ചു.

തുടർന്ന് 2021 ഡിസംബർ 5-ന് അഭിവന്ദ്യ കൂറിലോസ് പിതാവിന്റെ മുഖ്യകാർമികത്വത്തിൽ അമ്പാട്ടുഭാഗം ദേവാലയത്തിന്റെ കല്ലിടീൽ കർമ്മം നടത്തുകയും പണികൾ ആരംഭിക്കുകയും ചെയ്തു. പണികൾ മുമ്പോട്ടു പോകുന്നതനുസരിച്ച് സാമ്പത്തിക ക്രമീകരണങ്ങൾ കണ്ടെത്തുന്നതിനും മറ്റും അഹോരാത്രം അച്ചൻ പ്രവർത്തിക്കുകയും ഒരു പണിപോലും ഉദ്ദേശിച്ച രീതിയിൽ നിന്നോ, ഭംഗിയിൽ നിന്നോ മാറിപ്പോകാതെ സഭയുടെ പൈതൃകങ്ങളും പാരമ്പര്യങ്ങളും നിലനിർത്തിതന്നെ മുമ്പോട്ടുപോകുന്നതിന് അച്ചൻ നിരന്തരം പ്രയത്നിച്ചുകൊണ്ടിരുന്നു. ഏതാണ്ട് മൂന്നുവർഷക്കാലംകൊണ്ട് പള്ളിയുടെ പണികൾ അതിമനോഹരമായിതന്നെ പൂർത്തീകരിച്ച് 2025 മേയ് മാസം 3-ാം തീയതി അഭിവന്ദ്യ കൂറിലോസ്

www.malankaralibrary.com

പിതാവിന്റെ മുഖ്യകാർമികത്വത്തിലും മറ്റു പിതാക്കന്മാരുടെയും വൈദികരുടെയും സാന്നിധ്യത്തിലും കൂദാശ നടത്തുകയും ചെയ്തു. അച്ചന്റെ ജൂബിലിയുടെ നിറവിൽ അതിന്റെയൊരു സ്മാരകം എന്ന നിലയിൽ പുതിയ ദേവാലയത്തെ കാണുവാൻ സാധിച്ചു.

അച്ചന്റെ ക്ഷമയോടെയുള്ള പ്രവർത്തനം, എടുക്കുന്ന തീരുമാനങ്ങൾ ദൃഢനിശ്ചയത്തോടും ആലോചനയോടുംകൂടി ഇടവകയുടെ ഓരോ പണികളും പൂർത്തീകരിക്കുവാൻ അച്ചന് സാധിച്ചു എന്നുള്ളതിന് ഞങ്ങൾ വിസ്മരിക്കുവാൻ സാധിക്കുന്നതല്ല. കഴിഞ്ഞ ആറുവർഷക്കാലം അച്ചൻ ഇടവകയുടെ ഓരോ കുടുംബങ്ങളോടും ഒപ്പം ഇറങ്ങി ജീവിക്കുകയും ഇടവകയിലെ കൊച്ചുകുഞ്ഞുങ്ങൾ മുതൽ പ്രായമായവർ വരെയുള്ളവരുടെ ആത്മീയവും ഭൗതികവുമായ ഏതൊരു ആവശ്യത്തിനും ഏതു സമയത്തും അച്ചൻ കൂടെയുണ്ടായിരുന്നു. ഏതൊരാളെയും കൂടെ നിർത്തി അവരുടെ പ്രശ്നങ്ങൾ കേൾക്കുന്നതിനും അത് പരിഹരിക്കുന്നതിനും അച്ചൻ എന്നും തയ്യാറായിരുന്നു.

സഭയും താൻ ഉൾക്കൊള്ളുന്നതുമായ സമൂഹവും എന്താണ് ആഗ്രഹിക്കുന്നത് ആ ആഗ്രഹങ്ങൾക്ക് ഒരു കോട്ടവും സംഭവിക്കാതെ പൂർണമായി ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് തന്നെ ഏല്പിച്ചിരിക്കുന്നതായ ഉത്തരവാദിത്വങ്ങൾ വളരെ കൃത്യമായും പരിപൂർണമായും ചെയ്യുന്നതിന് അച്ചൻ എപ്പോഴും ശ്രമിച്ചിരുന്നു എന്നത് അച്ചന്റെ പ്രവർത്തനശൈലിയിൽ നിന്നും മനസിലാക്കാം. അച്ചനെ കുറിച്ച് ഓർക്കുമ്പോൾ എടുത്തുപറയേണ്ടതായ കാര്യം ഓരോ വ്യക്തിയെയും അച്ചൻ പ്രത്യേകം കരുതിയിരുന്നു എന്നുള്ളതാണ്.

അച്ചന്റെ ജീവിതം തന്നെയായിരുന്നു അച്ചന്റെ സന്ദേശം. അതിന് സഭയ്ക്കുവേണ്ടിയും തന്റെ സന്ന്യാസ സമൂഹത്തിനും തന്റെ സേവനം എങ്ങനെയൊക്കെ നൽകിയിട്ടുണ്ടോ അതെല്ലാം നൂറുശതമാനം ശരി വയ്ക്കുന്നതിന് അച്ചൻ പ്രവർത്തിച്ചിട്ടുണ്ട്. അച്ചന്റെ വിയോഗം ആദ്യം കേട്ടപ്പോൾ ഞങ്ങൾക്ക് ഉൾക്കൊള്ളുവാൻ സാധിച്ചില്ല. അച്ചൻ നമ്മെ വിട്ട് ഈ ലോകത്തുനിന്നും മൺമറഞ്ഞെങ്കിലും അച്ചൻ നമുക്കായി നൽകിയിരിക്കുന്ന ജീവിതസന്ദേശങ്ങൾ, പ്രവർത്തനങ്ങൾ ഒന്നുംതന്നെ മാഞ്ഞുപോകുകയില്ല. അച്ചൻ ഞങ്ങൾക്ക് നൽകിയ എല്ലാ ശുശ്രൂഷകൾക്കും സേവനങ്ങൾക്കും അമ്പാട്ടുഭാഗം ഇടവകയെന്നും കടപ്പെട്ടിരിക്കുന്നു.

www.malankaralibrary.com














www.malankaralibrary.com




















